VEDAPRACHARA
MADHYASTHAN
വാല്യം 98
ലക്കം 03
2025 സെപ്റ്റംബർ

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly Price ₹ 25/- Annual Subscription ₹ 300/-



THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY

2025 സെപ്റ്റംബർ

# മെത്രാഭിഷേക രജത ജൂബിലി സമാപനം:
## മാർ ജോർജ് കോച്ചേരി

(14 ഓഗസ്റ്റ് 2025)

**സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി, ചങ്ങനാശ്ശേരി**












‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ’
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 98 ● ലക്കം 03 ● സെപ്റ്റംബർ 2025

**വേദപ്രചാര**

# മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം

# ഉള്ളടക്കം


ഇടയലേഖനം (25 CH. TPL 03): ജൂബിലിവർഷം. ............................. 05

കച്ചേരിക്കാര്യം.......................................................................09

അനുസ്മരണങ്ങൾ: ഫാ. ജോസഫ് കുറിഞ്ഞിപ്പറമ്പിൽ ................11

ഫാ. ജോസഫ് മഠത്തിൽ ............................ 14

സന്ദേശനിലയം....................................................................... 17

ചെറുപുഷ്പ മിഷൻ ലീഗ് ...................................................... 21

ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ..................... 23

ഫാമിലി അപ്പോസ്തലേറ്റ്........................................................25

യുവദീപ്തി – എസ്.എം.വൈ.എം. ........................................... 28

കെ.സി.എസ്.എൽ. ..............................................................30

സീയോൻ ധ്യാനകേന്ദ്രം ..........................................................31

ചാസ്സ്....................................................................................... 32

ചാസ്സ് – ഖാദി ..................................................................... 38

ക്രിസ്സ്..................................................................................... 39

ആതുരശുശ്രൂഷാമേഖല..........................................................40

പ്രവാസി അപ്പോസ്തലേറ്റ് ...................................................... 41

കത്തോലിക്കാ കോൺഗ്രസ്....................................................42

കേരള ലേബർ മൂവുമെന്റ് .....................................................47

ആത്മതാകേന്ദ്രം .....................................................................48

ലീജിയൻ ഓഫ് മേരി.............................................................49

ദളിത് കത്തോലിക്കാ മഹാജനസഭ...........................................50

സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ .......................................52

വിൻസെൻഷ്യൻ വേദി............................................................53

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി..........................................55

അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ......................... 62

ഐക്കൺ വിവരണം.............................................................. 66



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



**ANNUAL SUBSCRIPTION: ₹ 300/-**

25 CH. TPL 03

# ഇടയലേഖനം

**കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ**
**ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായുമായ**
## തോമസ് തറയിൽ
**തന്റെ അതിരൂപതയിലെ വൈദികർക്കും**
**സമർപ്പിതസമൂഹങ്ങൾക്കും**
**ദൈവജനം മുഴുവനുമായി എഴുതുന്നത്**

വന്ദ്യസഹോദരരേ, പ്രിയമക്കളേ

നമ്മുടെ കർത്താവായ ഈശോമ്ശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിവർഷത്തിലാണു നാം. സർവശക്തനായ ദൈവം മനുഷ്യനായി അവതരിച്ചു പാപമൊഴികെ മറ്റെല്ലാ കാര്യങ്ങളിലും നമുക്കു സദൃശ്യനായി നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യാൻ കടന്നുവന്നതോർത്തു കൃതജ്ഞതയോടെ നാം വ്യാപരിക്കുന്ന കാലഘട്ടമാണിത്. മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നം പാപമായതുകൊണ്ടാണ് അവിടുന്നു പാപപരിഹാരാർഥം മനുഷ്യനായി അവതരിച്ചത്. അതുകൊണ്ടുതന്നെ ആത്മാവിന്റെ രക്ഷ അന്വേഷിക്കുന്നവർക്കു മാത്രമേ ബേത്‌ലെഹെമിൽ പിറന്ന രക്ഷകനെ കണ്ടെത്താനാകൂ.

രക്ഷ എന്താണെന്നുപോലും തിരിച്ചറിയാതെ പാപത്തിന്റെ മാർഗത്തിൽ, പശ്ചാത്താപം ലേശമില്ലാതെ അനേകർ ജീവിക്കുന്നു എന്നതാണ് ഈ കാലഘട്ടത്തിന്റെ പ്രതിസന്ധി. സാമ്പത്തികവും ഭൗതികവുമായ പ്രശ്നങ്ങൾക്കുള്ള പരിഹാരമായി മാത്രം ഈശോയെ തേടുന്നവർക്കും അവിടുന്നിൽ യഥാർഥരക്ഷകനെ കണ്ടെത്താൻ കഴിയില്ല. ഈ ജൂബിലിവർഷം രക്ഷകനായ ഈശോയിലേക്കുള്ള തീർഥയാത്രയാക്കാനാണു നാം പരിശ്രമിക്കേണ്ടത്.

ഈശോയുടെ ജനനത്തിന്റെയും ഉത്ഥാനത്തിന്റെയും ജൂബിലികളാണ് 25 വർഷം കൂടുമ്പോൾ നാം ആചരിച്ചുവരുന്നത്. 2000ൽ മനുഷ്യാവതാരത്തിന്റെ മഹാജൂബിലിയാഘോഷിച്ച നാം 2033ൽ ഉത്ഥാന

ത്തിന്റെ മഹാജൂബിലിയാഘോഷിക്കാനുള്ള തയ്യാറെടുപ്പിലാണ്. 2015ൽ ഫ്രാൻസിസ് മാർപാപ്പ കരുണയുടെ അസാധാരണ ജൂബിലി വർഷം പ്രഖ്യാപിച്ചിരുന്നതും ഓർമിക്കണം. മനുഷ്യാവതാരത്തിന്റെ 2025-ാമതു വർഷത്തിൽ നാം ആചരിക്കുന്ന ജൂബിലി 2026 ജനുവരി ആറിനാണു സമാപിക്കുന്നത്. ഈ ജൂബിലിവർഷം പ്രഖ്യാപിച്ച ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് പാപ്പായെ നമുക്കു നന്ദിയോടെ സ്മരിക്കാം.

*'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല; കാരണം നമുക്കു ലഭിച്ചിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു' (റോമാ 5:5)* എന്ന വചനമാണ് ഈ വർഷത്തെ വിചിന്തനവിഷയമായി ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചത്. രാജ്യങ്ങൾ തമ്മിലും സമൂഹങ്ങൾ തമ്മിലും യുദ്ധങ്ങൾ പെരുകുന്ന ഈ കാലത്തു മ്ശിഹാ നൽകുന്ന പ്രത്യാശയിൽ ആശ്രയം കണ്ടെത്താൻ ബുദ്ധിമുട്ടുന്ന അനേകരുണ്ട്. മതത്തിന്റെയും ജാതിയുടെയും പേരിൽ നമ്മുടെ രാജ്യത്തു സംഘർഷങ്ങൾ വർധിച്ചുവരുമ്പോൾ ദൈവം നൽകുന്ന പ്രത്യാശയാണു നമ്മുടെ കരുത്ത്. വെറും 12 പേരിൽ നിന്നും 230 കോടിയിലേക്കു ക്രിസ്ത്യാനികളുടെ എണ്ണം വർധിച്ചെങ്കിൽ 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്നു കരുത്തോടെ പ്രഘോഷിക്കാൻ നമുക്കു കഴിയും. നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം ലോകം നൽകുന്ന വാഗ്ദാനങ്ങളല്ല; പിന്നെയോ, പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്ന ദൈവസ്നേഹമാണ്. ഈ സ്നേഹത്തിൽ അടിയുറച്ചു പരസ്പരം പ്രത്യാശ നൽകുന്നവരായി നമുക്കു മാറാം.

ക്രൈസ്തവമായ പ്രത്യാശയിൽ വളരണമെങ്കിൽ ഈശോയുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടൽ ആവശ്യമാണ്. *'മ്ശിഹായോടുള്ള സ്നേഹത്തിൽനിന്ന് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?' (റോമാ 8:35)* ഒന്നിനും നമ്മുടെ കർത്താവായ ഈശോമ്ശിഹായിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപ്പെടുത്താനാകില്ല എന്നതാണു നമ്മുടെ പ്രത്യാശ. ഈ പ്രത്യാശ നമ്മുടെ വ്യക്തിജീവിതങ്ങളിൽ നിറയ്ക്കാനുള്ള കർമപരിപാടികളായിരുന്നു ഈ ജൂബിലിവർഷത്തിൽ നിർദേശിക്കപ്പെട്ടിരുന്നത്.

ജൂബിലിയുടെ പ്രധാനപ്പെട്ട ലക്ഷ്യം ദൈവത്തോടും സഹോദരങ്ങളോടും പ്രകൃതിയോടുമുള്ള അനുരഞ്ജനമാണ്. പ്രത്യാശയുടെ തീർഥാടകരായി മാറി വേദനകളും ദുരിതങ്ങളുമനുഭവിക്കുന്ന രോഗികളോടും പ്രായമായവരോടും വൈകല്യമുള്ള വ്യക്തികളോടും ദരിദ്രരോടും

ഭവനരഹിതരോടും തടവുകാരോടും പ്രവാസികളോടും അഭയാർഥികളോടും കാരുണ്യത്തിൽ അടിയുറച്ചബന്ധങ്ങൾ സൃഷ്ടിക്കാൻ നമുക്കു സാധിക്കണം. അങ്ങനെയുള്ള സഹോദരങ്ങൾക്കായി നമ്മുടെ അതിരൂപതയിൽ പ്രവർത്തിക്കുന്ന നൂറു കാരുണ്യഭവനങ്ങളെയും ഭവനനിർമാണപദ്ധതികളെയും തടവറപ്രേഷിതത്വത്തെയും പ്രോത്സാഹിപ്പിക്കാൻ നമുക്കു പരിശ്രമിക്കാം.

ജീവിതത്തിലെന്നെങ്കിലും നസറായനായ ഈശോയെ കണ്ടെത്താമെന്ന പ്രത്യാശയോടെ വഴിവക്കിൽ ഭിക്ഷ യാചിക്കുന്ന കുരുടനായ മനുഷ്യൻ ഈശോയിൽനിന്നു സൗഖ്യം പ്രാപിക്കുന്ന വചനഭാഗമാണ് ഇന്നത്തെ സുവിശേഷത്തിൽ നാം ശ്രവിച്ചത്. ശാരീരികമായ അന്ധതയുള്ളപ്പോഴും ആന്തരികമായി കാഴ്ചയുള്ളവനായിരുന്നു അയാൾ. നമ്മുടെ കർത്താവിലുള്ള വിശ്വാസം ഉള്ളിൽനിറച്ച് അയാൾ ഈശോയ്ക്കായി കാത്തിരുന്നു. ഈശോ കർത്താവാണെന്നും രക്ഷകനാണെന്നുമുള്ള വിശ്വാസം നമ്മുടെ മനസുകളെ പ്രത്യാശയുള്ളതാക്കുന്നു; അന്തരംഗത്തെ പ്രകാശമുള്ളതാക്കുന്നു. ഏതെല്ലാം തരത്തിലുള്ള കുറവുകളുണ്ടെങ്കിലും വിശ്വാസത്തിന്റെ നിറവു നമുക്കു നഷ്ടപ്പെടരുത് എന്നു നിർബന്ധമുള്ളതുകൊണ്ടാണു നമ്മുടെ കുഞ്ഞുങ്ങൾക്കു വിശ്വാസപരിശീലനം നൽകേണ്ടതു പ്രധാനപ്പെട്ടതാണെന്നു പറയുന്നത്. ഭൗതികമായി തളരുമ്പോഴും ആന്തരികമായി അവർ ജ്വലിച്ചു നിൽക്കണമല്ലോ. ബാഹ്യനേത്രങ്ങളുടെ അന്ധതയിൽ മനസുമടുക്കാതെ ഈശോയിലുള്ള വിശ്വാസത്തിന്റെ അകക്കണ്ണു തുറന്നു പ്രത്യാശയോടെ കാത്തിരുന്ന അന്ധൻ നമുക്കു മാതൃകയാണ്. ഉള്ളിൽ വിശ്വാസത്തിന്റെ തീക്കനൽ സൂക്ഷിക്കുന്നവന് ഈശോയെ ഏറ്റുപറയാൻ ജനക്കൂട്ടമെന്നല്ല, യാതൊന്നും ഒരു പ്രതിബന്ധമേയല്ല.

ഈശോമ്ശിഹായിലുള്ള വിശ്വാസം സഹോദരങ്ങളിലെ ദൈവസാന്നിധ്യത്തിലേക്കു നമ്മെ നയിക്കുന്നു. കുടുംബങ്ങൾ തമ്മിലുള്ള കൂട്ടായ്മയും സ്നേഹവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സെപ്റ്റംബർ 14 മുതൽ നവംബർ 29 വരെ 'പ്രത്യാശാജ്യോതിപ്രയാണം' ക്രമീകരിച്ചിട്ടുണ്ട്. നമ്മുടെ അതിരൂപതാകുടുംബത്തിലെ 80000 കുടുംബങ്ങളും ഈശോ നൽകുന്ന പ്രത്യാശയിൽ നിറയാൻ ഈ ജ്യോതിപ്രയാണം നിമിത്തമാകണം. ഒക്ടോബർ-നവംബർ മാസങ്ങളിലായി പ്രത്യാശാ സായാഹ്ന കൺവെൻഷനുകൾ നടത്തപ്പെടുന്നതാണ്. ഇടവകകൾ ജൂബിലിചൈതന്യത്തിൽ നിറയാൻ ഈ പരിപാടികൾ ഉപകരിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

ജൂബിലിയുടെ മറ്റൊരു പ്രത്യേകതയാണു തീർഥാടനവും ദണ്ഡ

വിമോചനവും. റോമിലെ നാലു മേജർ ബസിലിക്കകൾ സന്ദർശിച്ചു കൂദാശകൾ സ്വീകരിക്കുന്നവർക്കു പരിശുദ്ധ പിതാവു പൂർണ്ണദണ്ഡ വിമോചനം പ്രഖ്യാപിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ജൂണിൽ റോം സന്ദർശിച്ചപ്പോൾ നിങ്ങളെല്ലാവരെയും മനസിൽ സൂക്ഷിച്ചുകൊണ്ടു ജൂബിലി കവാടം കടക്കാൻ എനിക്കു സാധിച്ച കാര്യം സന്തോഷപൂർവം ഓർക്കുന്നു. എല്ലാവർക്കും ജൂബിലിയുടെ പൂർണ്ണദണ്ഡവിമോചനം സംലഭ്യമാകാൻ ഓരോ രൂപതയിലും തീർഥാടനപ്പള്ളികൾ പ്രഖ്യാപിക്കാൻ രൂപതാധ്യക്ഷന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം പാറേൽ സെന്റ് മേരീസ് പള്ളിയെ നമ്മുടെ അതിരൂപതയുടെ ജൂബിലി തീർഥാടന കേന്ദ്രമായി ഞാൻ പ്രഖ്യാപിക്കുന്നു.

വിശ്വാസത്തോടെ ജൂബിലികവാടത്തിലൂടെ പ്രവേശിക്കുകയും, അനുരഞ്ജനകൂദാശയും പരിശുദ്ധ കുർബാനയും സ്വീകരിക്കുകയും, പരി. മാർപാപ്പായ്ക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്ന വിശ്വാസികൾക്കു പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതാണ്. പാറേൽ പള്ളിയിലേക്കു തീർഥാടനം നടത്താൻ സാധിക്കാത്തവർക്കു തീർഥാടനത്തോട് ആത്മീയമായി ഐക്യപ്പെട്ടുകൊണ്ടും കൂദാശകൾ സ്വീകരിച്ചും പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. ഡിസംബർ 1 മുതൽ 21 വരെ തീർഥാടകർക്കായി പ്രത്യേകസൗകര്യങ്ങൾ പാറേൽ പള്ളിയിൽ ക്രമീകരിക്കുന്നുണ്ട്. പ്രാർഥിച്ചും പരിത്യാഗങ്ങളനുഷ്ഠിച്ചും കഴിയുന്നിടത്തോളം കാൽനടയായി തീർഥാടനം നടത്താൻ നിങ്ങളെല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

വത്സലമക്കളേ,

ഹൃദയപരിവർത്തനത്തിലേക്കും പ്രത്യാശയിലുള്ള വളർച്ചയിലേക്കും നമ്മെ നയിക്കത്തക്കരീതിയിൽ ആത്മീയമായ ഒരുക്കത്തോടെ നമുക്ക് ഈ ജൂബിലിവർഷമാചരിക്കാം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സസ്നേഹം

**✠ തോമസ് തറയിൽ**

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

(കൈത്താക്കാലം അഞ്ചാം ഞായർ)
24.08.2025

---

**NB:** ***2025 സെപ്റ്റംബർ 7 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ പള്ളികളിലും സന്യാസഭവനങ്ങളിലും ഈ ഇടയലേഖനം വായിക്കേണ്ടതാണ്.*




# കച്ചേരിക്കാര്യം

## I

## TRANSFERS & APPOINTMENTS (JUNE-AUGUST 2025)

| Very Rev./ Rev. Fr. | Transferred from | Transferred to |
|---|---|---|
| Anchil Mathew (Jerin) | | Kollam Thoma Sleeha Pally (Vicar) |
| Anchupankil Thomas | | Ithithanam St. Mary's (Parochial Vicar) |
| Chorettu Joseph | Ithithanam St. Mary's | Kurumpanadom St. Antony's F. |
| Chooranolickal Sebastian VC | | Poonthope St. Francis Assisi (Parochial Vicar) |
| Kanjiravelil Thomas | Chaplain: Mother Teresa Home, Alappuzha | Relieved |
| Karikandom Mathew | | Study (Italy) |
| Kombikunnath Vineesh O.Praem | | Nedumkunnam St. John the Baptist F. (Parochial Vicar) |
| Kulathunkal Thomas | | Edathua St. George F. (Associate Pastor) |
| Madathiparampil Mathew | | Chaplain: Mother Teresa Home, Alappuzha |
| Manattu Savio | | Archeparchial Coordinator: Syro-Malabar Public Affairs Commission; Coordinator: *Samudaya Saktheekarana Varsham* |
| Nadackal Mathew | | Joint Director: CARP |
| Narithuruthel Joseph | Thiruvallam-Kovalam Sacred Heart | Pastoral Ministry (Germany) |
| Plaparampil Thomas | Archeparchial Coordinator: Charismatic Movement | Relieved |
| Thanniath Mathew | | Archeparchial Coordinator: Charismatic Movement |
| Velangattusserry Joseph | | Koothrappally St. Mary's (Associate Pastor) |
| Veliyath George | | Pastoral Ministry (Germany) |

# II
## ഓൺഗോയിങ് ഫോർമേഷൻ

വൈദികരുടെ ഈ വർഷത്തെ തുടർപരിശീലനം (ഓൺഗോയിങ് ഫോർമേഷൻ) പൗരോഹിത്യസ്വീകരണവർഷത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു ബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്നു. അതിരൂപതാംഗങ്ങളായ എല്ലാ വൈദികരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

**ബാച്ച്**

2001–2024  14 (ചൊവ്വ) ഒക്ടോബർ 2025

1978–2000  15 (ബുധൻ) ഒക്ടോബർ 2025

**വിഷയങ്ങൾ**

സിനഡാലിറ്റി: ഫാ. തോമസ് വടക്കേൽ

പാസ്റ്ററൽ സ്ട്രെസ്സ് മാനേജുമെന്റ്: ഫാ. സെബാൻ ചെരിപുറത്ത്

**സ്ഥലം:** അതിരൂപതാകേന്ദ്രം, ചങ്ങനാശ്ശേരി

**സമയം:** രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ

# III
## പരിശുദ്ധ കുർബാനനിയോഗം

**2025 ഓഗസ്റ്റ് 10, 26** എന്നീ തീയതികളിൽ അതിരൂപതാകുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ *മഠത്തിൽ ജോസഫ്*, *വയലിൽ തോമസ്* എന്നീ ബഹു. വൈദികരെ നമ്മുടെ പ്രാർഥനയിലോർക്കാം. എല്ലാ വൈദികരും ബഹു. അച്ചന്മാർക്കുവേണ്ടി ഓരോ പരിശുദ്ധ കുർബാന വീതം അർപ്പിക്കേണ്ടതാണ്.

❑

# 'ജനഹൃദയങ്ങളിൽ പള്ളി പണിത'
# കുറിഞ്ഞിപ്പറമ്പിൽ ബഹു. ജോസഫ് അച്ചൻ



1940 ഒക്ടോബർ 15ന് ഇത്തിത്താനം കുറിഞ്ഞിപ്പറമ്പിൽ മാത്യു കുര്യൻ-മറിയാമ്മ ദമ്പതികളുടെ മകനായി ജനിച്ച കുറിഞ്ഞിപ്പറമ്പിൽ ബഹു. ജോസഫ് അച്ചൻ തന്നെക്കുറിച്ചുള്ള ദൈവിക പദ്ധതി മനസിലാക്കി, ദൈവശുശ്രൂഷയ്ക്കായി സ്വയം സമർപ്പിച്ചു.

1967 മാർച്ച് 13നു മാർ മാത്യു കാവുകാട്ടിൽ നിന്നു പൗരോഹിത്യം സ്വീകരിച്ച അച്ചൻ കട്ടപ്പനയിൽനിന്നാരംഭിച്ച അജപാലനശുശ്രൂഷ കുറുമ്പനാടം അസംപ്ഷൻ പള്ളിയിൽ അവസാനിക്കുമ്പോഴും താൻ ചവിട്ടിക്കയറിയ പടവുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടാകില്ല. അത്രയേറെ വൈവിധ്യമാർന്ന പ്രവർത്തനമേഖലകളിലൂടെയായിരുന്നു അച്ചന്റെ യാത്ര. അതിരൂപതയുടെ പ്രോട്ടോസിഞ്ചെള്ളൂസായി സേവനം ചെയ്ത 5 വർഷം നല്ലൊരു വാഗ്മി എന്നതിലുപരി നല്ലൊരു ശ്രോതാവായിരുന്നുകൊണ്ട് ഉചിതമായ തീരുമാനങ്ങളെടുക്കാൻ സാധിച്ചത് അച്ചന്റെ നേതൃപാടവം ഒന്നുകൊണ്ടു മാത്രമായിരുന്നു. ഈ കാലയളവിൽ ഭവനരഹിതർക്കായി നൂറ്റമ്പതിൽപരം ഭവനങ്ങൾ നിർമിച്ചു നൽകിയത് അവിസ്മരണീയമാണ്.

തീക്ഷ്ണമായ സഭാസ്നേഹവും ക്രാന്തദർശിത്വവും കർമോത്സുകതയും നയചാതുര്യവും ബഹു. ജോസഫ് അച്ചന്റെ ജീവിതത്തിലുടനീളം കാണാൻ സാധിക്കും. സഭാശുശ്രൂഷയിൽ, അജപാലനരംഗത്ത്, പള്ളിനിർമാണപ്രവർത്തനങ്ങളിൽ, തനിക്കു ലഭിച്ച പൗരോഹിത്യദാനത്തിന്റെ പൂർണ ഉത്തരവാദിത്വവും വിശ്വസ്തതയും പുലർത്തി, ദൈവം തന്നെ ഏല്പിച്ച താലന്തുകൾ നൂറിരട്ടിയായി വർധിപ്പിച്ചു തനിക്കായി ഒരുക്കിയിരിക്കുന്ന സ്വർഗഭാഗ്യത്തിലേക്ക് 2025 ജൂലൈ 22നു ജോസഫ് അച്ചൻ വിളിക്കപ്പെട്ടു.

1996 മുതൽ 2002 വരെ തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയിൽ കൊച്ചച്ചനായും പേരൂർക്കട ലൂർദ്സ് ഹിൽ, തിരുമല ഹോളി ഫാമിലി പള്ളികളിൽ വികാരിയായും അച്ചനോടൊത്തു സേവനം ചെയ്യാൻ സാധിച്ച കാലങ്ങളെ നന്ദിയോടെ ഓർക്കുന്നു. ഒരു വൈദികൻ ദൈവജനത്തിന് ആരായിരിക്കണമെന്നു ജീവിതത്തിലൂടെ എന്നെ പഠിപ്പിച്ച ഒരു മഹാഗുരു.

അതിരൂപതയിലെ പലയിടങ്ങളിലായി കുറിഞ്ഞിപ്പറമ്പിൽ അച്ചൻ 11 പള്ളികൾ സ്ഥാപിച്ചു. എന്നാൽ, ഓരോ പള്ളിയും നഗ്നനേത്രങ്ങൾ കൊണ്ടു കാണു

ന്നതിനു മുമ്പുതന്നെ ജനഹൃദയങ്ങളിൽ പള്ളി പണിയാൻ അച്ചനു കഴിഞ്ഞിരുന്നു. അതുകൊണ്ടു തന്റെ ശുശ്രൂഷാമേഖലകളിൽ, താൻ ഇടപെട്ടിട്ടുള്ള വിശ്വാസിമനസുകളിൽ ജോസഫ് അച്ചന്റെ മുഖം എന്നും മായാതെ നിൽക്കും. സൗമ്യതയും ശാന്തതയും നിറഞ്ഞ പെരുമാറ്റശൈലി വലിയകാര്യങ്ങൾ നിശബ്ദമായി ചെയ്യാൻ അച്ചനെ സഹായിച്ചു. ആരെയും വിഷമിപ്പിക്കാതെ, ആരെങ്കിലും താൻ മൂലം വിഷമിച്ചെന്നു മനസിലാക്കിയാൽ സൂര്യാസ്തമയത്തിനു മുമ്പ് അവരെ സ്വന്തമാക്കാൻ പരിശ്രമിച്ച മനുഷ്യസ്നേഹി. തന്റെ അജഗണങ്ങളെ നെഞ്ചോടു ചേർത്തുവെച്ച് അവർക്കുവേണ്ടി ജീവിച്ച നല്ലവൈദികൻ. എപ്പോഴും പുഞ്ചിരിക്കുന്ന മുഖം മാത്രമേ എനിക്ക് അച്ചനിൽ കാണാൻ സാധിച്ചിട്ടുള്ളൂ.

ബഹു. ജോസഫ് അച്ചന്റെ ജീവിതശൈലിയുടെ നേർക്കാഴ്ച പൂർണമായും ദർശിക്കാൻ സാധിക്കുന്നതു തിരുവനന്തപുരത്തെ പ്രവർത്തനങ്ങളിലാണ്. 53-ാം വയസിൽ തിരുവനന്തപുരം ലൂർദ് ഫൊറോനാ ഇടവകയിൽ ചുമതലയേറ്റ അന്നുമുതൽ 10 വർഷക്കാലം തലസ്ഥാനനഗരിയിലെ സീറോമലബാർ സമൂഹത്തിനും ലൂർദ് ഇടവകയ്ക്കും കൊല്ലം, അമ്പൂരി ഫൊറോനകൾക്കും ശക്തമായ അടിത്തറ പണിതുയർത്തിയ തീക്ഷ്ണമതിയായ കർമയോഗിയും ക്രാന്തദർശിത്വവും കർമോത്സുകതയും കൈമുതലായ ധിഷണാശാലിയും അജഗണങ്ങളുടെ ഗന്ധമറിഞ്ഞ ഇടയനുമായിരുന്നു ജോസഫ് അച്ചൻ. കുടുംബസന്ദർശനത്തിലൂടെ ഓരോ കുടുംബത്തിനും സ്വന്തമായിക്കൊണ്ട് 22 വർഷങ്ങൾക്കുശേഷവും എല്ലാവരുടെയും മനസുകളിൽ അച്ചൻ ഇന്നും നിറസാന്നിധ്യമായി നിൽക്കുന്നു.

തിരുവനന്തപുരത്തെ ആദ്യമൂന്നുവർഷങ്ങളിലെ സേവനത്തിനിടയിൽ വളരെ മനോഹരമായ ഒരു പള്ളി പണിതീർത്തു ചിതറിക്കിടന്ന സീറോമലബാർ കുടുംബാംഗങ്ങളെ ഒരു കുടക്കീഴിലാക്കാൻ അച്ചനു സാധിച്ചു. സീറോമലബാർ ദൈവജനത്തിനായി നാലാഞ്ചിറ സിമിത്തേരിയിൽ 766 വോൾട്ടുകളും അതിനോടുചേർന്ന് ഒരു ചാപ്പലും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ചു. വിസ്തൃതമായ നഗരത്തിലെ സഭാസമൂഹത്തിന്റെ അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വിവിധ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കുന്നതിൽ അച്ചൻ അതീവശ്രദ്ധാലുവായിരുന്നു.

തിരുവനന്തപുരം ഫൊറോനാവികാരിയായിരിക്കെ പേരൂർക്കട, തിരുമല എന്നിവിടങ്ങളിൽ അദ്ദേഹം കുരിശുപള്ളികൾ സ്ഥാപിച്ചു. ഇക്കാലയളവിൽ തന്നെ കാര്യവട്ടത്തും കണ്ണമ്മൂലയിലും പള്ളിനിർമാണത്തിനായി അനുയോജ്യമായ ഭൂമി കണ്ടെത്തി വാങ്ങിക്കുകയും ചെയ്തു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയുടെ നിർമാണവും എടുത്തുപറയേണ്ടതു തന്നെയാണ്. കുറ്റിച്ചലിൽ എൻജിനീയറിങ് കോളേജ് ആരംഭിക്കാൻ ലൂർദിലെ ഇടവകജനങ്ങളുടെ ഒരു സൊസൈറ്റി രൂപീകരിച്ച് 27 ഏക്കർ സ്ഥലം വാങ്ങു

കയും മനോഹരമായ ഒരു കോളജ് സ്ഥാപിക്കുകയും ചെയ്തതോടൊപ്പം കോളേജ് ക്യാംപസിൽ ഒരു ചാപ്പലും നിർമിക്കാൻ സാധിച്ചതു ദൈവാനുഗ്രഹത്തിന്റെ തെളിവുകളാണ്.

'ക്രിസ്തുജയന്തി 2000' എന്ന പേരിൽ അച്ചൻ ആരംഭിച്ച ചാരിറ്റബിൾ സൊസൈറ്റി അശരണർക്ക് ഇന്നും ഒരു വഴിവിളക്കായി പ്രശോഭിക്കുന്നു. സൊസൈറ്റിയുടെ ആരംഭത്തിൽ നിക്ഷേപിച്ച കോർപ്പസ് ഫണ്ടായ 8 ലക്ഷത്തോളം രൂപയിൽനിന്നുള്ള പലിശയും മറ്റുസംഭാവനകളും ചേർത്ത് അർഹരായവർക്കു വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം, ചികിത്സ, ഭവനപരിപാലനം എന്നിവയ്ക്ക് ഇപ്പോഴും സഹായം നൽകിവരുന്നു എന്നതു ശ്ലാഘനീയമാണ്.

കുറിഞ്ഞിപ്പറമ്പിൽ ബഹു. ജോസഫ് അച്ചൻ കട്ടപ്പന സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ അസ്സിസ്റ്റന്റ് വികാരിയായും മുട്ടാർ ന്യൂ സെന്റ് തോമസ്, കിളിരൂർ സെന്റ് ഫ്രാൻസിസ് ദെ സാലസ്, വെരൂർ സെന്റ് ജോസഫ്സ്, വായ്പൂർ ന്യൂ സെന്റ് ജോസഫ്സ്, അമ്പൂരി സെന്റ് ജോർജ് ഫൊറോന, ആര്യങ്കാവ് സെന്റ് മേരീസ്, തിരുവനന്തപുരം ലൂർദ് ഫൊറോന, തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന, കുറുമ്പനാടം അസംപ്ഷൻ എന്നീ പള്ളികളിൽ വികാരിയായും അജപാലനശുശ്രൂഷ ചെയ്തു.

ജോസഫ് അച്ചൻ സേവനം ചെയ്തിരുന്ന ഇടവകകളിലെ മതബോധനരംഗം, കുടുംബക്കൂട്ടായ്മകൾ, സംഘടനകൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്നു. തന്റെ പ്രവർത്തനമേഖലകളിൽ ഒപ്പമുള്ളവരെ ചേർത്തുനിർത്തിയും അവരുടെ നിർദേശങ്ങൾ സ്വാഗതം ചെയ്തും എല്ലാവരോടും സമഭാവന പുലർത്തിയും പ്രവർത്തനങ്ങളിലെ സുതാര്യത അച്ചൻ ഉറപ്പുവരുത്തിയിരുന്നു. അതിനാൽ താൻ കൈവെച്ച മേഖലകളിൽ അദേഹത്തിനു ദൈവാനുഗ്രഹം ലഭിക്കുകയും ചെയ്തു.

നീലഗിരിക്കുന്നുകളെ നീലക്കടലാക്കുന്ന നീലക്കുറിഞ്ഞിപ്പൂക്കൾ ജനഹൃദയങ്ങളെ കീഴടക്കുന്നതുപോലെ കുറിഞ്ഞിപ്പറമ്പിൽ ബഹു. ജോസഫ് അച്ചനും എല്ലാവരുടെയും മനസുകളിൽ എന്നും പൂത്തുനിൽക്കുന്ന ഒരു പുഷ്പമായി മാറിയിരിക്കുന്നു. കർതൃസന്നിധിയിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട പ്രിയപ്പെട്ട അച്ചന്റെ ദീപ്തസ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുകയും ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്യുന്നു.

കുറിഞ്ഞിപ്പറമ്പിൽ ബഹു. ജോസഫ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ 2025 ജൂലൈ 25ന് ഇത്തിത്താനം സെന്റ് മേരീസ് പള്ളിയിൽ മാർ തോമസ് തറയിൽ, മാർ ജോസഫ് പെരുന്തോട്ടം എന്നീ അഭി. പിതാക്കന്മാരുടെ കാർമികത്വത്തിൽ നടത്തപ്പെട്ടു.

**ഫാ. ജോസഫ് കൈതപ്പറമ്പിൽ (മോർളി)**

❑

# 'തീക്ഷ്ണമതിയായ മിഷണറി'
# മഠത്തിൽ ബഹു. ജോസഫ് അച്ചൻ



1933 മാർച്ച് 13നു മുട്ടാർ മഠത്തിൽ ഫ്രാൻസിസ്-കാതറിൻ ദമ്പതികളുടെ പുത്രനായി ജനിച്ച ജോസഫ് അച്ചൻ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പാറേൽ സെന്റ് തോമസ് മൈനർ- ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനരികളിലായി വൈദികപരിശീലനം പൂർത്തിയാക്കി. ദൈവദാസൻ മാർ മാത്യു കാവുകാട്ടിന്റെ കൈവെപ്പുശുശ്രൂഷവഴി 1961 മാർച്ച് 12നു വൈദികനായി. തത്തംപള്ളി, നെടുങ്കുന്നം ഇടവകകളിൽ രണ്ടു വർഷത്തോളം അസ്സിസ്റ്റന്റായി സേവനം ചെയ്തശേഷം കന്യാകുമാരി മിഷനിലേക്കു യാത്രയായി. തുടർന്നുള്ള 16 വർഷങ്ങൾ വിശ്രമമറിയാതെയുള്ള അധ്വാനമായിരുന്നു. അവിടെയുണ്ടായിരുന്ന ആളുകളുടെ സമഗ്രവളർച്ച ലക്ഷ്യമാക്കി അദേഹം അക്ഷീണം യത്നിച്ചു. ദിവസവും നിശ്ചിതസമയം ഭവനസന്ദർശനം നടത്താനും അവരോടൊപ്പം പ്രാർഥിക്കാനും അദേഹം ശ്രദ്ധിച്ചിരുന്നു. ആവശ്യക്കാരെ കണ്ടറിഞ്ഞു സഹായിക്കാനും ജനങ്ങളുടെ ജീവിതപുരോഗതിക്ക് അനിവാര്യമായ പദ്ധതികൾ ആവിഷ്കരിക്കാനും മഠത്തിൽ അച്ചനു ദിശാബോധവും പ്രചോദനവും ലഭിച്ചത് ഇത്തരം സന്ദർശനങ്ങളിലൂടെയാണ്.

അധികം വൈകാതെ വിവിധ ക്രൈസ്തവകൂട്ടായ്മകൾക്ക് അദേഹം രൂപം നൽകി. കന്യാകുമാരി മിഷൻ പ്രാരംഭഘട്ടത്തിലൂടെ കടന്നുപോകുന്ന കാലമായിരുന്നതിനാൽ നേരിട്ട പ്രതിസന്ധികൾക്കു കയ്യും കണക്കുമില്ല. പക്ഷേ, തളരാതെ അവയെ സധൈര്യം നേരിട്ടു പ്രവർത്തനമേഖല വ്യാപിപ്പിച്ചു. മഞ്ചാലുമ്മൂട് പ്രദേശം ഒരു വലിയ ക്രൈസ്തവകേന്ദ്രമായി വളർത്തിയെടുക്കാൻ അച്ചൻ നടത്തിയ പരിശ്രമങ്ങൾ തലമുറകൾ ഓർത്തിരിക്കും. കൂടാതെ നിദ്രവിള, മലൈക്കോട്, മാറപ്പാടി എന്നിവിടങ്ങളിലും പ്രദേശവാസികളുടെ ഭൗതികവും ആത്മീയവുമായ ഉന്നമനത്തിനായി അദേഹം അഹോരാത്രം പ്രവർത്തിച്ചു.

അമ്പൂരി, തേക്കുപാറ, രാജഗിരി പള്ളികളുടെ ചുമതല അദേഹം തുടർന്ന് ഏറ്റെടുത്തു. ഒപ്പം അമ്പൂരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും ഗുഡ് സമരിറ്റൻ ആശുപത്രിയുടെയും ഡയറക്ടറെന്ന ചുമതലയും. ശുശ്രൂഷാരംഗത്തെ മികവു തിരിച്ചറിഞ്ഞ അധികാരികൾ അച്ചനെ 1975ൽ കാനഡയിലേക്ക് ഉപരിപഠനത്തിന് അയച്ചു. പഠനം പൂർത്തിയാക്കി നാട്ടിലെത്തിയ അച്ചനെ ഇളങ്ങോയി പള്ളിയിൽ നിയമിച്ചെങ്കിലും ഒരുവർഷത്തിനുശേഷം

ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടറായി നിയമിച്ചു. സൊസൈറ്റിക്കു പുത്തനുണർവു നൽകാനും ജനോപകാരപ്രദമായ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കാനും ഇക്കാലയളവിൽ അച്ചനു സാധിച്ചു. സഹപ്രവർത്തകരുമായി അദ്ദേഹം പുലർത്തിയ സ്നേഹബന്ധം അവസാനംവരെ നിലനിർത്തിയിരുന്നെന്ന് അവർതന്നെ സാക്ഷ്യപ്പെടുത്തുന്നു.

സൊസൈറ്റിയിൽ രണ്ടു വർഷം ദീർഘിച്ച സേവനം പൂർത്തിയാക്കിയ അച്ചൻ പിന്നീടു പാറമ്പുഴ ഇടവകയുടെ വികാരിയായി നിയമിതനായി. അച്ചനുമായി എനിക്കുള്ള ഊഷ്മളസൗഹൃദം ആരംഭിക്കുന്നത് അന്നുമുതലാണ്. ഇടവകാംഗങ്ങളെ പേരുചൊല്ലി വിളിക്കാൻ കഴിയുംവിധം ബന്ധങ്ങളുള്ള മികച്ച ഒരജപാലകനായിരുന്നു മഠത്തിൽ അച്ചൻ. ഭവനസന്ദർശനം, കുടുംബക്കൂട്ടായ്മ എന്നിവയ്ക്ക് അദ്ദേഹം പ്രാധാന്യം നൽകി. പുഞ്ചിരിക്കുന്ന മുഖത്തോടെ എല്ലാവരെയും സമഭാവനയോടെ കണ്ടിരുന്ന ഒരു വികാരിയച്ചനായിരുന്നു അദ്ദേഹം. യുവജനങ്ങളുടെയും കുട്ടികളുടെയും വിശ്വാസപരിശീലനത്തിനും ദൈവവിളി പ്രോത്സാഹനത്തിനും അതീവജാഗ്രതയും ശ്രദ്ധയും നൽകിയിരുന്ന വൈദികൻ, പാവങ്ങളോടു കരുണ കാണിക്കുകയും കഴിയുന്നവിധത്തിലെല്ലാം അവരെ സഹായിക്കുകയും ചെയ്തിരുന്ന ദയാലുവായ ഇടയൻ എന്നീ നിലകളിൽ അദ്ദേഹം ശുശ്രൂഷചെയ്ത ഇടവകകളിലെ ജനങ്ങളുടെ മനസിൽ നിറഞ്ഞുനിൽക്കുന്നു.

ഒരിക്കൽകൂടി അച്ചൻ കന്യാകുമാരി മിഷനിലേക്കു മടങ്ങി. നിദ്രവിള, പളുകൾ, അണ്ണിക്കര എന്നിവിടങ്ങളിലെ വികാരി, കന്യാകുമാരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഉത്തരവാദിത്വം എന്നിവയായിരുന്നു അച്ചന്റെ അവിടത്തെ ശുശ്രൂഷാമേഖലകൾ. 1988ൽ ചങ്ങനാശ്ശേരിയിൽ തിരിച്ചെത്തി. തൃക്കൊടിത്താനം, കോട്ടയം, കൈനകരി, ഫാത്തിമാപുരം, മുടിയൂർക്കര, പാറേൽ, മാമ്മൂട്, മുട്ടാർ ന്യൂ, കിടങ്ങറ എന്നിവിടങ്ങളിൽ വികാരിയായും ആലപ്പുഴ-പഴവങ്ങാടി പള്ളിയിൽ അസ്സോസിയേറ്റ് വികാരിയായും സേവനമനുഷ്ഠിച്ചു. കോട്ടയം ലൂർദ് ഫൊറോനാപ്പള്ളിയിൽ വികാരിയായിരിക്കെ വടവാതൂർ, പാമ്പാടി എന്നിവിടങ്ങളിൽ രണ്ടുസമൂഹങ്ങൾക്കു രൂപംകൊടുത്തു. അവ രണ്ടും ഇന്നു സജീവമായ ഇടവകകളായി വളർന്നിട്ടുണ്ട്. 1996 മുതൽ 2004 വരെ ഇടവകപ്രവർത്തനങ്ങൾക്കൊപ്പം എസ്.എച്ച്. സ്കൂളുകളുടെ മാനേജരായും അച്ചൻ പ്രവർത്തിച്ചു. ഈ സ്കൂളുകളുടെ വളർച്ചയ്ക്കായി അച്ചൻ വളരെയേറെ അധ്വാനിക്കുകയും കിളിമല സ്കൂളിൽ സി.ബി.എസ്.ഇ. സിലബസ് ആരംഭിക്കുകയും അതിനാവശ്യമായ കെട്ടിടസൗകര്യങ്ങൾ സജ്ജീകരിക്കയും ചെയ്തു.

2013 മുതൽ കർത്താവിന്റെ തിരുസന്നിധിയിലേക്കു വിളിക്കപ്പെട്ട 2025 ഓഗസ്റ്റ് 8 വരെ ഇത്തിത്താനം സെന്റ് ജോസഫ് വൈദികമന്ദിരത്തിലായിരുന്നു അദ്ദേഹത്തിന്റെ വിശ്രമജീവിതം. സ്വതവേ ശാന്തസ്വഭാവം, സംസാരി

ക്കുമ്പോൾ ചുണ്ടുകളിൽ ഒരു ചെറുപുഞ്ചിരി, ആരോടും പരിഭവമില്ലാത്ത, ലാളിത്യമാർന്ന ജീവിതം, മേലധികാരികളോടു തികഞ്ഞവിധേയത്വം, സഹ വൈദികരോടു സ്നേഹവും സൗഹൃദവും പരിഗണനയും, ബന്ധുമിത്രാദിക ളോടു നല്ലബന്ധം, സർവോപരി ആടുകളെ തേടിയലഞ്ഞ ഒരു നല്ലയിടയൻ... ഇതൊക്കെയായിരുന്നു മഠത്തിൽ ബഹു. ജോസഫ് അച്ചൻ. അച്ചനെ അറിഞ്ഞ വർക്കും സ്നേഹിച്ചവർക്കും ഒരിക്കലും മറക്കാനാകാതെ അദ്ദേഹം ഇന്നും ജീവിക്കുന്നു. അച്ചന്റെ ആത്മാവിനു ദൈവം നിത്യശാന്തി നൽകട്ടെ.

മഠത്തിൽ ബഹു. ജോസഫ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ 2025 ഓഗസ്റ്റ് 12നു മുട്ടാർ സെന്റ് തോമസ് പള്ളിയിൽ (കുമരംചിറ) മാർ തോമസ് തറയിൽ, മാർ ജോസഫ് പെരുന്തോട്ടം എന്നീ അഭി. പിതാക്കന്മാരുടെ കാർമി കത്വത്തിൽ നടത്തപ്പെട്ടു.

**ഫാ. ജേക്കബ് കൂരോത്ത്**

❑

# സന്ദേശനിലയം

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

രക്ഷകർത്താക്കളുടെ പ്രതിനിധികളുടെയും സൺഡേ സ്കൂൾ ലീഡർമാരുടെയും സംഗമം ഏറെ അനുഗ്രഹപ്രദമായിരുന്നു. സ്കോളർഷിപ്പ് കരസ്ഥമാക്കിയവരെ പ്രത്യേകമായി അനുമോദിക്കുന്നു. പഠനനിലവാരത്തിൽ മികവുള്ളവരാവുക എന്നതിനപ്പുറം വിശ്വാസത്തിൽ ഉറപ്പുള്ളവരായി മുന്നേറുകയെന്നതാകട്ടെ നമ്മുടെ ലക്ഷ്യം. അധ്യാപകർക്കുവേണ്ടിയുള്ള ഫൊറോനാതലത്തിലെ ധ്യാനവും സെമിനാറും ക്രമീകരിച്ചിരിക്കുന്നതിന്റെ ഫലമെടുക്കാൻ നമുക്കെല്ലാവർക്കും സാധിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**സെപ്റ്റംബർ**

01 തിങ്കൾ : എട്ടുനോമ്പാരംഭം, സി.എൽ.റ്റി. ധ്യാനാരംഭം

02 ചൊവ്വ : സി.എൽ.റ്റി. ധ്യാനം
റ്റീച്ചേഴ്സ് ഈവ്: സെന്റ് തോമസ് സൺഡേസ്കൂൾ, പൊങ്ങ *(വൈകുന്നേരം 6.30)*

03 ബുധൻ : സി.എൽ.റ്റി. ധ്യാനസമാപനം
റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, ചേന്നങ്കരി *(വൈകുന്നേരം 6)*

04 വ്യാഴം : ഒന്നാം ഓണം *(ഓഫീസ് അവധി)*

05 വെള്ളി : തിരുവോണം *(ഓഫീസ് അവധി)*

06 ശനി : **ഫൊറോനാ മിഷൻ ക്വിസ് മത്സരത്തിൽ ഒന്നാംസ്ഥാനം ലഭിച്ചവരുടെ ലിസ്റ്റ് സന്ദേശനിലയത്തിൽ നൽകേണ്ട അവസാന തീയതി**, സി.എൽ.റ്റി. ക്ലാസ്സ് – 6

07 ഞായർ : ഏലിയാ–സ്ലീവാ–മൂശെ ഒന്നാം ഞായർ ക്ലാസ്സ് – 15

08 തിങ്കൾ : പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ

09 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, കണ്ടങ്കരി *(വൈകുന്നേരം 6)*

10 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, നർബോണപുരം *(വൈകുന്നേരം 6)*

11 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജറോംസ് സൺഡേ സ്കൂൾ, നസ്രത്ത് തെക്കേക്കര *(വൈകുന്നേരം 6)*

13 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 7

14 ഞായർ : മാർ സ്ലീവായുടെ പുകഴ്ച, സ്ലീവാ ഒന്നാം ഞായർ ക്ലാസ്സ് – 16
റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, തെക്കേക്കര

17 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, വൈശ്യംഭാഗം *(വൈകുന്നേരം 6)*

18 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: ലൂർദ് മാതാ സൺഡേ സ്കൂൾ, ചേന്നങ്കരി *(വൈകുന്നേരം 6)*

20 ശനി : **അതിരൂപതാ മിഷൻ ക്വിസ്** (രാവിലെ 9.30 മുതൽ സന്ദേശനിലയം), മാർ മത്തായി ശ്ലീഹാ (സെപ്റ്റംബർ 21), സി.എൽ.റ്റി. ക്ലാസ്സ് – 8

21 ഞായർ : സ്ലീവാ രണ്ടാം ഞായർ, ക്ലാസ്സ് – 17

22 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: ഗ്ലോറിയ ഗാർഡൻ സൺഡേ സ്കൂൾ, വടക്കേ അമിച്ചകരി *(വൈകുന്നേരം 6)*

23 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, കുറുമ്പനാടം *(വൈകുന്നേരം 6)*

24 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സേക്രഡ് ഹാർട്ട് സൺഡേ സ്കൂൾ, തോട്ടുവാത്തല *(വൈകുന്നേരം 6)*

25 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോൺസ് സൺഡേ സ്കൂൾ, തെക്കേക്കര *(വൈകുന്നേരം 6)*

27 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 9

28 ഞായർ : സ്ലീവാ മൂന്നാം ഞായർ, ക്ലാസ്സ് – 18

29 തിങ്കൾ : മിഖായേൽ, ഗബ്രിയേൽ, റഫായേൽ
റ്റീച്ചേഴ്സ് ഈവ്: അസംപ്ഷൻ സൺഡേ സ്കൂൾ, കുറുമ്പനാടം *(വൈകുന്നേരം 6)*

30 ചൊവ്വ : വി. ജറോം
റ്റീച്ചേഴ്സ് ഈവ്: ലിറ്റിൽ ഫ്ളവർ സൺഡേ സ്കൂൾ, മാടപ്പള്ളി *(വൈകുന്നേരം 6)*

**ഒക്ടോബർ**

01 ബുധൻ : വി. കൊച്ചുത്രേസ്യാ, റ്റീച്ചേഴ്സ് ഈവ്: ഹോളി ഫാമിലി സൺഡേ സ്കൂൾ, പുല്ലങ്ങടി *(വൈകുന്നേരം 6)*

02 വ്യാഴം : കാവൽ മാലാകാമാർ

04 ശനി : വി. ഫ്രാൻസിസ് അസ്സീസ്സി, സി.എൽ.റ്റി. ക്ലാസ്സ് – 10

05 ഞായർ : മൂശെ ഒന്നാം ഞായർ ക്ലാസ്സ് – 19
**സൺഡേ സ്കൂൾ ഒന്നാം റ്റേം എഴുത്തുപരീക്ഷ**

### ഫൊറോനാ മതാധ്യാപക സെമിനാർ–ധ്യാനം

ഫൊറോനാതലത്തിലുണ്ടായിരുന്ന ഏകദിന സെമിനാറും ഏകദിന ധ്യാനവും ഏകോപിപ്പിച്ചു സെമിനാറും ധ്യാനവുമായി ഒരുദിവസം രാവിലെ 9.30ന് ആരംഭിച്ചു വൈകുന്നേരം 4.30നു സമാപിക്കുംവിധം 2 സെഷനുകളിലായിട്ടാണു നടത്തപ്പെടുന്നത്. എല്ലാ വിശ്വാസപരിശീലകരും തുടർ പരിശീലനത്തിന്റെ ആവശ്യകത മനസിലാക്കി സെമിനാറിലും ധ്യാനത്തിലും പങ്കെടുക്കേണ്ടതാണ്. ആദ്യന്തം ഇതിൽ സംബന്ധിക്കേണ്ടതും അതിനു സാധിക്കാതായാൽ അടുത്തുള്ള ഫൊറോനകളിൽ സംബന്ധിക്കാൻ ഹെഡ്മാസ്റ്റർമാർ സാഹചര്യമൊരുക്കേണ്ടതുമാണ്. ഓഗസ്റ്റ് 23ന് ഇതാരംഭിച്ചു. ഇനിയുള്ള ഫൊറോനകളുടെ സമയക്രമം താഴെ നൽകിയിരിക്കുന്നു.

| *ഫൊറോന* | *തീയതി* | *സെമിനാർ* | *ധ്യാനം* |
|---|---|---|---|
| എടത്വാ | സെപ്റ്റംബർ 01 | രാവിലെ | ഉച്ചകഴിഞ്ഞ് |
| ചമ്പക്കുളം | സെപ്റ്റംബർ 01 | ഉച്ചകഴിഞ്ഞ് | രാവിലെ |
| പുളിങ്കുന്ന് | സെപ്റ്റംബർ 06 | രാവിലെ | ഉച്ചകഴിഞ്ഞ് |
| ചങ്ങനാശ്ശേരി | സെപ്റ്റംബർ 20 | രാവിലെ | ഉച്ചകഴിഞ്ഞ് |
| ആലപ്പുഴ | സെപ്റ്റംബർ 27 | ഉച്ചകഴിഞ്ഞ് | രാവിലെ |
| മുഹമ്മ | സെപ്റ്റംബർ 27 | രാവിലെ | ഉച്ചകഴിഞ്ഞ് |
| തുരുത്തി | ഒക്ടോബർ 01 | രാവിലെ | ഉച്ചകഴിഞ്ഞ് |
| അമ്പൂരി | ഒക്ടോബർ 02 | രാവിലെ | ഉച്ചകഴിഞ്ഞ് |
| തിരുവനന്തപുരം | ഒക്ടോബർ 11 | രാവിലെ | ഉച്ചകഴിഞ്ഞ് |
| അതിരമ്പുഴ | നവംബർ 01 | രാവിലെ | ഉച്ചകഴിഞ്ഞ് |
| കുടമാളൂർ | നവംബർ 01 | ഉച്ചകഴിഞ്ഞ് | രാവിലെ |
| കുറുമ്പനാടം | നവംബർ 08 | രാവിലെ | ഉച്ചകഴിഞ്ഞ് |
| തൃക്കൊടിത്താനം | നവംബർ 08 | ഉച്ചകഴിഞ്ഞ് | രാവിലെ |

### സി.ആർ.റ്റി. സന്ദർശനം

കാറ്റക്കെറ്റിക്കൽ റിസോഴ്സ് റ്റീമിന്റെ സൺഡേ സ്കൂൾ സന്ദർശനം സെപ്റ്റംബർ മുതൽ ആരംഭിക്കുകയാണ്. നവംബറിൽ ഇതു പൂർത്തീകരിക്കേണ്ടതാണ്. ഓരോ സൺഡേ സ്കൂളും സന്ദർശനത്തോടു പൂർണമായും സഹകരിക്കുക. സന്ദർശനത്തിനുള്ള തീയതികൾ നീട്ടിവെക്കുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കുക. സത്യസന്ധതയോടും ആത്മാർഥതയോടുംകൂടി ഇതിനു വേദിയൊരുക്കാൻ സൺഡേ സ്കൂളുകൾ ശ്രദ്ധിക്കുമല്ലോ. സന്ദർശനത്തിന്റെ റിപ്പോർട്ടുകൾ കൂടി പരിഗണിച്ചാണു ഗ്രേഡ് നിർണയം നടത്തുന്നത്.

### ബൈബിൾ കലോത്സവം

അതിരൂപതാ മിഷൻ ക്വിസ് **സെപ്റ്റംബർ 20** *രാവിലെ 9.30 മുതൽ* സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. ഫൊറോനയിൽ ഒന്നാം സ്ഥാനം ലഭിച്ച

വരുടെ ലിസ്റ്റ് സെപ്റ്റംബർ ആറിനു മുമ്പു സന്ദേശനിലയത്തിൽ നൽകേണ്ട താണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ സൺഡേ സ്കൂളിലെ കുട്ടികൾ തന്നെ ആയിരിക്കേണ്ടതും അവർക്ക് 75% ഹാജരെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്.

**സ്പെരാൻസാ ഏകദിന സെമിനാർ**

മ്ശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിൽ നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും ജീവിതത്തിൽ പ്രത്യാശ പകരുക എന്ന ലക്ഷ്യത്തോടെ സ്പെരാൻസാ 2025-2026 എന്ന ഏകദിന സെമിനാർ ഹയർകോഴ്സ് കുട്ടികൾക്കായി ക്രമീകരിച്ചിരിക്കുന്നു. സെമിനാർ തീയതികൾ ഫൊറോനാതലത്തിൽ നിശ്ചയിക്കാവുന്നതാണ്. കുട്ടികൾക്ക് അവരുടെ കരിയർ സാധ്യതകൾ കാട്ടിക്കൊടുക്കുക, കാലഘട്ടത്തിൽ ഉയർന്നുവരുന്ന വെല്ലുവിളി കളെക്കുറിച്ച് അവരെ ജാഗരൂകരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഈ പ്രത്യേകപരിശീലനപദ്ധതി ക്രമീകരിക്കേണ്ടത്. കുട്ടികൾക്കു ഭാവിയെക്കുറി ച്ചുള്ള ദിശാബോധം നൽകാൻ ഉപകരിക്കുംവിധം പ്രഗത്ഭരുടെ ക്ലാസ്സുകൾ ഉൾപ്പെടുത്തി ക്രമീകരിക്കുന്ന ഈ സെമിനാറിന്റെ വിജയം കുട്ടികളുടെ പങ്കാളി ത്തത്തിലാണ്. സമയം: രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ. (ക്ലാസ്സ് 11, 12) സെപ്റ്റംബറിൽ *മണിമല, കുറുമ്പനാടം, അതിരമ്പുഴ* ഫൊറോനകളിലാണ് ഏകദിന സെമിനാർ നടത്തപ്പെടേണ്ടത്.

**ആദരാഞ്ജലികൾ**

കുറ്റിക്കോണം സൺഡേ സ്കൂൾ അധ്യാപൻ എബ്രാഹം എം.ജെ.യുടെയും പാമ്പാടി സൺഡേ സ്കൂൾ അധ്യാപകൻ അഭിലാഷ് ജോസഫിന്റെയും മുണ്ടുപാലം സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ബിജോ റ്റി.സി., മെത്രാപ്പോ ലീത്തൻ സൺഡേ സ്കൂൾ അധ്യാപിക സി. ബ്ലെസി സി.എം.സി., നെടുമണ്ണി സൺഡേ സ്കൂൾ അധ്യാപകൻ ജേക്കബ് ജോൺ, മാമ്മൂട് സൺഡേ സ്കൂൾ അധ്യാപിക സി. മേരിലിറ്റ് എസ്.എ.ബി.എസ്., വെരൂർ സൺഡേ സ്കൂൾ അധ്യാപകൻ ജോബി പ്രാക്കുഴി എന്നിവരുടെ പിതാക്കന്മാരുടെയും കുറുമ്പ നാടം സെന്റ് ആന്റണീസ് സൺഡേ സ്കൂൾ അധ്യാപകരായ സുബിനി തോമസിന്റെ ഭർത്താവും ക്ലെറിൻ മരിയ ജോസഫിന്റെ പിതാവിന്റെയും ചെത്തി പ്പുഴ സൺഡേ സ്കൂൾ അധ്യാപിക ഷെറിൻ മേരി മാത്യുവിന്റെ പിതാവി ന്റെയും ആർപ്പൂക്കര സൺഡേ സ്കൂൾ മുൻ അധ്യാപിക സി. കാൻഡിഡ് റോസ് സി.എം.സി.യുടെയും നിര്യാണങ്ങളിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

❑

# ചെറുപുഷ്പ മിഷൻ ലീഗ്
## (CML)

സ്നേഹംനിറഞ്ഞ കുഞ്ഞു മിഷണറിമാരേ,

അൽഫോൻസാ തീർഥാടനം അനുഗ്രഹസമൃദ്ധിയുടെ അവസരമായിരുന്നു. മുൻ വർഷങ്ങളെക്കാൾ കൂടുതൽ പങ്കാളിത്തം ഈ വർഷം തീർഥാടനത്തിൽ പ്രകടമായി എന്നാണു മനസിലാക്കുന്നത്. ഇതുമായി സഹകരിച്ച ശാഖകളെയും ശക്തമായ നേതൃത്വം നൽകിയ ഭാരവാഹികളെയും നിറമനസോടെ അനുമോദിക്കുന്നു. ഓരോ തീർഥാടനവും നമ്മെ ഓർമപ്പെടുത്തുന്നതു ഭൂമിയിൽ നമുക്കു നിലനിൽക്കുന്ന പട്ടണങ്ങളില്ല എന്നതാണ് *(ഹെബ്രാ. 13:14)*. പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിതിരുനാളിനായി ത്യാഗപൂർവം നമുക്കു പ്രാർഥിച്ചൊരുങ്ങാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## അറിയിപ്പുകൾ

**സെപ്റ്റംബർ**

**സത്പ്രവൃത്തി:** 1 തിമോ. 4:10 പത്തുപ്രാവശ്യം ഉരുവിട്ട് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി സമർപ്പിച്ചു പ്രാർഥിക്കുക

01 തിങ്കൾ : എട്ടുനോമ്പാരംഭം

04 വ്യാഴം : ഒന്നാം ഓണം *(ഓഫീസ് അവധി)*

05 വെള്ളി : തിരുവോണം *(ഓഫീസ് അവധി)* കൊൽക്കത്തയിലെ വി. തെരേസ, അധ്യാപകദിനം

08 തിങ്കൾ : **പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ**

09 ചൊവ്വ : **സ്ഥാപക ഡയറക്ടർ ചരമദിനം – ഡയറക്ടേഴ്സ് ദിനം**

13 ശനി : മാലിപ്പറമ്പിലച്ചന്റെ അനുസ്മരണം: ശാഖകളിൽ, **(ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിൽ പ്രത്യേകസമ്മേളനം, സംസ്ഥാന മാനേജിങ് കമ്മിറ്റി)**

14 ഞായർ : മാർ സ്ലീവായുടെ പുകഴ്ച

19 വെള്ളി : മിഷണറി സായാഹ്നം, തുരുത്തി മേഖലാ എക്സിക്യൂട്ടിവ് ഭവനസമ്മേളനം

26 വെള്ളി : മിഷണറി സായാഹ്നം, ചങ്ങനാശ്ശേരി ഫൊറോനാ എക്സിക്യൂട്ടിവ് ഭവനസമ്മേളനം

28 ഞായർ : അൾത്താര ബാലന്മാരുടെ യോഗം: ശാഖകളിൽ

**ഒക്ടോബർ**

**സത്പ്രവൃത്തി:** ഹെബ്രായർ 10:23 പത്തുപ്രാവശ്യം ഉരുവിട്ട് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി സമർപ്പിച്ചു പ്രാർഥിക്കുക

01 ബുധൻ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, അംഗത്വനവീകരണം, ദൈവവിളിദിനം, ദൈവവിളിയ്ക്കായി ജപമാല ചൊല്ലി പ്രാർഥിക്കുക

03 വെള്ളി : സി.എം.എൽ. 79–ാം സ്ഥാപനദിനം

04 ശനി : വി. ഫ്രാൻസിസ് അസ്സീസ്സി

09 വ്യാഴം : ദൈവദാസൻ മാർ മാത്യു കാവുകാട്ട് 56–ാം ചരമദിനം

**ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണം–സംസ്ഥാന മാനേജിങ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്ഥാപക ഡയറക്ടർ ജോസഫ് മാലിപ്പറമ്പിലച്ചന്റെ 27–ാം ചരമവാർഷികവും സംസ്ഥാന മാനേജിങ് കമ്മിറ്റിയും സെപ്റ്റംബർ 13ന് ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിൽ നടത്തപ്പെടുന്നതാണ്. അന്നേദിവസം രാവില 9.30ന് അർപ്പിക്കപ്പെടുന്ന പരിശുദ്ധ കുർബാനയിലും തുടർന്നുള്ള അനുസ്മരണസമ്മേളനത്തിലും കുടമാളൂർ, കോട്ടയം, അതിരമ്പുഴ മേഖലകളിൽനിന്നും മേഖലാഭാരവാഹികളുടെയും മിഷൻ ലീഗ് അംഗങ്ങളുടെയും സാന്നിധ്യവും സഹകരണവുമുണ്ടായിരിക്കേണ്ടതാണ്. അഭി. മാർ ജോസഫ് പെരുന്തോട്ടമാണു സമ്മേളനത്തിന്റെ മുഖ്യാതിഥി.

**ഡയറക്ടേഴ്സ് ദിനം**

ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ ചരമദിനം ചെറുപുഷ്പ മിഷൻ ലീഗ് ഡയറക്ടേഴ്സ് ദിനമായി ആചരിക്കുന്നു. ആയതിനാൽ ശാഖ–മേഖല–അതിരൂപതാതലങ്ങളിൽ ഡയറക്ടർമാരെ ആദരിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യേണ്ടതാണ്.

**ശാഖാതല അനുസ്മരണം**

ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണം ശാഖകളിൽ ഉചിതമായ പരിപാടികളോടുകൂടെ നടത്തേണ്ടതാണ്. *മാലിപ്പറമ്പിലച്ചനിൽ വിളങ്ങിയിരുന്ന പ്രേഷിതതീക്ഷ്ണതയും ദൈവവിളിപ്രോത്സാഹനവും* എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഓൺലൈൻ പ്രസംഗമത്സരം ഉണ്ടായിരിക്കുന്നതാണ്. നിബന്ധനകൾ പിന്നാലെ അറിയിക്കുന്നതാണ്. ശാഖകൾ മാലിപ്പറമ്പിലച്ചന്റെ ജീവിതത്തെ അടിസ്ഥാനമാക്കി പത്രം തയ്യാറാക്കി മേഖലാ ജോയിന്റ് ഡയറക്ടർമാരെ ഏല്പിക്കുകയും മേഖലകൾ ഏറ്റവും നല്ലപത്രത്തിനുള്ള അവാർഡ് ക്രമീകരിക്കുകയും ചെയ്യണം.

**വി. കൊച്ചുത്രേസ്യായുടെ തിരുനാൾ–മിഷൻ ലീഗിന്റെ 79–ാം സ്ഥാപനദിനാചരണം**

തിരുനാളിനോടനുബന്ധിച്ച് അംഗത്വസ്വീകരണം നടത്തുകയും വിശുദ്ധയുടെ തിരുനാളാഘോഷിക്കുകയും മിഷൻ ലീഗിന്റെ പതാക ഉയർത്തി സ്ഥാപകദിനം ആചരിക്കുകയും ചെയ്യാം.

❑

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ മംഗളങ്ങൾ

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

നൂറുമേനി സീസൺ ത്രീയുടെയും ലോഗോസ് ക്വിസിന്റെയും വിജയത്തിനായി നൽകിയ സഹായസഹകരണങ്ങൾക്കു നന്ദി. സെപ്റ്റംബർ 12, 13 തീയതികളിലായി നൂറുമേനി സീസൺ 3 ഗ്രാൻഡ് ഫിനാലെയും സമാപന സമ്മേളനവും സെന്റ് ബർക്മൻസ് കോളേജിലെ ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്നതാണ്. വിവിധ കാറ്റഗറികളിലായി 5000 പേരോളം ഈ വർഷം സമ്മാനാർഹരായിട്ടുണ്ട്. വിജയികൾക്കുള്ള സമ്മാനക്കൂപ്പണുകൾ ഇതിനോടകം ഇടവകകളിൽ എത്തിയിട്ടുണ്ടെന്നു കരുതുന്നു. ഇനിയും ആർക്കെങ്കിലും കൂപ്പൺ ലഭിക്കാനുണ്ടെങ്കിൽ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. സമ്മാനാർഹർ സമാപനസമ്മേളനത്തിൽ പങ്കെടുത്തു സമ്മാനങ്ങൾ വാങ്ങേണ്ടതാണ്.

ഈ വർഷം നമ്മൾ 'എന്റെ പേഴ്സണൽ ബൈബിൾ' എന്ന പദ്ധതിക്കു തുടക്കം കുറിക്കുകയാണ്. ഓരോരുത്തർക്കും വ്യക്തിപരമായ പഠനത്തിനും വായനയ്ക്കും ഉപകരിക്കുകയെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. താത്പര്യമുള്ളവർക്ക് ഈ പദ്ധതിയിലേക്കു സംഭാവനകൾ നൽകി സഹകരിക്കാവുന്നതുമാണ്. ഏതാനും കുടുംബക്കൂട്ടായ്മ ഡയറക്ടർമാർ മാറുകയും പുതിയവർ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. മാറിയ അച്ചന്മാർക്കു നന്ദിയും പുതുതായി ചാർജെടുത്തവർക്കു സ്വാഗതവും നേരുന്നു.

പ്രാർഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### നൂറുമേനി സീസൺ 3 ഗ്രാൻഡ് ഫിനാലെ–സമ്മാനദാനം

നൂറുമേനി സീസൺ 3 ഗ്രാൻഡ് ഫിനാലെ **സെപ്റ്റംബർ 12നും** സമാപന സമ്മേളനം **സെപ്റ്റംബർ 13നും** ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജ് ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്നതാണ്. സമ്മാനാർഹരായവർ രാവിലെ 8.30ന് എത്തിച്ചേർന്നു സമ്മാനങ്ങൾ വാങ്ങേണ്ടതാണ്.

### ലോഗോസ് 2025

ഈ വർഷത്തെ ലോഗോസ് ക്വിസ് **സെപ്റ്റംബർ 28** *ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ* അതത് ഇടവകകളിൽ നടത്തപ്പെടുന്നതാണ്. പേരു രജിസ്റ്റർ ചെയ്തിരിക്കുന്നവർ ഇതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണം. സെപ്റ്റംബർ 26 മുതൽ ഫൊറോനാകേന്ദ്രങ്ങളിൽനിന്നു വികാരിയച്ചന്റെ കത്തുമായി എത്തി ചോദ്യപേപ്പറുകൾ വാങ്ങാവുന്നതാണ്. പരീക്ഷയ്ക്കുശേഷം ഉത്തര പേപ്പറുകൾ പായ്ക്ക് ചെയ്തു *സെപ്റ്റംബർ 31 വൈകുന്നേരം* കുടുംബക്കൂട്ടായ്മ ഓഫീസിലോ ഫൊറോനാകേന്ദ്രത്തിലോ ഏല്പിക്കേണ്ടതാണ്. ഒക്ടോബർ രണ്ടിനു മൂല്യ

നിർണയം ആരംഭിക്കേണ്ടതിനാൽ ഉത്തര പേപ്പറുകൾ ഏല്പിക്കുന്ന കാര്യത്തിൽ വീഴ്ചവരുത്തരുതെന്നു പ്രത്യേകം അറിയിക്കുന്നു.

**മത്സരത്തിനു പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. എല്ലാവരും ഹാൾ ടിക്കറ്റ് നമ്പർ നിർബന്ധമായും എഴുതേണ്ടതാണ്.
2. രജിസ്റ്റർ ചെയ്തിരിക്കുന്ന പേരുതന്നെ ഉത്തര പേപ്പറിലും എഴുതാൻ ശ്രദ്ധിക്കണം.
3. ഹാൾ ടിക്കറ്റ് നമ്പർ ക്രമത്തിൽ കാറ്റഗറി തിരിച്ച് ഉത്തര പേപ്പറുകൾ പായ്ക്ക് ചെയ്തു നൽകേണ്ടതാണ്.
4. ആർക്കെങ്കിലും ഹാൾ ടിക്കറ്റ് നമ്പർ ലഭിക്കാതെ വന്നാൽ ഉത്തര പേപ്പറിനോടൊപ്പം പേരുവിവരങ്ങൾ എഴുതി പിൻ ചെയ്തു നൽകേണ്ടതാണ്.
5. ലോഗോസ് ചോദ്യ പേപ്പറുകൾ സെപ്റ്റംബർ 28 ഉച്ചകഴിഞ്ഞ് പരീക്ഷാ സമയത്തു മാത്രമേ തുറക്കാവൂ. എന്നാൽ കവറിനു പുറത്തു രേഖപ്പെടുത്തിയിരിക്കുന്ന നമ്പർ നേരത്തെ പരിശോധിച്ചു ചോദ്യങ്ങളുടെ എണ്ണം ശരിയാണോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

❑

# ഫാമിലി അപ്പോസ്തലേറ്റ്

മ്ശിഹായിൽ പ്രിയരേ,

ഈശോയുടെ മനുഷ്യാവതാര ജൂബിലിയുടെ ആഘോഷങ്ങൾ നമ്മുടെ അതിരൂപതയിൽ മൂന്നു വ്യത്യസ്തപരിപാടികളിലൂടെ നടത്തപ്പെടുകയാണ്. കുടുംബക്കൂട്ടായ്മകളിലൂടെയുള്ള 'പ്രത്യാശാജ്യോതിപ്രയാണം', ഇടവക പ്രത്യാശ സായാഹ്ന കൺവെൻഷൻ, പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിലേക്കുള്ള തീർഥയാത്ര എന്നിങ്ങനെയാണ് ഇതു ക്രമീകരിച്ചിരിക്കുന്നത്. ഇടവക-ഫൊറോന-അതിരൂപത ആനിമേഷൻ റ്റീമംഗങ്ങൾ വ്യത്യസ്തങ്ങളായ തലങ്ങളിൽ ക്രിയാത്മകമായി ജൂബിലി ആഘോഷങ്ങളോടു സഹകരിക്കുന്നതിനുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തണം.

2025 സെപ്റ്റംബർ 20നു മാതൃവേദിയുടെ 45-ാം ജന്മദിനമാണ്. യൂണിറ്റ് തലം മുതലുള്ള മാതൃവേദി ഭാരവാഹികളുടെ പ്രതിനിധികളെ അന്നേദിവസം അതിരൂപതാതലത്തിൽ ഒന്നിച്ചുകൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇടവക-ഫൊറോനാ തലങ്ങളിൽ വിവിധങ്ങളായ പരിപാടികളിലൂടെയും ബോധനങ്ങളിലൂടെയും മാതൃത്വത്തിന്റെ മഹനീയത ഏവരിലേക്കും എത്തിക്കാനും മാതാക്കളുടെ വിശ്വാസപരിശീലനവേദിയായ മാതൃവേദിയെ സജീവമാക്കാനും ഏവരും ആത്മാർഥമായി പരിശ്രമിക്കണം.

സ്നേഹപൂർവം

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### അതിരൂപതാഭാരവാഹികളുടെ സന്ദർശനം

ഓഗസ്റ്റ് 10ന് അതിരൂപതാഭാരവാഹികൾ ചെങ്ങന്നൂർ ഫൊറോനയിലെ തടിയൂർ, എഴുമറ്റൂർ മാതൃവേദി-പിതൃവേദി യൂണിറ്റുകൾ സന്ദർശിച്ചു. പരിശുദ്ധ കുർബാനയ്ക്കുശേഷം യൂണിറ്റംഗങ്ങളോടും ഭാരവാഹികളോടും സംസാരിക്കുകയും സംഘടനാകാര്യങ്ങളെക്കുറിച്ചു ചർച്ച നടത്തുകയും ചെയ്തു.

### അതിരൂപതാ ആനിമേഷൻ റ്റീം യോഗം

ഓഗസ്റ്റ് 11ന് ഓൺലൈനായും ഓഗസ്റ്റ് 21നു ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ നേരിട്ടും അതിരൂപതാ ആനിമേഷൻ റ്റീമിന്റെ യോഗങ്ങൾ നടത്തപ്പെട്ടു. ഓഗസ്റ്റ് 18നു നടത്തപ്പെട്ട മാതൃവേദി-പിതൃവേദി ഫൊറോനാ കൗൺസിൽ സംബന്ധിച്ചുള്ള തീരുമാനങ്ങളും പങ്കാളിത്തത്തെപ്പറ്റിയുള്ള ക്രമീകരണങ്ങളും തുടർപരിപാടികളും ചർച്ച ചെയ്തു. ആനിമേഷൻ റ്റീമംഗങ്ങൾക്കു ഫൊറോന തിരിച്ചു ചുമതലകൾ നൽകി.

### സന്യാസിനികളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധം

ഛത്തീസ്ഗഢിൽ രണ്ടു സന്യാസിനികളെ അന്യായമായി അറസ്റ്റ് ചെയ്തു

ജയിലിടച്ചതിൽ പ്രതിഷേധിച്ചു വിവിധതലങ്ങളിൽ നടത്തപ്പെട്ട പ്രതിഷേധ സമരങ്ങളിൽ മാതൃവേദി-പിതൃവേദി ഭാരവാഹികളും അംഗങ്ങളും പങ്കെടുത്തു.

### മാർ ജോർജ് കോച്ചേരിയുടെ മെത്രാഭിഷേക രജത ജൂബിലി സമാപനം

വിവിധ രാജ്യങ്ങളിൽ നുൺഷ്യോയായി ശുശ്രൂഷ ചെയ്ത അഭി. മാർ ജോർജ് കോച്ചേരിയുടെ മെത്രാഭിഷേക രജത ജൂബിലി സമാപനാഘോഷത്തിന്റെ ഭാഗമായി ഓഗസ്റ്റ് 14നു നടത്തപ്പെട്ട പരിശുദ്ധ കുർബാനയിലും അനുമോദന സമ്മേളനത്തിലും അതിരൂപതാഭാരവാഹികൾ പങ്കെടുത്തു.

### കുട്ടനാട് ഐക്യദാർഢ്യധർണ

കുട്ടനാടൻജനതയുടെ ജീവനും ജീവിതവും നേരിടുന്ന പ്രതിസന്ധികൾ പൊതുസമൂഹത്തിൽ ഉന്നയിച്ചു പരിഹാരം തേടുന്നതിന്റെ ഭാഗമായി അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 17നു നടത്തപ്പെട്ട കുട്ടനാട് ഐക്യദാർഢ്യധർണയിൽ അതിരൂപതാഭാരവാഹികൾ പങ്കെടുത്തു. പിതൃവേദി അതിരൂപതാ പ്രസിഡന്റ് റോയി കപ്പാങ്കൽ, മാതൃവേദി അതിരൂപതാ പ്രസിഡന്റ് പ്രൊഫ. ഡോ. റോസമ്മ സോണി എന്നിവർ പ്രസംഗിച്ചു. ഇടവകകളിൽനിന്നു മാതൃവേദി-പിതൃവേദി പ്രവർത്തകർ അണിചേർന്നു.

## ഓർമിക്കാൻ

**സെപ്റ്റംബർ 5: ലോക അധ്യാപകദിനം:** മാതൃവേദി-പിതൃവേദി പ്രസ്ഥാനങ്ങളിൽ സജീവമായി സഹകരിക്കുന്ന അധ്യാപകരെയും അധ്യാപകദമ്പതികളെയും സമുചിതമായി ആദരിക്കാം.

**സെപ്റ്റംബർ 8: മാതൃവേദി സ്വർഗീയമധ്യസ്ഥ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ:** തിരുനാളാഘോഷത്തിൽ പങ്കുചേരുകയും വിവിധ ശുശ്രൂഷകളിലൂടെ ജനനതിരുനാളിന്റെ സന്തോഷം പങ്കുവെക്കുകയും ചെയ്യാം.

**സെപ്റ്റംബർ 10: ലോക ആത്മഹത്യവിരുദ്ധദിനം:** ആത്മഹത്യയ്ക്കെതിരെ, ജീവന്റെ മൂല്യം പ്രഘോഷിക്കുന്ന സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ സമുചിതമായ പരിപാടികൾ ക്രമീകരിക്കാം.

**സെപ്റ്റംബർ 20: മാതൃവേദി ജന്മദിനാഘോഷം:** അതിരൂപതാതലസമ്മേളനം ഉച്ചകഴിഞ്ഞ് 2.30നു തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയുടെ ഹാളിൽ നടത്തപ്പെടുന്നതാണ്. അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാടാണു മുഖ്യപ്രഭാഷകൻ.

**സെപ്റ്റംബർ 21: ലോകസമാധാനദിനം:** ലോകസമാധാനത്തിനുവേണ്ടി പ്രാർഥിക്കാം. വീടുകളിൽ സായാഹ്നപ്രാർഥനയ്ക്കുശേഷം മെഴുകുതിരി തെളിച്ചു വി. ഫ്രാൻസിസ് അസ്സീസ്സിയുടെ സമാധാനപ്രാർഥന ചൊല്ലാം.

# വിവാഹഒരുക്ക സെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| സെപ്റ്റംബർ | 01, 02, 03 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 15, 16, 17 | |
| | 30, ഒക്ടോബർ 01, 02 | |
| ഒക്ടോബർ | 13, 14, 15 | |
| | 27, 28, 29 | |

**വിവാഹഒരുക്ക സെമിനാർ വിവരങ്ങൾക്ക്: 0481 2424476, 9447016240 (ഫാമിലി അപ്പോസ്തലേറ്റ്)**
**വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**

❑

## നിത്യതയിലേക്ക്



**സി. വിസിറ്റേഷൻ തൈപ്പറമ്പിൽ SH**



**സി. കാൻഡിഡ് പുളിങ്ങാപ്പള്ളിൽ CMC**



**സി. ഗ്രാസിയ നാറാണത്ത് SH**

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി;
വിശ്വാസം കാത്തു." *(2 തിമോ. 4:7)*

# യുവദീപ്തി–എസ്.എം.വൈ.എം.

### കുറുമ്പനാടം–ചെങ്ങന്നൂർ ഫൊറോനാ ക്യാംപ്

കുറുമ്പനാടം, ചെങ്ങന്നൂർ ഫൊറോനകളുടെ പ്രാർഥന–പഠന–പരിശീലന ക്യാംപ് സംയുക്തമായി ജൂലൈ 25, 26, 27 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. ചെങ്ങന്നൂർ ഫൊറോനാ പ്രസിഡന്റ് സിറിൽ റ്റി. സക്കറിയായുടെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫാ. ജോൺസൺ മുണ്ടുവേലിൽ, സി. ഫിലോ ഒ.എൽ.പി., ജോർജി തോമസ്, ജെസ്ന ജയിംസ്, റിജോ വർഗീസ്, മെറിൻ കെ. തോമസ്, സ്വപ്ന സോണി, എബിൻ ആന്റണി, അലൻ ഷിയറ്റ്, ഐശ്വര്യ റോയി, എന്നിവർ പ്രസംഗിച്ചു. ഫാ. ജോൺ പതാലിൽ, ഫാ. സാവിയോ മാനാട്ട്, ഫാ. ജോസഫ് പുതുവീട്ടിൽകളം, ഫാ. മാത്യു പള്ളിച്ചിറ എന്നിവർ ക്ലാസ്സുകളെടുത്തു. ഫാ. മാത്യു വടക്കേയറ്റത്ത് പരിശുദ്ധ കുർബാനയുടെ ആരാധന നയിച്ചു.

### യുവജനദിനം: 'റിവൈവ് 2K25'

യുവദീപ്തി–എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 10 യുവജന ദിനമായി ആചരിച്ചു. നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാ പ്പള്ളിയുടെ ഹാളിലാണു പരിപാടികൾ നടത്തപ്പെട്ടത്. അതിരൂപതാ പ്രസിഡന്റ് അരുൺ റ്റോമിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ യുവജനദിനാചരണം ഉദ്ഘാടനം ചെയ്തു. സംഗീതസംവിധായകൻ അൽഫോൻസ് ജോസഫ് മുഖ്യപ്രഭാഷണം നടത്തി. പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്, അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, അസ്സി. ഡയറക്ടർ ഫാ. ജോസഫ് പുതുവീട്ടിൽകളം, ഫൊറോനാവികാരി ഫാ. വർഗീസ് കൈതപ്പറമ്പിൽ, ഫൊറോനാ ഡയറക്ടർ ഫാ. ആന്റണി കാച്ചാംകോട്, ഫൊറോനാ പ്രസിഡന്റ് നോയൽ പ്രേംസൺ, അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് വർഗീസ്, ജനറൽ സെക്രട്ടറി ക്രിസ്റ്റി കെ. കുഞ്ഞുമോൻ, ട്രെഷറർ അലക്സ് മഞ്ഞുമ്മേൽ എന്നിവർ പ്രസംഗിച്ചു. ലാലിച്ചൻ മറ്റത്തിൽ, സി. തെരസീന എൽ.ഡബ്ല്യൂ. എസ്.എച്ച്., റീജന്റ് ബ്രദർ ജോയൽ തോണക്കര, സെബിൻ തോമസ്, ജിയ വിൽസൻ, മിഷാൽ പി. ബിജു, ബെറ്റ്സി ബോസ്, സ്നേഹ സെബാസ്റ്റ്യൻ, സ്നേഹ സജി, ജോബിൻ ജോസഫ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി. യുവദീപ്തിയുടെ ആഭിമുഖ്യത്തിലുള്ള 'റൂഹാ ബാൻഡ്' സംഗീത സംവിധായകൻ അൽഫോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു.

### നീതി ഞായറാചരണം

അതിരൂപതയുടെ നേതൃത്വത്തിൽ വിവിധ സംഘടനകളുമായി സഹകരിച്ചു കോട്ടയം ഗാന്ധി സ്ക്വയറിൽ ഓഗസ്റ്റ് 16നു നീതിഞായറാചരണം നടത്തപ്പെട്ടു. ദളിത് ക്രൈസ്തവനീതിനിഷേധത്തിന്റെ 75–ാം വർഷത്തോടനുബന്ധിച്ചുള്ള പ്രതിഷേധത്തിൽ അതിരൂപതാ യുവദീപ്തി–എസ്.എം.വൈ.എം.ൽ

നിന്ന് അമ്പതിലേറെ യുവജനങ്ങൾ പങ്കെടുത്തു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പ്രസിഡന്റ് അരുൺ റ്റോം തോപ്പിൽ, അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, അസ്സി. ഡയറക്ടർ ഫാ. ജോസഫ് പുതുവീട്ടിൽകളം, ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് വർഗീസ് എന്നിവർ പ്രസംഗിച്ചു.

**കുട്ടനാടൻ ജനതയോട് ഐക്യദാർഢ്യം**

കുട്ടനാടൻജനത നേരിടുന്ന വെല്ലുവിളികൾക്കെതിരെ അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിലിന്റെ നേതൃത്വത്തിലുള്ള ധർണയിൽ അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം.ൽനിന്നു മുന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു. പ്രസ്തുതധർണയെ അഭിസംബോധന ചെയ്തുകൊണ്ട് അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, പ്രസിഡന്റ് അരുൺ റ്റോം തോപ്പിൽ, ജനറൽ സെക്രട്ടറി ക്രിസ്റ്റി കെ. കുഞ്ഞുമോൻ, ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് വർഗീസ്, കെ.സി.വൈ.എം. സിൻഡിക്കറ്റ് അംഗം ജോയൽ ജോൺ റോയി, ട്രെഷറർ അലക്സ് മഞ്ഞുമേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**കുടമാളൂർ ഫൊറോനാ ക്യാംപ്**

കുടമാളൂർ ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലന ക്യാംപ് ഓഗസ്റ്റ് 15 -17 തീയതികളിൽ മാന്നാനം ബി.എഡ്. കോളേജിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് അഖിൽ ജോസഫിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ ആർച്ചുപ്രീസ്റ്റ് ജോർജ് മംഗലത്തിൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, ഫൊറോനാ ഡയറക്ടർ ഫാ. സുനിൽ ആന്റണി, ഫൊറോനാ ഡെപ്യൂട്ടി പ്രസിഡന്റ് അലീന മരിയ മാത്യു, ജസ്റ്റിൻ തോമസ് എന്നിവർ പ്രസംഗിച്ചു. ഫാ. സാവിയോ മാനാട്ട്, ഫാ. ജോസഫ് പുതുവീട്ടിൽകളം, ഫാ. മാത്യു പള്ളിച്ചിറ എന്നിവർ ക്ലാസ്സുകളെടുത്തു. ഫാ. മാത്യു വടക്കേയറ്റത്ത് പരിശുദ്ധ കുർബാനയുടെ ആരാധന നയിച്ചു.

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**അരുൺ റ്റോം തോപ്പിൽ**
*(പ്രസിഡന്റ്)*

❑

# കെ.സി.എസ്.എൽ.

ഈശോയെ സ്നേഹംനിറഞ്ഞവരേ,

നമ്മുടെ വിദ്യാലയങ്ങൾ വിശ്വാസപരിശീലനത്തിന്റെ കളരിയായി മാറാൻ കെ.സി.എസ്.എൽ. പ്രവർത്തനങ്ങൾ സഹായിക്കുന്നു എന്നതു നമ്മുടെ വലിയ നേട്ടമാണ്. കെ.സി.എസ്.എൽ. പ്രവർത്തനങ്ങൾ ഊർജസ്വലതയോടെ ഓരോ യൂണിറ്റുകളിലും നടക്കുന്നതിൽ സന്തോഷം.

സ്കൂൾ സന്ദർശനങ്ങളുടെ ഭാഗമായി കോർപ്പറേറ്റ് മാനേജർ ഫാ. ആന്റണി മൂലയിലിന്റെ കൂടെ യൂണിറ്റുകളിൽ വരുമ്പോൾ, നിങ്ങളെ നേരിട്ടു കാണാനും യൂണിറ്റ് പ്രവർത്തനങ്ങൾ മനസിലാക്കാനും സാധിക്കുന്നു എന്നത് ഏറെ സന്തോഷം നൽകുന്ന കാര്യമാണ്!

സ്നേഹപൂർവം,

**ഫാ. മാത്യു പള്ളിച്ചിറ**
*(ഡയറക്ടർ)*

**ഹയർ സെക്കൻഡറി സ്കൂൾ ക്യാംപ്**

ഈശോയുടെ മനുഷ്യാവതാര ജൂബിലിയാഘോഷിക്കുന്ന ഈ വർഷം, അതിരൂപതയിൽനിന്നു നമ്മളോട് ആവശ്യപ്പെട്ടിരിക്കുന്നത് ക്രൈസ്തവ വ്യക്തിത്വം വികസിപ്പിക്കാൻ സഹായകമായ ക്യാംപുകൾ കുട്ടികൾക്കായി സജ്ജീകരിക്കാനാണ്.

അതിന്റെയാരംഭമെന്നനിലയിൽ **സെപ്റ്റംബർ 20, 21** തീയതികളിൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾക്കുവേണ്ടി ക്യാംപ് നടത്തപ്പെടുകയാണ്. ഹയർ സെക്കൻഡറി സ്കൂളുകളിൽനിന്നു രണ്ടു വിദ്യാർഥികളെ ഇതിലേക്ക യയ്ക്കാൻ അധ്യാപകർ ശ്രദ്ധിക്കുക. വിദ്യാർഥികളുടെ വിശ്വാസജീവിതത്തെ സഹായിക്കുന്ന രീതിയിൽ ക്ലാസ്സുകളും വർക്ഷോപ്പുകളും ക്രമീകരിച്ചിട്ടുണ്ട്.

**സാഹിത്യോത്സവം-കലോത്സവം**

ഇനി വരുന്ന മാസങ്ങൾ സാഹിത്യോത്സവങ്ങളുടെയും കലോത്സവങ്ങളുടെയും സമയമാണ്. ഈ വർഷം അതിരൂപതാതലത്തിലും സംസ്ഥാനതലത്തിലും മത്സരങ്ങളുണ്ടെന്നുള്ള കാര്യം ഓർമിപ്പിക്കുന്നു.

**സാഹിത്യോത്സവം**

അതിരൂപതാസാഹിത്യോത്സവം (സോണൽ): **സെപ്റ്റംബർ 27**

സംസ്ഥാനസാഹിത്യോത്സവം: **ഒക്ടോബർ 11** (ഹോളി ഫാമിലി ഹയർ സെക്കൻഡറി സ്കൂൾ, കോട്ടയം)

**കലോത്സവം**

അതിരൂപതാകലോത്സവം: **നവംബർ 22**

സംസ്ഥാനകലോത്സവം: **ജനുവരി 9, 10**

സംസ്ഥാനകലോത്സവം നമ്മുടെ അതിരൂപതയാണു സംഘടിപ്പിക്കുന്നത്. അതിന്റെ ഒരുക്കങ്ങൾക്കായി എല്ലാവരുടെയും സഹകരണമുണ്ടാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഉടനെ അറിയിക്കുന്നതാണ്.

❑

# സീയോൻ ധ്യാനകേന്ദ്രം

### സീനിയർ സിറ്റിസൺസ് ഗ്രെയ്സ്ഫുൾ ധ്യാനം

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷ സന്ദേശം 'എല്ലാവർക്കും പ്രത്യാശ' എന്നതാണ്. പ്രായാധിക്യത്താൽ ജീവിക്കാനുള്ള പ്രത്യാശ കുറയുന്നവരാണു വൃദ്ധജനങ്ങൾ. പ്രായമായ മാതാപിതാക്കൾക്കു പ്രത്യാശയും സമാധാനവും സന്തോഷവും പകരുന്നതാണു ഗ്രെയ്സ്ഫുൾ ധ്യാനം. ഇക്കാര്യം പള്ളികളിലറിയിക്കാനും അവരെ ഈ ധ്യാനത്തിൽ പങ്കെടുപ്പിക്കാനും വികാരിയച്ചന്മാർ മുൻകൈയെടുക്കണം.

ബുക്കിങ്ങിന്: **8086399023, 9495107045**

**അടുത്തധ്യാനങ്ങൾ:**
**സെപ്റ്റംബർ 08-11**
**ഒക്ടോബർ 19-22**

**ജൂബിലി വർഷത്തിൽ ഇടവകകളിൽ സീനിയർ സിറ്റിസൺ സംഗമം, രോഗീദിനാചരണം എന്നിവ നടത്താൻ വിളിക്കുക: 9495107045**

### സെപ്റ്റംബറിലെ ശുശ്രൂഷകൾ

01-03 : വിവാഹഒരുക്ക സെമിനാർ
04-06 : എക്യുമെനിക്കൽ ക്യാംപ്
08 : മരിയൻ കൺവെൻഷൻ
08-11 : സീനിയർ സിറ്റിസൺസ് ധ്യാനം
12-13 : സി.എസ്.എം. ക്യാംപ് (സെന്റ് ബർക്മൻസ് കോളേജ് ചങ്ങനാശ്ശേരി)
15-17 : വിവാഹഒരുക്ക സെമിനാർ
19-20 : പരിശുദ്ധ കുർബാനയുടെ ശുശ്രൂഷകരുടെ ക്യാംപ്
21-25 : സന്യാസിനികൾക്കുള്ള ധ്യാനം (തമിഴ്നാട്)
30 : വിവാഹഒരുക്ക സെമിനാർ

**സീയോൻ ധ്യാനകേന്ദ്രത്തിൽ ക്യാംപുകളും മറ്റുശുശ്രൂഷകളും നടത്താനാഗ്രഹിക്കുന്നവർ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ: 9495107045**

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

❑

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി (CHASS)

**ചാസ്സിൽനിന്നും ആശംസകൾ**

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

മലയാളികളെ സംബന്ധിച്ചിടത്തോളം ചിങ്ങമാസം കർഷകദിനത്തിന്റെയും തിരുവോണത്തിന്റെയും നാളുകളാണ്. സമൃദ്ധിയുടെയും സമത്വത്തിന്റെയും കൂട്ടായ്മയുടെയും ഉത്സവമായ തിരുവോണം മറക്കാനാകാത്ത ഒന്നാണ്. അതുപോലെതന്നെ കൃഷിയെയും കർഷകരെയും ആദരിക്കുന്നതിന്റെ ഭാഗമായാണു നാം കർഷകദിനം ആചരിക്കുന്നത്. നമ്മുടെ യൂണിറ്റിന്റെ പരിധിയിൽപ്പെടുന്ന മികച്ച കർഷകരെ കണ്ടെത്തി അവരുടെ കഠിനപ്രയത്നങ്ങളെയും അധ്വാനത്തെയും അംഗീകരിക്കാനും ആദരിക്കാനും നമുക്കു കഴിയണം. കാർഷിക സംസ്കാരത്തിന്റെ പുനർജീവനത്തിനും യുവത്വത്തെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനുമുതകുന്ന പുത്തൻപ്രവർത്തനശൈലികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ നമ്മുടെ യൂണിറ്റുകൾ ശ്രദ്ധിക്കണം. ഇതിനായി ഓരോ യൂണിറ്റുകളിലെയും അഗ്രിക്കൾച്ചറൽ കമ്മിറ്റിയെ സജീവമാക്കണം. കർഷകസംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്, ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയുടെ നേതൃത്വത്തിൽ കേന്ദ്ര-കേരളസർക്കാരുകളുടെ പദ്ധതികളെക്കുറിച്ചു ജനങ്ങൾക്ക് അറിവുനൽകണം

കൃഷിയില്ലാതെ നമുക്ക് ആഹാരവും സുസ്ഥിരതയുമില്ല. അതുകൊണ്ടു കർഷകരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുകയെന്നതു നമ്മുടെ ഉത്തരവാദിത്വമായി മാറണം. ദിനാചരണങ്ങളൊക്കെ അർഥവത്താകുന്നത് ഈ തിരിച്ചറിവിൽനിന്നാണ്. ഈ ഓണക്കാലത്തു നമ്മുടെ തൊടിയിൽ വിളയിച്ച വിഷലിപ്തമല്ലാത്ത പച്ചറികളാകട്ടെ നമ്മുടെ ഊണുമേശയിൽ വിളമ്പുന്നത്. ഏവർക്കും ഐശ്വര്യത്തിന്റെയും സമ്പദ്സമൃദ്ധിയുടെയും ഓണം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**വിദ്യാർഥികൾക്ക് ഓറിയന്റേഷൻ പ്രോഗ്രാം:** ബിരുദാനന്തരബിരുദപഠനത്തിന്റെ ഭാഗമായി ജൂലൈ 31നു ചെത്തിപ്പുഴ ക്രിസ്തുജ്യോതി കോളേജിൽ നിന്നുമെത്തിയ 43 വിദ്യാർഥികൾക്കു ചാസ്സ് കോൺഫ്രൻസ് ഹാളിൽ ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു.

**സോഷ്യൽ വർക്ക് വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ്:** ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽനിന്ന് ഇന്റേൺഷിപ്പിന്റെ ഭാഗമായി ഓഗസ്റ്റ് 14നു പതിനാലു സോഷ്യൽ വർക്ക് വിദ്യാർഥികൾ ചാസ്സിലെത്തി.

## സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 06.08.2025 | കായൽപ്പുറം | സാൻജോസ് | 10 |
| 13.08.2025 | ചമ്പക്കുളം | കൃപ | 10 |
| 13.08.2025 | പച്ചക്കാട് | ധ്വനി | 15 |

### ബാങ്ക് ലോൺ

ചാസ്സിന്റെ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി.കളിലെ അംഗങ്ങൾക്കു സ്വയംതൊഴിൽസംരംഭം ഏറ്റെടുത്തു നടത്തുന്നതിനും കാർഷികാവശ്യങ്ങൾക്കും ബാങ്ക് ഓഫ് ഇൻഡ്യയിൽനിന്ന് 20 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *എസ്.എച്ച്.ജി.* | *ജെ.എൽ.ജി.* | *യൂണിറ്റ്* |
|---|---|---|---|
| 23.07.2025 | ഹരിത | പൗർണമി | ഫാത്തിമാപുരം |
| 23.07.2025 | ഹരിത | ദീപം | ഫാത്തിമാപുരം |
| 06.08.2025 | ഹരിത | നക്ഷത്ര | ഫാത്തിമാപുരം |
| 06.08.2025 | ഹരിത | പവിത്രം | ഫാത്തിമാപുരം |
| 19.08.2025 | ഫിനിക്സ് | തേജസ് | ചങ്ങനാശ്ശേരി |
| 20.08.2025 | നവധാര | നവധാര | ചാഞ്ഞോടി |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1. എസ്.എച്ച്.ജി. മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 20,000 രൂപ വീതം 5 കുടുംബങ്ങൾക്കു 1,00,000 രൂപ മരണാനന്തരസഹായം അനുവദിച്ചു).

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 718. ജോസഫ് വർഗീസ് | മഹാത്മ സെന്റ് തെരേസാസ് | കാവാലം | പുളിങ്കുന്ന് |
| 719. ചിന്നമ്മ മാത്യു | സമൃദ്ധി | നാൽപ്പാത്തിമല | അതിരമ്പുഴ |
| 720. പി. ജെ. മാത്യു | മഹാത്മ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 721. എ. എ. വർക്കി | സെന്റ് മാത്യൂസ് | അയർക്കുന്നം | കോട്ടയം |
| 722. കെ. വി. ഫിലിപ്പ് | മുട്ടാർ അസ്സോസിയേറ്റ്സ് | മുട്ടാർ ഓൾഡ് | എടത്വ |

**2. മ്യൂച്വൽ ബനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10,000 രൂപ വീതം 11 കുടുംബങ്ങൾക്ക് 1,10,000 രൂപ മരണാനന്തരസഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1253. പി. ജെ. മാത്യു പൊടിമറ്റത്തിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 1254. ചിന്നമ്മ മാത്യു പൊടിമറ്റത്തിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 1255. ഷൈനി സെബാസ്റ്റ്യൻ പുത്തൻപനമ്പിൽ | പുതുക്കരി | എടത്വാ |
| 1256. മറിയക്കുട്ടി ജോൺ ചെന്നെല്ലിക്കുന്നേൽ | മായം | അമ്പൂർ |
| 1257. കെ. വി. ഫിലിപ്പ് കൊച്ചുവീട്ടിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 1258. മേരിക്കുട്ടി വലിയവീട്ടിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 1259. മാത്തുക്കുട്ടി തൊണ്ണൂറിൽചിറ | കൊണ്ടാക്കൽ | ചമ്പക്കുളം |
| 1260. അന്നമ്മ ജോസഫ് കണ്ണന്തറ | പൊടിപ്പാറ | തുരുത്തി |
| 1261. മറിയാമ്മ തോമസ് ഇളപ്പുങ്കൽ | കൊടിനാട്ടുംകുന്ന് | തൃക്കൊടിത്താനം |
| 1262. വി. ഒ. ദേവസ്യ വടക്കേകുറ്റ് | കൂത്രപ്പള്ളി | നെടുങ്കുന്നം |
| 1263. രാജേന്ദ്രകുമാർ മേക്കേമഠം | പാറേൽ | ചങ്ങനാശ്ശേരി |

## മേഖലാവാർത്തകൾ

**കാർഷിക സെമിനാർ:** മുടിയൂർക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വാശ്രയ സംഘ സംഗമത്തോടനുബന്ധിച്ചു ജൂലൈ 26നു കാർഷിക സെമിനാർ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോർജ് അറമ്പിൽ അധ്യക്ഷതവഹിച്ചു. സെക്രട്ടറി ബിനു ജോസഫ് സ്വാഗതം ആശംസിച്ചു. 'അടുക്കളത്തോട്ടവും ഔഷധച്ചെടികളും' എന്ന വിഷയത്തിൽ കൃഷി അസ്സി. ഓഫീസർ അശ്വതി എസ്. ക്ലാസ്സെടുത്തു.

**ഗ്രാന്റ് പേരന്റ്സ് ഡേ:** മുടിയൂർക്കര യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഗ്രാന്റ് പേരന്റ്സ് ഡേയോടനുബന്ധിച്ചു ജൂലൈ 26നു സ്വാശ്രയസംഘങ്ങളിൽ ഗ്രാന്റ് പേരന്റ്സായ അംഗങ്ങളെ യൂണിറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ ആദരിച്ചു.

**യൂണിറ്റ് സന്ദർശനം:** ചാഞ്ഞോടി യൂണിറ്റ് തല പ്രവർത്തനങ്ങൾ ശക്തീകരിക്കുന്നതിന്റെ ഭാഗമായി ജൂലൈ 28നു ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് തൂമ്പുങ്കൽ, എക്സിക്യൂട്ടിവംഗങ്ങൾ സ്വാശ്രയസംഘഭാരവാഹികൾ എന്നിവരുമായി ചർച്ച നടത്തി.

**യൂണിറ്റ് രൂപീകരണം:** നെടുങ്കുന്നം മേഖലയിൽ ഓഗസ്റ്റ് മൂന്നിനു ചാസ്സ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**ഓണവിപണി:** കരുവാറ്റ 'കാരുണ്യ' സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 6 മുതൽ തുണിത്തരങ്ങളുടെ വിപണനമേള ആരംഭിച്ചു. സംഘം പ്രസിഡന്റ് റീത്താമ്മ മേള ഉദ്ഘാടനം ചെയ്തു.

**മേഖലാസമ്മേളനം:** പുളിങ്കുന്ന് മേഖലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഓഗസ്റ്റ് എട്ടിനു പുന്നക്കുന്നത്തുശ്ശേരി

യൂണിറ്റിൽ മേഖലാ പ്രസിഡന്റ് തങ്കച്ചൻ വേലക്കളത്തിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. കോഡിനേറ്റർ പ്രവർത്തനങ്ങൾ വിശദീകരിച്ചു. യൂണിറ്റിൽ നിന്നു പങ്കെടുത്ത ഭാരവാഹികൾ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**സ്കോളർഷിപ്പ് വിതരണം:** പൊങ്ങ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 10നു എസ്.എസ്.എൽ.സി., +2 ക്ലാസ്സുകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വർക്കുവേണ്ടി ഏർപ്പെടുത്തിയ ക്യാഷ് അവാർഡ് ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ് വെള്ളാനിക്കലിന്റെ സാന്നിധ്യത്തിൽ വിതരണം ചെയ്തു.

**ലഹരിവിരുദ്ധ സെമിനാർ:** പൊങ്ങ യൂണിറ്റിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 10നു ലഹരിവിരുദ്ധ സെമിനാർ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ് വെള്ളാനിക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഇടവകാംഗങ്ങൾക്കും യുവ ജനങ്ങൾക്കുംവേണ്ടിയുള്ള സെമിനാറിൽ ലഹരിയുടെ ഉപയോഗം, ദൂഷ്യ ഫലങ്ങൾ, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ചു പുന്നപ്ര അക്സെപറ്റ് ഐ.ആർ.സി.എ. കോഡിനേറ്റർ നിഥിൻ ചന്ദ്ര ക്ലാസ്സെടുത്തു. 150 അംഗങ്ങൾ പങ്കെടുത്തു.

**നവസംരംഭം:** വടക്കേ അമിച്ചകരി യൂണിറ്റിലെ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 10 മുതൽ പ്രഭാതഭക്ഷണം, അച്ചാറുകൾ, കറി പൗഡറുകൾ തുടങ്ങിയവയുടെ വിതരണം ആരംഭിച്ചു.

വനിതാ ശക്തീകരണത്തിന്റെ ഭാഗമായി ഇരവുചിറ യൂണിറ്റിൽ 'മിമി ഡ്രെസ് മേക്കേഴ്സ്' എന്ന പേരിലാരംഭിച്ച ടെയ്‌ലറിങ് യൂണിറ്റ് ഓഗസ്റ്റ് 15നു യൂണിറ്റ് ഡയറക്ടർ ഫാ. ജയിംസ് അത്തിക്കളം ഉദ്ഘാടനം ചെയ്തു.

**തയ്യൽപരിശീലനം:** മാടപ്പള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 11ന് ആരംഭിച്ച തയ്യൽപരിശീലനം ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം ചെയ്തു.

കാവാലം സെന്റ് തെരേസാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 15നു തയ്യൽപരിശീലനമാരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് കാട്ടടി പരിശീലനം ഉദ്ഘാടനം ചെയ്തു. 20 വനിതകൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

**സ്വാശ്രയവിപണി:** സംഘാംഗങ്ങൾ ഉത്പാദിപ്പിക്കുന്ന നാടൻവിഭവങ്ങൾ വിപണനം നടത്തുന്നതിനുവേണ്ടി ഏറ്റുമാനൂർ യൂണിറ്റിൽ സ്വാശ്രയസംഘാംഗങ്ങളുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 12നു സ്വാശ്രയവിപണിയാരംഭിച്ചു.

**കുടനിർമാണപരിശീലനം:** പുഴവാത് യൂണിറ്റിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 13നു 30 വനിതകൾക്കു കുടനിർമാണത്തിൽ പരിശീലനം നൽകി. ഗ്രെയ്സമ്മ ജോസഫ് പരിശീലനത്തിനു നേതൃത്വം നൽകി.

**മേഖലാസമ്മേളനം:** ചമ്പക്കുളം മേഖലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഓഗസ്റ്റ് 16നു വൈശ്യംഭാഗം യൂണിറ്റിൽ മേഖലാസമ്മേളനം നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി തേവാരി അധ്യക്ഷതവഹിച്ചു. യൂണിറ്റുകൾക്ക് ഏറ്റെടുത്തു നടത്താവുന്ന മാലിന്യ സംസ്കരണം, ജലസംരക്ഷണമാർഗങ്ങൾ എന്നിവയെക്കുറിച്ചു വിശദീകരിച്ചു.

**സ്വാശ്രയസംഘവാർഷികം-കുടുംബസംഗമം:** വടവാതൂർ യൂണിറ്റിലെ സ്വാശ്രയസംഘാംഗങ്ങളുടെ സ്വാശ്രയസംഘവാർഷികവും കുടുംബസംഗമവും ഓഗസ്റ്റ് 17നു വടവാതൂർ പള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം യോഗം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് കുന്നുംപുറം അധ്യക്ഷതവഹിച്ചു. ചാസ്സിന്റെ പദ്ധതികളെക്കുറിച്ചു മേഖലാ കോഡിനേറ്റർ റ്റോം സി. തയ്യിൽ വിശദീകരിച്ചു. സംഘഭാരവാഹികൾ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**വൃക്ഷത്തൈവിതരണം:** വെട്ടിമുകൾ യൂണിറ്റിൽ കർഷകദിനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 17നു യൂണിറ്റ് ഡയറക്ടർ ഫാ. സിറിൾ നാൽപ്പതാംകളം ഫാർമേഴ്സ് ക്ലബ്ബ് അംഗങ്ങൾക്കു ചന്ദനത്തൈ വിതരണം ചെയ്തു.

**കർഷകദിനാചരണം:** വൈശ്യംഭാഗം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 16നു കർഷകദിനാചരണം നടത്തപ്പെട്ടു. ഇടവകയിലെ മികച്ച കർഷകരായ തോമസ് അമ്പതിൽചിറ, തോമസുകുട്ടി റ്റി. തയ്യിൽ, ബേബിച്ചൻ മുട്ടുങ്കൽ എന്നിവരെ യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി തേവാരി പൊന്നാടയണിയിച്ച് ആദരിച്ചു.

പൊങ്ങന്താനം ചാസ്സ് ഫാർമേഴ്സ് വെൽഫയർ പ്രൊഡ്യൂസേഴ്സ് കമ്പനി നെടുങ്കുന്നം ഗ്രാമപഞ്ചായത്തുമായി സഹകരിച്ചു ചിങ്ങം ഒന്നിനു കർഷകദിനാചരണം സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് രാജമ്മ രവീന്ദ്രൻ അധ്യക്ഷതവഹിച്ചു. ഡോ. ജയരാജ് എം.എൽ.എ. ദിനാചരണം ഉദ്ഘാടനം ചെയ്തു. കാർഷികോപകരണങ്ങൾ ലഭിക്കുന്നതിനുള്ള സ്മാം രജിസ്ട്രേഷൻ സംബന്ധിച്ച് ഉണ്ണിത്താൻ സെമിനാറെടുത്തു. മികച്ച 9 കർഷകരെ ആദരിച്ചു. പച്ചക്കറിത്തൈകൾ, മൂല്യവർധിതോത്പന്നങ്ങൾ എന്നിവയുടെ വിപണനമുണ്ടായിരുന്നു.

കാവാലം സെന്റ് തെരേസാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ചിങ്ങം ഒന്നു കർഷകദിനത്തോടനുബന്ധിച്ചു യൂണിറ്റ് അംഗങ്ങളിൽനിന്നു തെരഞ്ഞെടുത്ത മികച്ച കർഷകരായ സിജി കുര്യൻ, ജോർജ് സെബാസ്റ്റ്യൻ, കെ. റ്റി. മാത്യു, കെ. റ്റി. തോമസ് എന്നിവരെ യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് കാട്ടടി പൊന്നാടയണിയിച്ച് ആദരിച്ചു.

**ഫാർമേഴ്സ് ക്ലബ്ബ് സംഗമം-കർഷകദിനാചരണം:** തായങ്കരി യൂണിറ്റിൽ നടത്തപ്പെട്ട ഫാർമേഴ്സ് ക്ലബ്ബ് സംഗമവും കർഷകദിനാചരണവും യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് കുഴിപ്പള്ളി ഉദ്ഘാടനം ചെയ്തു. നെടുമുടി എ.എസ്. ഐ. അനിൽ കുമാർ, സെക്രട്ടറി ജോസഫ് അഗസ്റ്റിൻ എന്നിവർ ആശംസകളർപ്പിച്ചു. ഫാർമേഴ്സ് ക്ലബ്ബ് അംഗങ്ങൾക്ക് 5 ഗ്രോ ബാഗുകളും പച്ചക്കറിത്തൈകളും സൗജന്യമായി വിതരണം ചെയ്തു.

**മഴവെള്ളസംഭരണി:** പച്ച-ചെക്കിടിക്കാട് യൂണിറ്റിന്റെ നേതൃത്വത്തിൽ ശുദ്ധജലദൗർലഭ്യം പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി ചാസ്സിന്റെ നാചറൽ റിസോഴ്സ് മാനേജുമെന്റ് പദ്ധതി വഴി മൂന്നുകുടുംബങ്ങളിൽ മഴവെള്ളസംഭരണി നിർമിച്ചു.

**ആയുർവേദ മെഡിക്കൽ ക്യാംപ്:** വില്ലൂന്നി ചാസ്സ് യൂണിറ്റ്, മാതൃ-പിതൃ വേദി, യുവദീപ്തി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വില്ലൂന്നി പള്ളിയുടെ ഹാളിൽ ഓഗസ്റ്റ് 16നു സൗജന്യ അസ്ഥിസാന്ദ്രതാപരിശോധനയും ആയുർവേദ മെഡിക്കൽ ക്യാംപും നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അന്നമ്മ മാണി അധ്യക്ഷതവഹിച്ചു.

**യൂണിറ്റ് സന്ദർശനം:** ചാസ്സിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വെരൂർ, ളായിക്കാട്, പാറേൽ, കൂത്രപ്പള്ളി, കരിമ്പനക്കുളം യൂണിറ്റുകൾ ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം സന്ദർശിച്ചു. യൂണിറ്റ് ഡയറക്ടർമാരും എക്സിക്യുട്ടിവംഗങ്ങളും സന്നിഹിതരായിരുന്നു.

❑

# ചാസ്സ്–ഖാദി ഗ്രാമവ്യവസായമേഖല

### റ്റോക്കിയോ യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികളുടെ സന്ദർശനം

ഓഗസ്റ്റ് 13നു റ്റോക്കിയോയിൽനിന്ന് 15 കോളേജ് വിദ്യാർഥികൾ പഠനഭാഗമായി മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ സന്ദർശിച്ചു. ഖാദി ഗ്രാമവ്യവസായ ഉല്പന്നങ്ങളുടെ പരിശീലന-നിർമാണ-വിപണനരീതികൾ അവർ നേരിൽകണ്ടു ബോധ്യപ്പെട്ടു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽനിന്ന് അവരെ അനുഗമിച്ച അധ്യാപകരെകൂടി ഉൾപ്പെടുത്തി അന്നേദിവസം വിദ്യാലയയിലെ പഠിതാക്കളുമായി ചേർന്നു വ്യവസായസംരംഭകത്വശില്പശാലയും നടത്തപ്പെട്ടു.

### ബീ–കീപ്പിങ് ഹോബി കോഴ്സ്

ഓഗസ്റ്റ് 25നു മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ ആരംഭിച്ച ഒരാഴ്ചത്തെ ബീ-കീപ്പിങ് ഹോബി കോഴ്സ് ഓഗസ്റ്റ് 30നു സമാപിച്ചു. 15 വിദ്യാർഥികൾ പങ്കെടുത്തു.

### ബേക്കറി കോഴ്സ് പരിശീലനം

ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ ഡിപ്പാർട്ടുമെന്റുകളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട 41 വിദ്യാർഥിനികളെ ഉൾപ്പെടുത്തി ഓഗസ്റ്റ് 18ന് ആരംഭിച്ച ഒരാഴ്ചത്തെ ബേക്കറി പരിശീലനം ഓഗസ്റ്റ് 23നു സമാപിച്ചു.

### പേപ്പർ ക്യാരിബാഗ് നിർമാണപരിശീലനം

മാനസികവൈകല്യമുള്ള സ്ത്രീകളെ സംരക്ഷിക്കുന്ന കിടങ്ങറയിലുള്ള സ്നേഹതീരം സ്ഥാപനത്തിൽ ഓഗസ്റ്റ് 19ന് ഒരുമാസത്തെ പേപ്പർ ക്യാരിബാഗ് നിർമാണപരിശീലനമാരംഭിച്ചു. 36 സ്ത്രീകൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

### ബ്യൂട്ടിഷൻ കോഴ്സ് സമാപനം

കൂത്രപ്പള്ളി പ്രതീക്ഷ സോഷ്യൽ സെന്ററിലാരംഭിച്ച രണ്ടുമാസത്തെ ബ്യൂട്ടിഷൻ കോഴ്സ് ഓഗസ്റ്റ് 27നു സമാപിച്ചു. 11 വനിതകൾ പങ്കെടുത്തു.

**2025 സെപ്റ്റംബറിലാരംഭിക്കുന്ന സ്റ്റൈപ്പെന്ററി/ ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9961274993, 9447160207, 7907144684)**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | ഫീസ് | സ്ഥലം | സീറ്റ് എണ്ണം |
|---|---|---|---|---|---|
| തയ്യൽപരിശീലനം | 15.09.2025 | 2 മാസം | 2000 | സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി | 20 |
| ബ്യൂട്ടിഷൻ കോഴ്സ് | | | 2500 | | |

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
*(ഡയറക്ടർ, ചാസ്സ്-ഖാദി;*
*പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*7994111005*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
*9496807124*

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
*9633521483*

❑

# ക്രിസ്സ്

## (KUTTANAD RESEARCH AND REVIVAL INITIATIVE SOCIETY)

സ്നേഹംനിറഞ്ഞവരേ,

അതിരൂപതയുടെ വിശ്വാസസമൂഹത്തിന്റെ ഏറിയപങ്കും അധിവസിക്കുന്ന കുട്ടനാട്ടിലെ ജനങ്ങളുടെ സാമൂഹിക-ഭൗതികരംഗങ്ങളിലെ സമഗ്രവളർച്ചക്കായി രൂപംകൊണ്ടിരിക്കുന്ന ക്രിസ്സ്-ഇൻഫാമിന്റെ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടുകൊണ്ടുപോകുന്നതിൽ പിന്തുണ നൽകുന്നവരെ ഏറെ നന്ദിയോടെ ഓർക്കുന്നു.

**ഫാ. ജോസഫ് പള്ളിച്ചിറയിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് താന്നിയത്ത്**
*(ഡയറക്ടർ)*

### കുട്ടനാടിന്റെ വെള്ളപ്പൊക്കം-പ്രശ്നപരിഹാരം സംവാദമൊരുക്കി ക്രിസ്സ്-ഇൻഫാം

ക്രിസ്സ്-ഇൻഫാമിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് ഒന്നിനു പള്ളിക്കൂട്ടുമ്മ ഫാത്തിമ മാതാ പള്ളിയുടെ ഹാളിൽ കുട്ടനാട് നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി സംവാദം നടത്തപ്പെട്ടു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ സംവാദവും സമ്മേളനവും ഉദ്ഘാടനം ചെയ്തു. കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പ്രതിനിധികൾ, പാടശേഖര കമ്മിറ്റി സെക്രട്ടറിമാർ, പ്രസിഡന്റുമാർ, കർഷകർ, ക്രിസ്സ്-ഇൻഫാം അംഗങ്ങൾ തുടങ്ങിയവർ സംവാദത്തിൽ പങ്കെടുത്തു. കുട്ടനാട്ടിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കവും പരിഹാരമാർഗങ്ങളുമാണു പ്രധാനമായും ചർച്ച ചെയ്തത്. കുട്ടനാട് എം.എൽ.എ. തോമസ് കെ. തോമസ് (ഓൺലൈനിൽ) ചങ്ങനാശ്ശേരി എം.എൽ.എ. ജോബ് മൈക്കിൾ എന്നിവർ സംവാദത്തിൽ പങ്കെടുത്തു. കുഫോസിലെ പ്രൊഫ. വി. എൻ. വിജയൻ, കേരള ഇറിഗേഷൻ ഇൻസ്ട്രക്ചർ ഡിവലപ്പുമെന്റ് കോർപ്പറേഷൻ ഡി.ജി.എം. എൻജിനീയർ ഹരൻ ബാബു എന്നിവർ വിഷയാവതരണം നടത്തി. സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി അധ്യക്ഷതവഹിച്ചു. ഫാ. റ്റോം പുത്തൻകളം, ഫാ. ജയിംസ് പാലക്കൽ, ഡയറക്ടർ ഫാ. തോമസ് താന്നിയത്ത്, അസ്സി. ഡയറക്ടർ ഫാ. ജോസഫ് പള്ളിച്ചിറയിൽ, അതിരൂപതാ പ്രസിഡന്റ് ഡോ. സേവിച്ചൻ, സെക്രട്ടറി ആൻഡ് പി.ആർ.ഒ. റ്റോം ജോസഫ് ചമ്പക്കുളം, കർഷകപ്രമുഖർ, പാടശേഖരസമിതിഭാരവാഹികൾ എന്നിവർ സംവാദത്തിൽ പങ്കുചേർന്നു.

### കർഷകദിനത്തിൽ കർഷകരെ ആദരിക്കൽ

മുഹമ്മ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ നടത്തപ്പെട്ട കർഷകസംഗമവും വൃക്ഷത്തൈവിതരണവും ഡയറക്ടർ ഫാ. തോമസ് താന്നിയത്ത് ഉദ്ഘാടനം ചെയ്തു. വിശ്രമജീവിതം നയിക്കുന്ന മുൻകാലകർഷകരെ ആദരിച്ചു. ഫൊറോനാവികാരി ഫാ. ആന്റണി കാട്ടൂപ്പാറ അധ്യക്ഷതവഹിച്ചു. സേവിച്ചൻ പി. ജെ., റ്റോം ജോസഫ്, ജോണിച്ചൻ മണ്ണുപറമ്പിൽ, റോയി മുഹമ്മ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

### കുട്ടനാട് ഐക്യദാർഢ്യധർണ

അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെയും സംഘടനകളുടെയും സഹകരണത്തോടെ ഓഗസ്റ്റ് 17നു മങ്കൊമ്പിൽ നടത്തപ്പെട്ട കുട്ടനാട് ഐക്യദാർഢ്യധർണയിൽ ക്രിസ്സ്-ഇൻഫാം സജീവമായ പങ്കാളിത്തംവഹിച്ചു. ഡയറക്ടർ ഫാ. തോമസ് താന്നിയത്ത് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ടു സംസാരിച്ചു. ❑

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

**സ്വാതന്ത്ര്യദിനാഘോഷം**

സ്വാതന്ത്ര്യത്തിന്റെ 79-ാം വാർഷികദിനാഘോഷം വിപുലമായ പരിപാടികളോടെ ഓഗസ്റ്റ് 15നു നടത്തപ്പെട്ടു. അസ്സോ. ഡയറക്ടർ ഫാ. മാർട്ടിൻ മുപ്പതിൽചിറ പതാക ഉയർത്തി. ദിനാചരണസന്ദേശം, ദേശഭക്തിഗാനാലാപനം, മധുരവിതരണം എന്നിവ ഇതിന്റെ ഭാഗമായിരുന്നു.

**സൗജന്യ തിമിരനിർണയ ശസ്ത്രക്രിയാ ക്യാംപ്**

ആശുപത്രിയുടെ നേതൃത്വത്തിൽ മാതൃ-പിതൃവേദിയുടെയും പാലിയേറ്റീവ് കെയർ യൂണിറ്റിന്റെയും സഹകരണത്തോടെ പാറമ്പുഴ ബേത്‌ലെഹെം പള്ളിയിൽ ഓഗസ്റ്റ് 10നു സൗജന്യ തിമിരനിർണയ ശസ്ത്രക്രിയാ ക്യാംപ് നടത്തപ്പെട്ടു. നൂറിലധികം രോഗികൾക്കു പ്രയോജനം ലഭിച്ചു. തെരഞ്ഞെടുക്കപ്പെട്ടവർക്കു സൗജന്യതിമിരശസ്ത്രക്രിയ ചെയ്തു നൽകി.

**ബ്രോൺ പ്രിവിലേജ് കാർഡ്**

ആശുപത്രിയുടെ ബ്രോൺ പ്രിവിലേജ് കാർഡ് മണിമല ഹോളി മാഗി ഫൊറോനാ മാതൃ-പിതൃവേദി അംഗങ്ങൾക്കു നൽകും. ഒ.പി. മുതൽ എല്ലാ ചികിത്സകൾക്കും 25% വരെ ഡിസ്കൗണ്ട് നൽകുന്ന പദ്ധതിയാണിത്. മാതൃ-പിതൃവേദി സംഘടനകളിലെ സജീവാംഗങ്ങൾക്കും അവരുടെ കുടുംബങ്ങൾക്കും ഇതുകൊണ്ടു പ്രയോജനം ലഭിക്കും. ഹോളി മാഗി ഫൊറോനാവികാരി ഫാ. അബ്രാഹം തയ്യിൽ നെടുംപറമ്പിലിന്റെ അധ്യക്ഷതയിൽ ജൂലൈ 13നു ചേർന്ന യോഗത്തിൽ മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിന്റെ പി.ആർ.ഒ. എബിൻ ജയിംസ് ബ്രോൺ പ്രിവിലേജ് കാർഡിന്റെ മാതൃക യൂണിറ്റ് ഡയറക്ടർക്കു കൈമാറി. സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ, അസ്സി. വികാരി ഫാ. വർഗീസ് ചിറയിൽ, യൂണിറ്റ് പ്രസിഡന്റുമാരായ ജോസഫ് ആന്റണി ആലപ്പാട്ട്, കുസുമം അലക്സ്, ഫൊറോന പ്രസിഡന്റുമാരായ ജോബി പുളിമൂട്ടിൽ, മിനിമോൾ ജോസഫ് എന്നിവർ പങ്കെടുത്തു.

**സൗജന്യ മെഡിക്കൽ ക്യാംപ്**

മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിന്റെ നേതൃത്വത്തിൽ സെന്റ് പീറ്റേഴ്സ് സി.എസ്.ഐ. പള്ളിയുടെ സഹകരണത്തോടെ ജൂലൈ 27നു സൗജന്യ മെഡിക്കൽ ക്യാംപ് നടത്തപ്പെട്ടു. വികാരി റവ. റ്റി. റ്റി. സന്തോഷ് ക്യാംപ് ഉദ്ഘാടനം ചെയ്തു. മണിമല സെന്റ് തോമസ് ഹെൽത്ത് സെന്റർ അഡ്മിനിസ്ട്രേറ്റർ സി. സ്മിത എൻ.എസ്., അഡ്വ. അനൂപ് വർഗീസ്, സോജൻ ചാക്കോ, കെ. വി. ക്രിസ്റ്റി എന്നിവർ പ്രസംഗിച്ചു.

*ശേഷം പേജ് 46 ➤➤➤*

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ പ്രിയ പ്രവാസിസഹോദരങ്ങളേ,

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിന്റെ പ്രാർഥനാശംസകൾ

ഛത്തീസ്ഗഢിലെ ദുർഗിൽ അന്യായമായി ജയിലിലടയ്ക്കപ്പെട്ട മലയാളി സന്യാസിനികളായ സി. വന്ദന ഫ്രാൻസിസ്, സി. പ്രീതി മരിയ എന്നിവരുടെ മോചനത്തിനായി ലോകമെമ്പാടുമുള്ള പ്രവാസി അപ്പോസ്തലേറ്റംഗങ്ങൾ പ്രതിഷേധം നടത്തുകയും ഓഗസ്റ്റ് 1 പ്രാർഥനാദിനമായി ആചരിക്കുകയും ചെയ്തു. മാർ തോമാ ശ്ലീഹായുടെയും മാർത്ത് അൽഫോൻസായുടെയും തിരുനാളിനോടനുബന്ധിച്ച് ഓഗസ്റ്റ് രണ്ടിനു സെന്റ് ജോസഫ് ഓൺലൈൻ സൺഡേ സ്കൂൾ കുട്ടികൾ കലാസന്ധ്യ അവതരിപ്പിച്ചു. മൂവാറ്റുപുഴ കാർമൽ പ്രൊവിൻസ് വികാർ പ്രൊവിൻഷ്യൽ ഫാ. റോയി കണ്ണഞ്ചിറ സി.എം.ഐ കലാസന്ധ്യ ഉദ്ഘാടനം ചെയ്തു.

പ്രവാസി അപ്പോസ്തലേറ്റിന്റെ പുതിയ വെബ്സൈറ്റ് പരിചയപ്പെടുത്തുന്നതിന് ഓഗസ്റ്റ് ഒമ്പതിന് ഓൺലൈനിൽ നടത്തപ്പെട്ട സോഫ്റ്റ്വെയർ ട്രെയിനിങ് പ്രോഗ്രാമിൽ രാജ്യങ്ങളിലെ കോഡിനേറ്റർമാരും എക്സിക്യൂട്ടിവംഗങ്ങളും പങ്കെടുത്തു. ഓഗസ്റ്റ് 10ന് ‘പ്രവാസജ്യോതി 2025’ സുവനീർ പ്രവാസികൾക്കു സമർപ്പിച്ചു.

ഓഗസ്റ്റ് 14ന് അഭി. മാർ ജോർജ് കോച്ചേരിയുടെ മെത്രാഭിഷേക രജത ജൂബിലിയാഘോഷത്തിൽ എക്സിക്യൂട്ടിവംഗങ്ങൾ പങ്കെടുത്ത് ആശംസകളറിയിച്ചു. കുവൈറ്റിൽ വാഹനമിടിച്ചു പരിക്കുകളേറ്റു ചികിത്സയിൽ കഴിയുന്ന വൈശ്യംഭാഗം ഇടവകാംഗത്തിനുവേണ്ടി ഓഗസ്റ്റ് 8, 15 തീയതികളിൽ കുവൈറ്റ് എക്സിക്യൂട്ടിവംഗങ്ങളുടെ അടിയന്തിരയോഗം സമ്മേളിച്ചു. ഓഗസ്റ്റ് 17നു മങ്കൊമ്പിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ നയിച്ച കുട്ടനാട് ഐക്യദാർഢ്യധർണയിൽ ഡയറക്ടർ അച്ചന്മാരും എക്സിക്യൂട്ടിവംഗങ്ങളും പങ്കെടുക്കുകയും ഡയറക്ടർ അച്ചനും സെൻട്രൽ കോഡിനേറ്ററും പ്രവാസികൾക്കുവേണ്ടി ആശംസകളറിയിച്ചു സംസാരിക്കുകയും ചെയ്തു.

**അനുമോദനങ്ങൾ**

പ്രവാസിഭാരതീയർ (കേരളീയർ) കമ്മിഷനംഗമായി നിയമിതനായ സെൻട്രൽ എക്സിക്യൂട്ടിവംഗം ജോസഫ് ദേവസ്യ പൊൻമാങ്കലിന് അനുമോദനങ്ങൾ നേരുന്നു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം – രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ – 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

❑

# കത്തോലിക്കാ കോൺഗ്രസ് (AKCC)

## 'കുട്ടനാട് രാഷ്ട്രീയപരീക്ഷണശാലയാക്കരുത്': മാർ തോമസ് തറയിൽ

നാലുമാസമായി മാറാത്ത വെള്ളക്കെട്ടും കാർഷികമേഖലയിലെ പ്രശ്നങ്ങളും മൂലം നിത്യദുരിതത്തിൽ ആകുന്ന ഒരു ജനതയുടെ പ്രശ്നങ്ങളിൽ നിസംഗത പാലിക്കുന്ന ഭരണകൂടങ്ങൾ ഒരു ജനാധിപത്യരാജ്യത്തുതന്നെയാണോ നിലനിൽക്കുന്നതെന്നു മനസിലാക്കാൻ കഴിയുന്നില്ലെന്നും അനന്ത സാധ്യതകളാൽ ഐക്യരാഷ്ട്രസഭയുടെ ശ്രദ്ധയിൽപ്പെട്ട കുട്ടനാട്ടിൽ ഒരു ജനത ഭരണകൂടങ്ങളുടെ നിഷ്ക്രിയത്വം കാരണം വികസനത്തിൽ പിന്നോട്ടുപോകുന്നതു കണ്ടില്ലെന്നു നടിക്കാനാകില്ലെന്നും കുട്ടനാടിന്റെ മുഴുവൻ പ്രശ്നങ്ങളിലും സത്വരനടപടിയുണ്ടാകണമെന്നും വരാൻ പോകുന്ന തെരഞ്ഞെടുപ്പുകളിൽ രാഷ്ട്രീയപാർട്ടികൾ കുട്ടനാട് പരീക്ഷണശാലയാക്കരുതെന്നും തെരഞ്ഞെടുപ്പിൽ കുട്ടനാടിനെ ഗൗരവമായി കാണാൻ രാഷ്ട്രീയപ്രസ്ഥാനങ്ങൾ തയ്യാറാകണമെന്നും അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ പ്രസ്താവിച്ചു.

സർക്കാർ തിരിഞ്ഞുനോക്കാത്ത തുരുത്തുകളിൽപോലും സ്കൂളുകളും ആശുപത്രികളും ഡിസ്പെൻസറികളും കുട്ടനാട്ടിൽ ആരംഭിച്ചു കുട്ടനാടൻ ജനതയുടെ വളർച്ചയിൽ എന്നും കരുതലുള്ള സമൂഹമായി അതിരൂപത നിലകൊണ്ടിട്ടുണ്ടെന്നും ഒരു കുറവുമില്ലാതെ അതു തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2007ൽ സമർപ്പിക്കപ്പെട്ട സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിന്മേലും 2019ൽ വിദഗ്ധസമിതിയുടെ റിപ്പോർട്ടിന്മേൽ രൂപീകരിച്ച കുട്ടനാട് മോണിറ്ററി കമ്മിറ്റിയ്ക്കും തുടർപ്രവർത്തനങ്ങൾ ഇല്ലാതാകുന്നതു കുട്ടനാടിനു വേദനയായി നിലനിൽക്കുന്നുണ്ടെന്നും അതു ജനത്തെ തെരുവിലിറക്കാൻ നിർബന്ധിതരാക്കുന്നുണ്ടെന്നും അഭി. മെത്രാപ്പോലീത്താ ഓർമിപ്പിച്ചു. 2025 ഓഗസ്റ്റ് 17 ചിങ്ങം ഒന്നു കർഷകദിനത്തിൽ അതിരൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ സംഘടനകളുടെ സഹകരണത്തോടെ കുട്ടനാട്ടിലെ മങ്കൊമ്പിൽ നടത്തപ്പെട്ട 'കുട്ടനാട് ഐക്യദാർഢ്യധർണ' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു. ഷംഷാബാദ് രൂപതയുടെ സഹായമെത്രാൻ അഭി. മാർ തോമസ് പാടിയത്ത്, ഉജ്ജൈൻ രൂപതയുടെ മെത്രാൻ അഭി. മാർ സെബാസ്റ്റ്യൻ വടക്കേൽ, സിഞ്ചെല്ലൂസുമാരായ വെരി റവ. ഫാ. മാത്യു ചങ്ങങ്കരി, വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ, അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ, അതിരൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ ചാമക്കാല, ഫാ. ജോർജ് മാന്തുരുത്തിൽ, ഫാ. ജയിംസ് കൊക്കാവയലിൽ, ഫാ. ജോസഫ് പുതുവീട്ടിൽകളം, ഫാ. സാവിയോ മാനാട്ട്, ഫാ. തോമസ് താന്നിയത്ത്, ഫാ. ജോസഫ് പള്ളിച്ചിറ, ഫാ. മാത്യു നടമുഖത്ത്, ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ, ഫാ. റ്റോം പുത്തൻകളം, ഫാ. ജയിംസ് പാലയ്ക്കൽ, സി. ബെറ്റി റോസ്, ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, കൺവീനർ ജോസി

ഡൊമിനിക്, അഡ്വ. ജോജി ചിറയിൽ, ആന്റണി ആറിൽചിറ, ജോസ് ജോൺ വെങ്ങാന്തറ, രാജേഷ് ജോൺ, അരുൺ റ്റോം തോപ്പിൽ, എലിസബത്ത് വർഗീസ്, സെബാസ്റ്റ്യൻ പി. ജെ., റോയി കപ്പാങ്കൽ, ഡോ. റോസമ്മ സോണി, ആന്റണി മലയിൽ, ഡോ. സിജോ ജേക്കബ്, റിൻസ് ജോസഫ്, പരിമൾ ആന്റണി, ഷെവലിയർ സിബിച്ചൻ വാണിയപ്പുരയ്ക്കൽ, ഡി. ജോസഫ്, ജോസഫ് കാഞ്ഞിര വേലി, സി. റ്റി. തോമസ്, ജോർജുകുട്ടി മുക്കത്ത്, ഷിജി ജോൺസൺ, റോസി ലിൻ കുരുവിള, ചാക്കപ്പൻ ആന്റണി, കുഞ്ഞ് കളപ്പുര, പി. സി. കുഞ്ഞപ്പൻ, കെ. എസ്. ആന്റണി, സേവ്യർ തോമസ് കൊണ്ടോടി, ജെസി ആന്റണി, സിസി അമ്പാട്ട്, ലിസി ജോസ്, ഷാജി വർക്കി എന്നിവർ പ്രസംഗിച്ചു.

വിവിധ ഇടവകകളിൽനിന്നായി ആയിരക്കണക്കിനാളുകൾ ധർണയിൽ പങ്കെടുത്തു. ഈ പരിപാടിയോടനുബന്ധിച്ച് അതിരൂപതയിലെ യൂണിറ്റുകളിൽ ഒപ്പുശേഖരണം നടത്തുകയും അഭി. മെത്രാപ്പോലീത്തായ്ക്കു കൈമാറുകയും ചെയ്തു.

**'ഛത്തീസ്ഗഢിൽ സന്യാസിനികളെ അറസ്റ്റ് ചെയ്തതു മതേതര ഇൻഡ്യയ്ക്കു കളങ്കം': കത്തോലിക്കാ കോൺഗ്രസ്**

ഛത്തീസ്ഗഢിലെ ദുർഗിൽ മനുഷ്യക്കടത്ത് ആരോപിച്ച് അസ്സീസ്സി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സന്യാസസഭാംഗങ്ങളായ സി. വന്ദന ഫ്രാൻസിസ്, സി. പ്രീതി മേരി എന്നീ മലയാളികളെ റെയിൽവേ പോലീസ് അറസ്റ്റ് ചെയ്തതു മതേതര ഇൻഡ്യയ്ക്കും ജനാധിപത്യസംവിധാനത്തിനും കളങ്കമാണെന്നും കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ വനിതാ കൗൺസിലിന്റെ നേതൃത്വത്തിൽ ജൂലൈ 27ന് അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയത്തിൽ നടത്തപ്പെട്ട 'ബോധിനി 2K25' വനിതാനേതൃസംഗമം ആരോപിച്ചു.

ഇൻഡ്യയുടെ വളർച്ചക്കാവശ്യമായ വിദ്യാഭ്യാസ–ആരോഗ്യ–ജീവകാരുണ്യ പ്രവർത്തനമേഖലകളിൽ സന്യാസിനികളുടെ ത്യാഗപൂർണമായ ശുശ്രൂഷകളെ അവഗണിച്ചും ബോധപൂർവം കണ്ടില്ലെന്നു നടിച്ചും അവരെ രാജ്യദ്രോഹികളായി ചിത്രീകരിക്കാനുള്ള ചില സംഘടനകളുടെ നീതിരഹിതവും കിരാതവുമായ നടപടി ഏതുസംഘടനയുടെ ഭാഗത്തുനിന്നുണ്ടായാലും അതു തികച്ചും അപലനീയമാണെന്നും യോഗം ചൂണ്ടിക്കാട്ടി.

അതിരൂപതാ വൈസ് പ്രസിഡന്റ് ഷിജി ജോൺസന്റെ അധ്യക്ഷതയിലുള്ള സംഗമം സിഞ്ചെല്ലൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി ഉദ്ഘാടനം ചെയ്തു. ധാർമികതയുടെ നേരിന്റെയും സത്യത്തിന്റെയും പാതയിൽ സഞ്ചരിക്കാനും തെരഞ്ഞെടുപ്പുരംഗത്തു കൃത്യതയോടെ പ്രതികരിക്കാനും സ്ത്രീകൾക്കു കഴിയണമെന്നും ആശയപ്പൊരുത്തത്തിലൂടെ വരാൻ പോകുന്ന തദ്ദേശതെരഞ്ഞെടുപ്പിനെ നേരിടാൻ സമുദായംഗങ്ങൾക്കു കഴിയണമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ മാർഗനിർദേശപ്രസംഗവും ഗ്ലോബൽ സെക്രട്ടറി ആൻസമ്മ സാബു മുഖ്യപ്രഭാഷണവും നടത്തി. ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, അതിരൂപതാ വൈസ് പ്രസിഡന്റും ബോധിനി 2K25 ജനറൽ കൺവീനറുമായ റോസിലിൻ കുരുവിള, അതിരൂപതാ സെക്രട്ടറി വനിതാ കൗൺസിൽ ഇൻ ചാർജ് ജെസി ആന്റണി, വനിതാ കൗൺസിൽ ജനറൽ കോഡിനേറ്റർ സിനി പ്രിൻസ്, സിസി അമ്പാട്ട്, ലിസി ജോസ്, മിനി മാത്യു, ഷേർളി തോമസ്

എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ സി. സെലിൻ ജോസഫ് എസ്.ഡി. (ഡയറക്ടർ, മേഴ്സി ഹോം ചെത്തിപ്പുഴ), ബിൻസി സെബാസ്റ്റ്യൻ (മുനിസിപ്പൽ ചെയർപേഴ്സൺ, കോട്ടയം), ലൗലി ജോർജ് (മുനിസിപ്പൽ ചെയർപേഴ്സൺ, ഏറ്റുമാനൂർ), ഡോ. റാണി മരിയ തോമസ് (പ്രിൻസിപ്പൽ, അസംപ്ഷൻ കോളേജ് ചങ്ങനാശ്ശേരി), സുമി സിറിയക് (അന്തർദേശീയനീന്തൽതാരം, സുമി സിറിയക് സ്വിമ്മിങ് അക്കാഡമി), സുമം സ്കറിയ-ജിനു സന്തോഷ് (വ്യവസായ സംരംഭകർ) എന്നിവരെ ആദരിക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്തു. പുരസ്കാരജേതാക്കൾ മറുപടിപ്രസംഗം നടത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തവും പ്രസക്തിയും, കത്തോലിക്കാ കോൺഗ്രസ് വനിതാ കൗൺസിലിന്റെ വിവിധ മേഖലകളിൽനിന്നുള്ള കോഡിനേറ്റർമാരുടെ തെരഞ്ഞെടുപ്പ്, പ്രവർത്തനപരിപാടികളുടെ രൂപീകരണം, കത്തോലിക്കാ കോൺഗ്രസ് പ്രവർത്തനത്തിലെ പങ്കാളിത്തം എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു.

**'കരുണയുടെ മുഖത്തെ അധർമംകൊണ്ടു നേരിടരുത്': പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്**

ഛത്തീസ്ഗഢിൽ മിഷനറി പ്രവർത്തനരംഗത്തു സജീവമായി നിലകൊള്ളുന്ന കേരളീയരായ രണ്ടു സന്യാസിനികളെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്ത പോലീസ് നടപടി ഹീനവും കരുണയുടെ മുഖത്തെ അധർമംകൊണ്ടു വികൃതമാക്കുന്നതിനും തുല്യമാണെന്നു പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് പ്രസ്താവിച്ചു.

ഭരണഘടന പൗരനു നൽകുന്ന ഉറപ്പു ലംഘിക്കരുതെന്നും ആർട്ടിക്കിൾ 19, 25 എന്നിവയിൽ സൂചിപ്പിക്കുന്ന പൗരസ്വാതന്ത്ര്യവും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനുള്ള അവകാശവും രാജ്യത്ത് ഒരുപൗരനും നിഷേധിക്കപ്പെടരുത്. ഇൻഡ്യയുടെ വ്യത്യസ്തമേഖലകളിൽ പാർശ്വവത്കരിക്കപ്പെട്ടു മറ്റുള്ളവരാൽ അവഗണിക്കപ്പെട്ട ആദിവാസിമേഖലകളിലുൾപ്പെടെ ജീവിക്കുന്ന ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാനാണു മിഷനറി സമൂഹങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

വികസിതസമൂഹത്തിന്റെ ജീവിതസാഹചര്യങ്ങൾ എന്തെന്നുപോലും അറിയാത്ത ഉത്തരേൻഡ്യൻ ആദിവാസിമേഖലകളുൾപ്പെടെയുള്ള സ്ഥലങ്ങളിലേക്കു സ്വന്തം കുടുംബവും ജീവിതവും ഉപേക്ഷിച്ച് ഏകാന്തജീവിതത്തിനു തുല്യമായ താപസജീവിതം നയിക്കുന്ന ക്രൈസ്തവസന്യസ്തരെ പൊതുമധ്യത്തിൽ അവഹേളിക്കുകയും അവരുടെ വിശ്വാസത്തെ വികലമാക്കി ചിത്രീകരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ അടുത്തയിടയായി വർധിച്ചുവരുന്നു. അക്രമംകൊണ്ടു നീതിയെ നേരിടാൻ ശ്രമിക്കുന്നതു മനുഷ്യത്വമില്ലായ്മയാണ്. അധികാരത്തിന്റെയും ആൾബലത്തിന്റെയും പിൻബലത്തിൽ എന്തു നികൃഷ്ടമായ പ്രവർത്തനങ്ങളിലേക്കും അധഃപതിക്കുന്ന ഇത്തരം കിരാതമായ പ്രവർത്തനങ്ങൾ പരിഷ്കൃതസമൂഹത്തിനു ചേർന്നതല്ല. മതപരിവർത്തനമല്ല ക്രൈസ്തവ മിഷനറിമാരുടെ ദൗത്യം. മറിച്ചു മനസുകളുടെ പരിവർത്തനമാണ്.

സന്യസ്തരെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്തു ജയിലിൽ അടച്ചതിൽ പ്രതിഷേധിച്ചു കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതിയുടെ

നേതൃത്വത്തിൽ ജൂലൈ 29നു കോട്ടയം ഗാന്ധി സ്ക്വയറിൽ നടത്തപ്പെട്ട സായാഹ്ന പ്രതിഷേധസംഗമം ഉദ്ഘാടനം ചെയ്തുകൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. പ്രതിഷേധസംഗമത്തോടനുബന്ധിച്ചുള്ള പ്രതിഷേധറാലി യുവദീപ്തി-എസ്.എം.വൈ.എം. അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ഫ്ളാഗ് ഓഫ് ചെയ്തു. വൈദികർ, സന്യാസിനികൾ സംഘടനാനേതാക്കൾ-പ്രവർത്തകർ എന്നിവർ റാലിയിൽ പങ്കെടുത്തു.

കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ, കത്തോലിക്കാ കോൺഗ്രസ് കോട്ടയം ഫൊറോനാ ഡയറക്ടർ ഫാ. തോമസ് കുന്നുപുറം, ഫാ. തോമസ് കുത്തുകല്ലുങ്കൽ, ഫാ. ആന്റണി കിഴക്കേവീട്ടിൽ, ഫാ. സുനിൽ ആന്റണി, ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, സി. ഫ്ളവറിറ്റ് എസ്.എ.ബി.എസ്., ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രെഷറർ ജോസ് ജോൺ വെങ്ങാന്തറ, ഭാരവാഹികളായ സി. റ്റി. തോമസ്, ജോർജുകുട്ടി മുക്കത്ത്, റോസിലിൻ കുരുവിള, രാജേഷ് ജോൺ, റ്റോമിച്ചൻ അയ്യരുകുളങ്ങര, യുവദീപ്തി-എസ്.എം.വൈ.എം. അതിരൂപതാ പ്രസിഡന്റ് അരുൺ റ്റോം തോപ്പിൽ, ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് വർഗീസ്, ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു. അതിരൂപതാ ഭാരവാഹികളായ സെബാസ്റ്റ്യൻ വർഗീസ്, കുഞ്ഞ് കളപ്പുര, ചാക്കപ്പൻ ആന്റണി, പി. സി. കുഞ്ഞപ്പൻ, സെബാസ്റ്റ്യൻ പുല്ലാട്ടുകാല, കെ. എസ്. ആന്റണി, ജോസി ഡൊമിനിക്, ഫൊറോനാ ഭാരവാഹികളായ ബിനോയ് ഇടയാലിൽ, ഷെയിൻ ജോസഫ്, ജോയി പാറപ്പുറം, സി. ഡി. ചാക്കോ, ഇ. ജെ. തോമസ് ഇടത്താഴെ, സോണിച്ചൻ ആന്റണി, ലാലി ഇളപ്പുങ്കൽ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി

**'മധ്യവേനലവധി മാറ്റാനുള്ള നീക്കം ഉപേക്ഷിക്കണം': കത്തോലിക്കാ കോൺഗ്രസ്**

കുട്ടികൾക്കു മധ്യവേനലവധി ഏപ്രിൽ, മെയ് മാസങ്ങളിൽനിന്നു ജൂൺ, ജൂലൈ മാസങ്ങളിലേക്കു മാറ്റാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്നും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾ പഠനവിധേയമാക്കണമെന്നും കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതി ആവശ്യപ്പെട്ടു. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ സിലബസിൽ ബോർഡ് പരീക്ഷ എഴുതുന്നവർക്ക് ഇതു വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നും എൻട്രൻസ് പരീക്ഷയെഴുതുന്നവർക്ക് ഈ പരീക്ഷകളിൽ കൃത്യമായ പഠനത്തോടെ പങ്കാളികളാകാൻ കഴിയുന്ന ഒരവസ്ഥ സംജാതമാകുമെന്നും കത്തോലിക്കാ കോൺഗ്രസ് ചൂണ്ടിക്കാട്ടി. ഏപ്രിൽ, മെയ് മാസങ്ങളിൽ കൊടുംചൂടിൽ ക്ലാസ്സ് മുറിയിലിരുന്നു പഠിക്കുന്നതു കുട്ടികൾക്ക് ക്ലേശകരമായിരിക്കും. ജലലഭ്യത കുറവുള്ള ഈ കാലയളവിൽ സ്കൂളുകൾക്ക് ആവശ്യമായ ജലം ലഭ്യമാകുമോ എന്നതും തീരുമാനമെടുക്കുമ്പോൾ മനസിലുണ്ടാകണമെന്നും കത്തോലിക്കാ കോൺഗ്രസ് ഓർമിപ്പിച്ചു

ഓഗസ്റ്റ് മൂന്നിനു നടത്തപ്പെട്ട അതിരൂപതാനേതൃയോഗത്തിലാണു ഈ പ്രതികരണം അറിയിച്ചത്. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടി

ഞ്ഞാറേവീട്ടിലിന്റെ അധ്യക്ഷതയിലുള്ള യോഗം അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രഷറർ ജോസ് ജോൺ വെങ്ങാന്തറ, ഭാരവാഹികളായ ജോർജുകുട്ടി മുക്കത്ത്, രാജേഷ് ജോൺ, സെബാസ്റ്റ്യൻ വർഗീസ്, കുഞ്ഞ് കളപ്പുര, ചാക്കപ്പൻ ആന്റണി, സേവ്യർ തോമസ് കൊണ്ടോടി, ജോബി ചൂരക്കളം, റ്റോം കയ്യാലകം, ജോസി ഡൊമിനിക്, ഷാജി വർക്കി, ലിസി ജോസ്, ജെസി ആന്റണി എന്നിവർ പ്രസംഗിച്ചു.

**ഭാരവാഹികളുടെയും കൗൺസിലുകളുടെ ജനറൽ കോഡിനേറ്ററുമാരുടെയും സംയുക്ത യോഗം**

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതിഭാരവാഹികളുടെയും യൂത്ത്, വനിത, മീഡിയ കൗൺസിൽ ജനറൽ കോഡിനേറ്റർമാരുടെയും സംയുക്ത യോഗം ഓഗസ്റ്റ് 12നു കത്തോലിക്കാ കോൺഗ്രസ് ഓഫീസിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിലിന്റെ അധ്യക്ഷതയിലുള്ള നേതൃയോഗം അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഉദ്ഘാടനം ചെയ്തു. കോട്ടയത്തു ഡി.സി.എം.എസ്.ന്റെ നേതൃത്വത്തിലുള്ള ദളിത് ക്രൈസ്തവ അവകാശസംരക്ഷണധർണ (ഓഗസ്റ്റ് 16), കുട്ടനാട് ഐക്യദാർഢ്യധർണ (ഓഗസ്റ്റ് 17) എന്നിവയുടെ നടത്തിപ്പിനും പങ്കാളിത്തത്തിനും യോഗം രൂപം നൽകി.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

❑

➤➤➤ *ആതുരശുശ്രൂഷാമേഖല തുടർച്ച...*

**ചുമതലയേറ്റു**

കൺസൾട്ടന്റ് ഇന്റൻസീവിസ്റ്റായി ഡോ. ചിഞ്ചു എബ്രഹാം, ക്രിട്ടിക്കൽ കെയറിൽ കൺസൾട്ടന്റായി ഡോ. മെൽബിൻ മാത്യു, കൺസൾട്ടന്റ് റേഡിയോളജിസ്റ്റായി ഡോ. എമിൽ ബെന്നി എന്നിവർ ചുമതലയേറ്റു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

**ഫാ. ജയിംസ് കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

❑

# കേരള ലേബർ മൂവുമെന്റ്
# (KLM)

## മികവ് 2025

കെ.എൽ.എം. അതിരൂപതാസമിതിയുടെയും എസ്.ബി.ഐ. ലൈഫ് കറുകച്ചാൽ ബ്രാഞ്ചിന്റെയും സംയുക്താഭിമുഖ്യത്തിൽ ജൂലൈ 27നു നടത്തപ്പെട്ട **മികവ് 2025**ൽ എസ്.എസ്.എൽ.സി., +2, ഡിഗ്രി പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയവരെ ആദരിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറിമാരായ ഷാജി കോര, ലാലി ബോബൻ, പ്രോഗ്രം കൺവീനർമാരായ റ്റിസൺ തോമസ്, പി. ജെ. കുഞ്ഞുമോൻ, എസ്.ബി.ഐ. ലൈഫ് കറുകച്ചാൽ ബ്രാഞ്ച് സീനിയർ മാനേജർ ലിജി അഭിലാഷ് എന്നിവർ പ്രസംഗിച്ചു.

## പുതിയസംഘങ്ങൾ

ഓഗസ്റ്റ് മൂന്നിനു കുന്നങ്കരി–പുലിമുഖം യൂണിറ്റിൽ സെന്റ് മേരീസ്, സെന്റ് അൽഫോൻസാ എന്നീ എസ്.എച്ച്.ജി.കൾ രൂപീകരിച്ചു. ഇടവകവികാരി ഫാ. വർഗീസ് കിളിയാട്ടുശ്ശേരിലിന്റെ അധ്യക്ഷതയിലുള്ള സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ചങ്ങനാശ്ശേരി ഫൊറോന കോഡിനേറ്റർ റ്റിസൺ തോമസ് എന്നിവർ പങ്കെടുത്തു.

## പുതിയ യൂണിറ്റ്

ഓഗസ്റ്റ് 15നു പൂന്തോപ്പ് യൂണിറ്റിൽ പുതിയ യൂണിറ്റ് രൂപീകരിച്ചു. ഇടവക വികാരി ഫാ. ജോസ് പാറശ്ശേരിൽ അധ്യക്ഷതയിലുള്ള സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ഷാജി കോര എന്നിവർ പങ്കെടുത്തു.

## യൂണിറ്റ് വാർഷികം

മുണ്ടുപാലം യൂണിറ്റിന്റെ വാർഷികം ഓഗസ്റ്റ് 10നു നടത്തപ്പെട്ടു. വികാരി ഫാ. ജോൺ മണക്കുന്നേലിന്റെ അധ്യക്ഷതയിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ യോഗം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് കോഡിനേറ്റർ ജോയൻ ജോസഫ് പങ്കെടുത്തു.

## യൂണിറ്റ് സന്ദർശനം

**സന്ദർശനം പൂർത്തിയായ യൂണിറ്റുകൾ**

ചങ്ങനാശേരി ഫൊറോന – ചീരഞ്ചിറ

അതിരമ്പുഴ ഫൊറോന – കട്ടച്ചിറ

നെടുങ്കുന്നം ഫൊറോന – താഴത്തുവടകര, മുണ്ടത്താനം, വായ്പൂർ ഓൾഡ്, വായ്പൂർ ന്യൂ

*ശേഷം പേജ് 51 ➤➤➤*

# ആത്മതാകേന്ദ്രം

**(ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)**

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള 'സപ്പോർട്ട് എ ചൈൽഡ് പദ്ധതി' യുടെ സമ്മേളനം, ധനസഹായവിതരണം എന്നിവ ഓഗസ്റ്റ് 30നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സമ്മേളനത്തിൽ ധനസഹായവും ഉച്ചഭക്ഷണവും നൽകി. സണ്ണി മാത്യു, ട്രീസ മാത്യു എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

### ഹോമിയോചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത, സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന ദിവസങ്ങളിലും സ്ഥലങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടർമാരുടെയും കൗൺസിലർമാരുടെയും സേവനം ഈ പദ്ധതിയിൽ ലഭ്യമാണ്.

**സമയം:** രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ

| | | |
|---|---|---|
| ചൊവ്വ | (ആലപ്പുഴ) | തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി |
| വ്യാഴം | (കോട്ടയം) | അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി |
| വെള്ളി | | ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ |

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കണം.

### ലഹരിവിമുക്തവിശുദ്ധീകരണധ്യാനം

കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ **2025 സെപ്റ്റംബർ 7 മുതൽ സെപ്റ്റംബർ 12 വരെ** ലഹരിവിമുക്തകുടുംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നതാണ്. *സെപ്റ്റംബർ 7 വൈകുന്നേരം അഞ്ചിന് ആരംഭിച്ച് സെപ്റ്റംബർ 12 രാവിലെ 10നു* ധ്യാനം അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസുണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടർമാർ, സൈക്കോളജിസ്റ്റ് എന്നിവരുടെ ക്ലാസ്സ്, കൗൺസെലിങ് എന്നിവ ധ്യാനത്തിൽ ലഭ്യമാണ്.

എൽ.എസ്.ഡി.പി. പ്രൊവിഡൻസ് റിന്യൂവൽ സെന്റർ, കുന്നന്താനം
0469 2692462, 2693413, 2690414, 9495193406

**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
*(ഡയറക്ടർ)*

❑

# ലീജിയൻ ഓഫ് മേരി

വ്യക്തിപരമായ വിശുദ്ധി പ്രാപിക്കാൻ വിശ്വാസത്തെ ജീവിതാഭിലാഷമായി കരുതുന്ന അല്മായസംഘടനയാണു ലീജിയൻ ഓഫ് മേരി. 1940 സെപ്റ്റംബറിൽ മാർ ജയിംസ് കാളാശ്ശേരിയുടെ കാലത്തു ലീജിയൻ ഓഫ് മേരിയുടെ കേരളത്തിലെ ആദ്യത്തെ പ്രസിദീയം പാറേൽ സെന്റ് മേരീസ് പള്ളിയിൽ 'അനുഗ്രഹമാത' എന്ന പേരിൽ സ്ഥാപിതമായി.

ഓഗസ്റ്റ് 10നു കമ്മീസിയത്തിന്റെ 835-ാമതും കൂരിയായുടെ 1073-ാമതും സമ്മേളനം പാറേൽ സെന്റ് മേരീസ് പള്ളിയിലെ പുരയ്ക്കൽ ഹാളിൽ കമ്മീസിയം പ്രസിഡന്റ് ജോർജ് പുളിക്കൻപറമ്പിലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. പ്രസിഡന്റ് നയിച്ച പ്രാരംഭപ്രാർഥനയോടെ സമ്മേളനം ആരംഭിക്കുകയും ജപമാലക്കുശേഷം അദ്ദേഹം നിയമഗ്രന്ഥം അധ്യായം 18 പ്രസീദിയം മീറ്റിങ്ങിന്റെ ക്രമം എന്ന ദാനം ജ്ഞാനവായന നടത്തുകയും ചെയ്തു.

സെക്രട്ടറി സ്റ്റെല്ല തോമസ് അരിക്കത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു. മരിയസൈനികരെല്ലാവരും സൈനികജപശൃംഖലപ്രാർഥന ചൊല്ലി. സ്പിരിച്ചൽ അസ്സി. ഫാ. ജയിംസ് കണികുന്നേൽ സന്ദേശം നൽകി. പരിശുദ്ധ കന്യകാമറിയം നമ്മുടെ മുന്നിൽ സന്നിഹിതയാണെന്നും നമ്മുടെ കൂട്ടായ്മയിൽ ആത്മാവിന്റെ വർഷമുണ്ടാകുന്നതിന് ഏകമനസോടെ മറിയത്തോടു പ്രാർഥിക്കണമെന്നും ദൈവം എല്ലാവരെയും സ്നേഹിക്കുകയും ദാനങ്ങൾ നൽകുകയും ചെയ്യുന്നെന്നും അനുതാപമുള്ള ആത്മാവിനെ ഓർത്താണു സ്വർഗം സന്തോഷിക്കുന്നതെന്നും മറിയം അനുതാപവും താഴ്മയും എളിമയുമുള്ളവളായിരുന്നെന്നും അച്ചൻ സന്ദേശത്തിൽ പറഞ്ഞു.

ഖജാൻജി റിപ്പോർട്ട് അവതരിപ്പിച്ചു. ചർച്ചകൾ നടത്തി. സെപ്റ്റംബർ സമ്മേളനം രണ്ടുമൂന്നു പ്രസീദിയങ്ങൾ ഒരുമിച്ചു നടത്താൻ തീരുമാനിച്ചു. അവസാന പ്രാർഥന, ഫ്രാങ്ക്ഡഫിന്റെ നാമകരണപ്രാർഥന, കണികുന്നേൽ അച്ചന്റെ ആശീർവാദം ഇവയ്ക്കുശേഷം സമ്മേളനം സമാപിച്ചു.

കമ്മീസിയത്തിനുവേണ്ടി,

**സ്റ്റെല്ല തോമസ് അരിക്കത്തിൽ**
*(സെക്രട്ടറി)*

**ഫാ. ജയിംസ് കണികുന്നേൽ**
*(സ്പിരിച്ചൽ അസ്സിസ്റ്റന്റ്)*

❑

# ദളിത് കത്തോലിക്കാ മഹാജനസഭ
# (DCMS)

### സ്കോളർഷിപ്പ് വിതരണം

2023–2024 വർഷത്തെ കെ.സി.ബി.സി./എസ്.സി./എസ്.റ്റി./ബി.സി. കമ്മിഷൻ സ്കോളർഷിപ്പ്, ഡി.സി.എം.എസ്. 2025 വർഷത്തെ സ്കോളർഷിപ്പ് എന്നിവയുടെ വിതരണം ഓഗസ്റ്റ് രണ്ടിനു നടത്തപ്പെട്ടു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ സ്കോളർഷിപ്പ് വിതരണം ഉദ്ഘാടനം ചെയ്തു. യോഗത്തിൽ അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയിൽ സന്ദേശം നൽകി. സെക്രട്ടറി മാത്യു ജോസഫ് സ്വാഗതവും ഖജാൻജി ലെനിൻ ജോസഫ് നന്ദിയും രേഖപ്പെടുത്തി. 110 വിദ്യാർഥികൾ സ്കോളർഷിപ്പിനർഹ രായി.

### നീതിഞായർ ഐക്യദാർഢ്യസമ്മേളനം

നീതിഞായറാചരണത്തിന്റെ ഭാഗമായുള്ള ഐക്യദാർഢ്യസമ്മേളനം അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ നേതൃത്വത്തിൽ ഡി.സി.എം.എസ്., സംഘടനകൾ എന്നിവ സംയുക്തമായി ഓഗസ്റ്റ് 16നു കോട്ടയം ഗാന്ധി സ്ക്വയറിൽ സംഘടിപ്പിച്ചു. സമ്മേളനത്തിൽ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് അധ്യക്ഷതവഹിച്ചു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ഉദ്ഘാടനവും കോട്ടയം എം.പി. അഡ്വ. ഫ്രാൻസിസ് ജോർജ് മുഖ്യപ്രഭാഷണവും പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ബിജു സെബാസ്റ്റ്യൻ സ്വാഗതം നേരുകയും ചെയ്തു. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ, കത്തോലിക്കാ കോൺഗ്രസ്സ്, യുവദീപ്തി–എസ്.എം.വൈ.എം., പിതൃവേദി, മാതൃവേദി, കെ.എൽ.എം., കെ.സി.എസ്.എൽ. തുടങ്ങിയ സംഘടനകളുടെ ഡയറക്ടർ അച്ചന്മാർ, അതിരൂപതാഭാരവാഹികൾ എന്നിവർ ആശംസകളറിയിച്ചു.

### കുട്ടനാട് ഐക്യദാർഢ്യധർണ

ഓഗസ്റ്റ് 17നു മങ്കൊമ്പിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കുട്ടനാട് ഐക്യദാർഢ്യധർണയിൽ അതിരൂപതാ കമ്മിറ്റിയംഗങ്ങളും യൂണിറ്റ് പ്രവർത്തകരും പങ്കെടുത്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയിൽ, അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് എന്നിവർ വേദിയിൽ ഐക്യദാർഢ്യമറിയിച്ചു.

### നീതിഞായർദിനാചരണം

ഓഗസ്റ്റ് 17ന് അതിരൂപതാ കമ്മിറ്റി, പുളിങ്കുന്ന് ഫൊറോനാ കമ്മിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ നീതിഞായർദിനാചരണം നടത്തപ്പെട്ടു. ഫൊറോനാവികാരി ഫാ. റ്റോം പുത്തൻകളം സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയിൽ നീതിഞായർ സന്ദേശം നൽകി. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷതവഹിച്ചു. സെക്രട്ടറി മാത്യു ജോസഫ് സ്വാഗതവും പുളിങ്കുന്ന് ഫൊറോനാ പിതൃവേദി പ്രസിഡന്റ്, മാതൃവേദി പ്രസി

ഡന്റ്, കൈക്കാരൻ, കെ.എൽ.എം., യുവദീപ്തി–എസ്.എം.വൈ.എം. പ്രസിഡന്റ്, ഡി.സി.എം.എസ്. അതിരൂപതാഭാരവാഹി ബെന്നി വർഗീസ്, ഡി. സി.വി.എസ്. അതിരൂപതാ സെക്രട്ടറി ത്രേസ്യാമ്മ ജോസഫ്, ലെനിൻ ജോസഫ് എന്നിവർ ആശംസകളും ഡി.സി.എം.എസ്. യൂണിറ്റ് സെക്രട്ടറി കെ. ജെ. തോമസ് നന്ദിയുമറിയിച്ചു. ഫൊറോനാ സെക്രട്ടറി ജോജി പി. സി., യൂണിറ്റ് വൈസ് പ്രസിഡന്റ് പുഷ്പമ്മ തോമസ്, ഫൊറോന–യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി. നൂറിലധികം അംഗങ്ങൾ പങ്കെടുത്തു.

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

❑

---

➤➤➤ *കേരള ലേബർ മൂവുമെന്റ് തുടർച്ച...*

പുളിങ്കുന്ന് ഫൊറോന – പുളിങ്കുന്ന്, കായൽപ്പുറം

കുറുമ്പനാടം ഫൊറോന – രാജമറ്റം, മാന്നില, മാമ്മൂട്, മാടപ്പള്ളി, കുറുമ്പനാടം സെന്റ് ആന്റണീസ്, കുറുമ്പനാടം അസംപ്ഷൻ, തോട്ടയ്ക്കാട്, ഇരവുചിറ

**ആദരാഞ്ജലികൾ**

കരിമ്പനക്കുളം വേളാങ്കണ്ണിമാതാ സംഘാംഗം ജോസ് റ്റി. വർഗീസ് തുണ്ടിയിൽ, താഴത്തുവടകര ലൂർദ് മാതാ സംഘാംഗം ജോസ് സി. കെ. ചാത്തമല കിഴക്കേതിൽ, മാടപ്പള്ളി ചെറുപുഷ്പം സംഘാംഗം സേവ്യർ സെബാസ്റ്റ്യൻ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

**നീതിഞ്ഞായർ ഐക്യദാർഢ്യം**

അതിരൂപതയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 16നു കോട്ടയം ഗാന്ധി സ്ക്വയറിന് സമീപം നടത്തപ്പെട്ട നീതിഞ്ഞായർ ഐക്യദാർഢ്യസമ്മേളനത്തിൽ കോട്ടയം, കുടമാളൂർ, അതിരമ്പുഴ, മണിമല, നെടുങ്കുന്നം ഫൊറോനകളിലെ സംഘ ഭാരവാഹികൾ പങ്കെടുത്തു.

**കുട്ടനാട് ഐക്യദാർഢ്യധർണ**

അതിരൂപതയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 17നു മങ്കൊമ്പിൽ നടത്തപ്പെട്ട കുട്ടനാട് ഐക്യദാർഢ്യധർണയിൽ ചങ്ങനാശ്ശേരി, തുരുത്തി, കുറുമ്പനാടം, തൃക്കൊടിത്താനം, ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ, ആലപ്പുഴ, മുഹമ്മ ഫൊറോനകളിലെ സംഘഭാരവാഹികൾ പങ്കെടുത്തു.

❑

"സമാധാനം-സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയസഹോദരങ്ങളേ,

ഓഗസ്റ്റ് 18നു വാഴപ്പള്ളി ഗത്സേമനി കപ്പൂച്ചിൻ ആശ്രമത്തിൽ അതിരൂപതാ സമിതി ചേർന്നു. സ്പിരിച്വൽ അസിസ്റ്റന്റ് ഫാ. അലക്സ് വാച്ചാപറമ്പിൽ യോഗത്തിനു നേതൃത്വം നൽകി.

അതിരൂപതാ തെരഞ്ഞെടുപ്പിനു മുന്നോടിയായി ഓഗസ്റ്റ് 31നു ഭ്രാതൃത്വങ്ങളിലെ ഭാരവാഹികൾ ഏഴുപേരും ഗത്സേമനി ആശ്രമത്തിൽ ഒന്നിച്ചുകൂടുവാൻ തീരുമാനിച്ചു. തെരഞ്ഞെടുപ്പുതീയതിയും സമയവും വികാരിയച്ചന്മാരെ അറിയിച്ച് അനുവാദം വാങ്ങുകയും ഭ്രാതൃത്വ-റീജൻ-അതിരൂപതാസമിതി തെരഞ്ഞെടുപ്പുകൾ വിജയകരമായി പൂർത്തിയാക്കുന്നതിനായി പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യണമെന്നറിയിച്ചു.

ഭ്രാതൃത്വങ്ങളിലെ തെരഞ്ഞെടുപ്പു നവംബർ-ഡിസംബർ മാസങ്ങളിൽ നടത്താൻ തീരുമാനിച്ചു. തെരഞ്ഞെടുപ്പു ദൈവഹിതപ്രകാരമാകുന്നതിനായി അതിരൂപതയിൽനിന്നു നൽകുന്ന പ്രാർഥനകൾ ഭ്രാതൃത്വങ്ങളിലെ തെരഞ്ഞെടുപ്പു പൂർത്തിയാകുന്നതുവരെ അംഗങ്ങൾ ദിവസവും പ്രാർഥിക്കണം. ഒക്ടോബർ 4 നമ്മുടെ സ്വർഗീയമധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ ഭക്ത്യാദരപൂർവം കൊണ്ടാടാൻ ഭ്രാതൃത്വങ്ങൾ പരിശ്രമിക്കണം. ഒക്ടോബർ ആറിനു കണ്ണൂർ പട്ടാരത്തു നടത്തപ്പെടുന്ന കൂട്ടായ്മയിൽ റീജൻ മിനിസ്റ്റർമാരും സ്പിരിച്വൽ അസ്സിസ്റ്റന്റും പങ്കെടുക്കാനും നവംബർ ഒന്നിനു ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ചരമവാർഷികാചരണം നടത്താനും എസ്.എഫ്.ഒ. അംഗങ്ങളുടെ മൃതസംസ്കാരശുശ്രൂഷകളിൽ എസ്.എഫ്.ഒ. എംബ്ലം ചേർത്ത കച്ച പുതപ്പിക്കാനും തീരുമാനിച്ചു. അതിരൂപതാ ട്രെഷറർ മാത്യു കാനാട്ട് കണക്കുകൾ അവതരിപ്പിച്ചു പാസാക്കി.

**സ്വർഗപ്രാപ്തി**

തൃക്കൊടിത്താനം ഭ്രാതൃത്വാംഗം കളീക്കൽ ത്രേസ്യാമ്മ തോമസ്, കേളമംഗലം സെന്റ് മേരീസ് ഭ്രാതൃത്വാംഗം നടുവിലേഴത്ത് ത്രേസ്യാമ്മ ജോസഫ് എന്നിവരുടെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

**വി. സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിച്വൽ അസ്സിസ്റ്റന്റ്)*

❑

# വിൻസെൻഷ്യൻ വേദി
## (SSVP)

*"എനിക്കു ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ നിങ്ങൾക്കു ചെയ്യാൻ സാധിക്കില്ലായിരിക്കും, നിങ്ങൾക്കു ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ എനിക്കും, എന്നാൽ നമ്മൾ ഒന്നിച്ചുനിന്നാൽ ദൈവത്തിനായി മനോഹരമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കും"* (കൽക്കത്തയിലെ വി. തെരേസ)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

സെപ്റ്റംബർ 7 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ചരിത്രത്തിൽ ഇടംപിടിക്കുകയാണ്. അന്നാണു നമ്മുടെ അംഗമായിരുന്ന ജോർജിയോ ഫ്രസാറ്റിയും കാർലോ അക്യൂട്ടിസും വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നത്. 'എനിക്കു ജീവിതം മ്ശിഹായും മരണം നേട്ടവും' *(ഫിലി. 1:21)* എന്ന വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ അന്വർഥമാക്കിയ ജീവിതമായിരുന്നു ഇവരുടേത്.

ദൈവത്തിനു പൂർണമായും സമർപ്പിച്ച ജീവിതമായിരുന്നു വാഴ്ത്തപ്പെട്ട ഫ്രസാറ്റിയുടേത്. വളരെ ചെറുപ്പത്തിലേ അദ്ദേഹം മരിയൻ സൊഡാലിറ്റിയിലെ അംഗമാവുകയും അനുദിന പരിശുദ്ധ കുർബാനസ്വീകരണത്തിനുള്ള അനുവാദം നേടുകയും ചെയ്തു. പരിശുദ്ധ കുർബാനയോടുള്ള അതിരറ്റസ്നേഹവും ജപമാലഭക്തിയും അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയുടെ പ്രധാനകാരണങ്ങളാണ്. 'ആന്തരികസംഘർഷങ്ങൾ ലഘൂകരിക്കാനുള്ള ഏറ്റവും നല്ല മാർഗം തുടരെത്തുടരെ പരിശുദ്ധ കുർബാനയെ സമീപിക്കുകയും മാലാകാമാരുടെ ഭോജനം ആസ്വദിക്കുകയും ചെയ്യുന്നതാണെന്ന്' അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്.

കായികമേഖലകളിൽ പ്രത്യേകിച്ചു മലകയറ്റം, കുതിരസവാരി, നീന്തൽ, സ്കീയിങ് തുടങ്ങിയ കാര്യങ്ങളിലും കലാപരമായ ആസ്വാദനങ്ങൾക്കായി തിയേറ്റർ, ഓപ്പറ, മ്യൂസിയം തുടങ്ങിയവ സന്ദർശിക്കുന്നതിലും അദ്ദേഹം ഉത്സുകനായിരുന്നു. താനായിരിക്കുന്നയിടങ്ങൾ ക്രൈസ്തവമൂല്യം പുലർത്തുന്നതാകാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കൂട്ടുകാർക്കൊപ്പം പർവതാരോഹണത്തിനു പോകുന്ന അവസരങ്ങൾ വിശ്വാസപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പ്രകൃതിയിലായിരുന്നുകൊണ്ടു പ്രാർഥിക്കുന്നതിനും അദ്ദേഹം ശ്രമിച്ചിരുന്നു. ദരിദ്രരെ സഹായിക്കാനായി ചെറുപ്പത്തിലേ പല ത്യാഗങ്ങളും അദ്ദേഹം അനുഷ്ഠിച്ചിരുന്നു.

17-ാം വയസിലാണ് ഫ്രസാറ്റി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗമാകുന്നത്. ദരിദ്രർ, രോഗികൾ, അശരണർ തുടങ്ങിയവരുമായി കൂടുതൽ അടുക്കുന്നതിനും അവരുടെയാവശ്യങ്ങളറിഞ്ഞു സഹായിക്കുന്നതിനും ഇത് അദ്ദേഹത്തെ ഏറെ സഹായിച്ചു. താൻ സഹായിക്കേണ്ടവരുടെ വിശദാംശങ്ങളടങ്ങിയ ഒരു നോട്ടുബുക്ക് അദ്ദേഹം എപ്പോഴും കയ്യിൽ സൂക്ഷിച്ചിരുന്നു. 'എല്ലാ പ്രഭാതത്തിലും പരിശുദ്ധ കുർബാനയിലൂടെ ഈശോ എന്നിലേക്ക് എഴുന്നള്ളുന്നു, ആ സ്നേഹം ഞാൻ തിരിച്ചുകൊടുക്കുന്നത് എളിയരീതിയിൽ പാവങ്ങളെ സന്ദർശിച്ചുകൊണ്ടാണ്' എന്ന അദ്ദേഹത്തിന്റെ പ്രസ്താവന ഭവനസന്ദർശനത്തിന്റെ മാഹാത്മ്യം വ്യക്തമാക്കുന്നു. മരണക്കിടക്കയിലും

താൻ സഹായിക്കുന്ന ഒരു രോഗിക്ക് ഒരു പ്രത്യേകമരുന്നെത്തിക്കാൻ അദേഹം സുഹൃത്തുക്കളോടു നിർദേശിക്കുന്നതായി നാം വായിക്കുന്നുണ്ട്.

'ഉപവിയാണ് ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനമെന്നും അതില്ലെങ്കിൽ നമുക്കു നിലനിൽപ്പില്ലെന്നും' അദേഹം പറയുന്നുണ്ട്. അഷ്ടസൗഭാഗ്യങ്ങളുടെ മനുഷ്യനെന്നു വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ അദേഹത്തെ വിശേഷിപ്പിക്കുന്നുണ്ട്. അദേഹത്തിന്റെ മൃതസംസ്കാരവേളയിൽ തടിച്ചുകൂടിയ ജനങ്ങളെ കാണുന്നതുവരെ അദേഹത്തിന്റെ ശുശ്രൂഷകൾ മാതാപിതാക്കൾപോലും മനസിലാക്കിയിരുന്നില്ല. കേവലം 24 വർഷങ്ങൾ മാത്രമാണു ഫ്രസാറ്റി ജീവിച്ചത്. വിൻസെൻഷ്യൻ പ്രവർത്തനത്തിനുള്ള വിളി വിശുദ്ധിയിലേക്കുള്ള വഴിയാണെന്നു ഫ്രസാറ്റിയുടെ ജീവിതം നമുക്കു വ്യക്തമാക്കിത്തരുന്നു.

ജീവകാരുണ്യപ്രവർത്തനങ്ങളിൽ നമുക്കു മാതൃകയും മധ്യസ്ഥയുമായ വി. മദർ തെരേസയുടെ തിരുനാൾ സെപ്റ്റംബർ അഞ്ചിനു നാം കൊണ്ടാടുന്നു. 'അഗതികളുടെ അമ്മ', 'കനിവിന്റെ മാലാകാ' എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന വി. തെരേസ പാവപ്പെട്ടവർക്കും അനാഥർക്കും രോഗികൾക്കും അമ്മയായി. ക്രമേണ ലോകം മുഴുവനും ഈ സന്യാസിനി അമ്മയായി. സ്നേഹശുശ്രൂഷകൾക്കുള്ള അംഗീകാരമായി നൊബേൽ, ഭാരതരത്ന, മാഗ്സെസെ അവാർഡ് തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ മദറിനെ തേടിയെത്തി.

'ജീവിതത്തിന്റെ വിജയം എന്നതു പദവികളോ, സമ്പാദ്യങ്ങളോ അല്ല, മറിച്ച് എത്രജീവിതങ്ങളെ നമുക്കു സ്പർശിക്കാൻ സാധിച്ചു എന്നതിലാണ്' എന്നു മദർ നമ്മെ ഓർമിപ്പിക്കുന്നു. 'ഈ സ്ത്രീയുടെ ജീവിതം ദൈവികതയിൽ വിശ്വസിക്കാൻ എന്നെ പ്രേരിപ്പിക്കുന്നു' എന്നു പശ്ചിമബംഗാൾ മുൻ മുഖ്യമന്ത്രി ജ്യോതി ബസു ഒരിക്കൽ പറയുകയുണ്ടായി. മദർ മരിച്ച 1997 സെപ്തംബർ അഞ്ചിനു വന്ന ഒരു വാർത്ത ഇപ്രകാരമായിരുന്നു: 'ഇന്നാണ് ആരോരുമില്ലാത്തവർ ശരിക്കും അനാഥരായത്'. ക്രൈസ്തവരുടേതായ സ്നേഹശുശ്രൂഷകളെ ഇകഴ്ത്താനും തകർക്കാനുമുള്ള ശ്രമങ്ങൾ നമ്മുടെ നാട്ടിൽ ഏറെ നടക്കുന്നു എന്ന സത്യം നമ്മെ വേദനിപ്പിക്കുന്നു. എങ്കിലും ഈശോയോടുള്ള സ്നേഹം കൂടുതൽ പ്രവർത്തിക്കാൻ നമുക്കു പ്രേരകമാട്ടെയെന്നു പ്രാർഥിക്കുന്നു.

അംഗങ്ങളുടെ ആത്മവിശുദ്ധീകരണമാസമായി സെപ്റ്റംബർ ആചരിക്കുന്ന ചങ്ങനാശേരി ഏരിയ കൗൺസിലിന്റെ മാതൃക മറ്റുള്ളവരും സ്വീകരിക്കുന്നത് ഉചിതമാണ്. പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിന്റെയും മാർ സ്ലീവായുടെ പുകഴ്ചയുടെയും നമ്മുടെ സൊസൈറ്റി സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെയും സ്വർഗീയമധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെയും തിരുനാളുകളുടെ അനുഗ്രഹങ്ങൾക്കായി പ്രാർഥിക്കുന്നു. കഴിഞ്ഞ വിൻസെൻഷ്യൻ വേദിയിൽ നൽകിയിരുന്ന നിർദേശങ്ങൾ പാലിക്കണമെന്ന് ഓർമിപ്പിക്കുന്നു. ഓണാശംസകളോടെ,

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*

❑

## മാർ തോമസ് തറയിൽ

**ജൂലൈ**

25 കൂത്രപ്പള്ളി സെന്റ് മേരീസ് ഇടവകാംഗം തറയിൽ ലീലാമ്മ ഫിലിപ്പിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി. അതിരൂപതാകേന്ദ്രത്തിൽ കൺസൾട്ടേഴ്സ് ബോഡി യോഗത്തിൽ അധ്യക്ഷതവഹിച്ചു. ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗം കുറിഞ്ഞിപ്പറമ്പിൽ ബഹു. ജോസഫ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്കു കാർമികത്വംവഹിച്ചു. മാന്നാനം റ്റ്വൽവ് അപ്പോസൽസ് പള്ളിയിൽ തിരുനാൾസന്ദേശം നൽകി.

26 പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു പാലാ സെന്റ് തോമസ് കത്തീഡ്രലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പാലാ വള്ളിച്ചിറ പി.സി.പി.എ. മാർ സ്ലീവാ അഡറേഷൻ ആശ്രമം, പ്രവിത്താനത്തു ദൈവ ദാസൻ മാർ മാത്യു കാവുകാട്ടിന്റെ ജന്മഗൃഹം എന്നിവ സന്ദർശിച്ചു. മുഹമ്മ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ കൈത്താക്കാലത്തിന്റെ ആരംഭത്തോടനുബന്ധിച്ച് ആഘോഷമായ റംശായ്ക്കു കാർമികത്വം വഹിച്ചു സന്ദേശം നൽകി.

27 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ യുവദീപ്തി-എസ്.എം.വൈ.എം. കുറുമ്പനാടം, ചെങ്ങന്നൂർ ഫൊറോനകളുടെ സംയുക്ത യുവജന ക്യാംപിൽ കുട്ടികളുമായി സംവദിച്ചു. ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ മാർത്ത് അൽഫോൻസായുടെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ വിവാഹം ആശീർവദിച്ചു. ചിങ്ങവനം ബ്രെയിൻ വർക്സ് ചൈൽഡ് ഡിവലപ്പുമെന്റ് ആൻഡ് ന്യൂറോ സൈക്യാട്രിക് സെന്ററും ഇത്തിത്താനം സെന്റ് മേരീസ് പള്ളിയുടെ നവീകരിച്ച എ.സി. ഹാളും വെഞ്ചരിച്ചു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ സീനിയർ സിറ്റിസൺസ് ധ്യാനത്തിൽ സന്ദേശം നൽകി.

28 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പബ്ലിക് അഫേഴ്സ് കമ്മിഷൻ യോഗത്തിൽ പങ്കെടുത്തു. ഛത്തിസ്ഗഢിൽ അറസ്റ്റിലായ സി. പ്രീതി മേരിയുടെ ഭവനം മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിൽ മെത്രാപ്പോലീത്തായോടൊപ്പം സന്ദർശിച്ചു.

29 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മീഡിയ കമ്മിഷൻ യോഗത്തിൽ അധ്യക്ഷതവഹിച്ചു.

30 ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വിവാഹഒരുക്ക സെമിനാറിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. സന്ദേശനിലയത്തിൽ കെയർ ഹോം ഡയറക്ടർമാരുടെ യോഗത്തിൽ അധ്യക്ഷതവഹിച്ചു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ സി.എസ്.എം. പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂളിൽ ലഹരി വിരുദ്ധ സംഘാത്മകപദ്ധതി ഉദ്ഘാടനം ചെയ്തു. പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. ഗ്രാസിയ എസ്.എച്ച്.ന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി.

31 വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനരിയിൽ സെമിനരി കമ്മിഷന്റെ ഔദ്യോഗികസന്ദർശനം നടത്തി; ദീപിക മോണിറ്ററിങ് കമ്മിറ്റി യോഗത്തിൽ അധ്യക്ഷതവഹിച്ചു. വില്ലൂന്നി സെന്റ് ജോൺസ് കാർമലേറ്റ് കോൺവെന്റിൽ സി. കാൻഡിഡ് റോസ് സി.എം.സി.യുടെ ശരീരത്തിങ്കൽ ഒപ്പീസുചൊല്ലി.

**ഓഗസ്റ്റ്**

01 ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പള്ളിക്കൂട്ടുമ്മ ഫാത്തിമ മാതാ പള്ളിയുടെ ഹാളിൽ ക്രിസ്സിന്റെ കുട്ടനാട് പരിഹാരപദ്ധതി അവലോകനസമ്മേളനം ഉദ്ഘാടനം ചെയ്തു. തോട്ടയ്ക്കാട് സെന്റ് ജോർജ് ഇടവകാംഗം പുന്നശ്ശേരി ബഹു. സെബാസ്റ്റ്യൻ അച്ചന്റെ പിതാവു വർക്കി ജോസഫിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. തുരുത്തി കാനാ–ജോൺ പോൾ സെക്കൻഡ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്റ്റാഫ് മീറ്റിങ്ങിൽ അധ്യക്ഷതവഹിച്ചു.

02 കൈനടി എ. ജെ. ജോൺ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിന്റെ നവീകരിച്ച കെട്ടിടം വെഞ്ചരിച്ചു; പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ഡി.സി.എം.എസ്. മെറിറ്റ് ഡേ സമ്മേളനം ഉദ്ഘാടനം ചെയ്തു. കുടമാളൂർ അൽഫോൻസാ ജന്മഗൃഹത്തിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിലുള്ള അൽഫോൻസാ തീർഥാടനത്തിൽ സമാപനസന്ദേശം നൽകി. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ഇടവകാംഗം കളത്തിൽ ബഹു. മാത്യു അച്ചന്റെ മാതാവ് ഏലിയാമ്മ വർഗീസിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

03 അതിരൂപതാകേന്ദ്രത്തിൽ എസ്.ബി. കോളേജ് പൂർവവിദ്യാർഥി എക്സിക്യുട്ടിവ് യോഗത്തിൽ അധ്യക്ഷതവഹിച്ചു. പൊങ്ങുമ്മൂട് സെന്റ് അൽഫോൻസാ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാന അർപ്പിച്ചു. തിരുവനന്തപുരം സെന്റ് സ്റ്റീഫൻസ് യാക്കോബായ കത്തീഡ്രൽ പള്ളിയിൽ അഭി. ബസേലിയോസ് മാർ ജോസഫ് കാതോലിക്കാ ബാവായ്ക്കു നൽകിയ സ്വീകരണയോഗത്തിൽ മുഖ്യസന്ദേശം നൽകി.

04 പടഹാരം സെന്റ് ജോസഫ്സ് ഇടവകാംഗം പുതുപ്പറമ്പ് ബഹു. ദേവസ്യ അച്ചന്റെ പിതാവ് ഔസേഫ് കെ.എം.ന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. സി. സെലീനാമ്മ ജോർജ് ഒ.എം.എം.ഐ.യുടെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി. തിരുവനന്തപുരം സെന്റ് തോമസ് മാർത്തോമാ പള്ളിയിലും ഗിരിദീപം സീറോ മലങ്കര കൺവെൻഷൻ സെന്ററിലും അഭി. ബസേലിയോസ് മാർ ജോസഫ് കാതോലിക്കാ

ബാവായ്ക്കു നൽകിയ സ്വീകരണയോഗങ്ങളിൽ ആശംസകളറിയിച്ചു. തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയിൽ കുറ്റിച്ചൽ ലൂർദ് മാതാ എൻജിനീയറിങ് കോളേജ് ഗവേണിങ് ബോഡി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

5-9 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കെ.സി.ബി.സി. ധ്യാനത്തിൽ പങ്കെടുത്തു.

09 കടുവാക്കുളം ലിറ്റിൽ ഫ്ളവർ പള്ളിയിൽ എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യാംഗം പട്ടേറ്റ് ബഹു. സുരേഷ് അച്ചന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. കടുത്തുരുത്തി എസ്.വി.ഡി. പ്രാർഥനാനികേതനിൽ ദമ്പതിധ്യാനത്തിൽ വചനസന്ദേശം നൽകി.

10 കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കത്തീഡ്രലിന്റെ ദ്വിശതാബ്ദിയോടനുബന്ധിച്ചുള്ള ജൂബിലി കുർബാനയ്ക്കു കാർമികത്വംവഹിച്ചു. നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയിൽ അതിരൂപതാ യുവജനദിനാഘോഷം 'റിവൈവ് 2K25' ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ഹോളി സ്പിരിറ്റ് വൈദികരുടെ നേതൃത്വത്തിലുള്ള മരിയൻ കൺവെൻഷനിൽ വചന സന്ദേശം നൽകി. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ വിവാഹ ഒരുക്ക ധ്യാനത്തിൽ വിവാഹാർഥികളുമായി സംവദിച്ചു.

11 ഇടയ്ക്കാട് സെന്റ് ജോർജ് ക്നാനായ കത്തോലിക്കാപ്പള്ളിയിൽ ചങ്ങനാശ്ശേരി വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കായായിരുന്ന മാർ മാത്യു മാക്കീലിന്റെ അനുസ്മരണ കുർബാനയ്ക്കു കാർമികത്വംവഹിച്ചു.

12 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ നവീകരിച്ച ബാസ്കറ്റ്ബോൾ കോർട്ട് വെഞ്ചരിച്ചു; പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ-രജത ജൂബിലികളാഘോഷിക്കുന്ന അതിരൂപതാവൈദികരോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു.

13 പീരുമേട് ലവീഞ്ഞ് വില്ലയിൽ 2024-2025 ബാച്ച് അതിരൂപതാവൈദികരുടെ സംഗമത്തിൽ പങ്കെടുത്തു.

14 പള്ളിക്കൂട്ടുമ്മ ഫാത്തിമ മാതാ പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിനു കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിലെ മാർത്ത് മറിയം കബറിടപ്പള്ളിയിൽ മാർ ജോസഫ് പവ്വത്തിലിന്റെ കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി; ജൂബിലി കൺവെൻഷൻ റ്റീമിന്റെ പരിശീലനപരിപാടിയിൽ സന്ദേശം നൽകി. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ വിവാഹം ആശീർവദിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ മെത്രാഭിഷേകത്തിന്റെ രജത ജൂബിലിയാഘോഷിക്കുന്ന അഭി. മാർ ജോർജ് കോച്ചേരിയോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു; അനുമോദന സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു.

15 പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാളിനോടനുബന്ധിച്ചു പുത്തനങ്ങാടി സെന്റ് ജോർജ് പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു; സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു പതാക ഉയർത്തി; പള്ളിവക സ്റ്റാൾ വെഞ്ചരിച്ചു. കുരിശുമ്മൂട് മീഡിയ വില്ലേജിൽ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ ശിലാസ്ഥാപന കർമം നിർവഹിച്ചു. ആലപ്പുഴ സഹൃദയ ആശുപത്രിയിൽ കുടുംബദിനാഘോഷം ഉദ്ഘാടനം ചെയ്തു.

16 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ യുവജനധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ റീജൻസി വൈദികാർഥികളുടെ മാസധ്യാനത്തിൽ സന്ദേശം നൽകി. മാങ്ങാനം മിഷനറി ഓറിയന്റേഷൻ സെന്ററിൽ സമർപ്പിതരുടെ ദൈവശാസ്ത്രബിരുദദാനച്ചടങ്ങു നിർവഹിച്ചു. കോട്ടയം തിരുനക്കര ഗാന്ധി സ്ക്വയറിൽ നീതിന്യായ ഐക്യദാർഢ്യസമ്മേളനവും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ ഉപകാരികളുടെ സംഗമവും ഉദ്ഘാടനം ചെയ്തു. തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ അഭിഷേകാഗ്നി ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി.

17 വെരൂർ സെന്റ് ജോസഫ്സ് ഇടവകാംഗം പാത്തിക്കൽ അന്നമ്മ ജോസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി. ആലപ്പുഴ മങ്കൊമ്പിൽ അതിരൂപതാ എ.കെ.സി.സി.യുടെ ആഭിമുഖ്യത്തിലുള്ള കുട്ടനാട് ഐക്യദാർഢ്യ ധർണയിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ ആർച്ചുബിഷപ് മാർ ജോസഫ് പവ്വത്തിൽ ഫൗണ്ടേഷൻ യോഗത്തിൽ അധ്യക്ഷതവഹിച്ചു.

18–23 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർസഭാ സിനഡിൽ പങ്കെടുത്തു.

24 കണ്ടങ്കരി സെന്റ് ജോസഫ്സ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

25–29 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർസഭാ സിനഡിൽ പങ്കെടുത്തു.

❑

**ജൂലൈ**

21 പാലമറ്റം ബേത്-തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

22 ഏറ്റുമാനൂർ ക്രൈസ്റ്റ് ദ കിങ് ഇടവകാംഗം ചിറയിൽ സാറാമ്മ സെബാസ്റ്റ്യന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു.

23 ചങ്ങനാശേരി സെന്റ് ജോസഫ് ക്ലാരിസ്റ്റ് മഠാംഗം സി. ജീൻ മേരി എഫ്.സി.സി.യുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. കോതനല്ലൂർ വി. ഗർവാസീസ്-പ്രോത്താസീസ് ഫൊറോനാപ്പള്ളിയിൽ ബഥേൽ ജോർജ്, തലമാടയിൽ അന്ന എന്നിവരുടെ വിവാഹം ആശീർവദിച്ചു.

24 ചെത്തിപ്പുഴ വെരൂർചിറ ശാന്തിസദൻ മഠാംഗം സി. കൊള്ളറ്റ് എഫ്.സി.സി. യുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ പുത്തൻകളം ബഹു. സേവ്യർ അച്ചന്റെ പൗരോഹിത്യസ്വീകരണ സുവർണ ജൂബിലിയാഘോഷത്തോടനുബന്ധിച്ചുള്ള പരിശുദ്ധ കുർബാനമധ്യേ വചനസന്ദേശം നൽകി. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ കുറിഞ്ഞിപ്പറമ്പിൽ ജോസഫ്, പാലാ രൂപത പാദുവ സെന്റ് ആന്റണീസ് ഇടവകാംഗം ചൂരക്കാട്ട് ജോർജ് എന്നീ ബഹു. വൈദികരുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

25 ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗം കുറിഞ്ഞിപ്പറമ്പിൽ ബഹു. ജോസഫ് അച്ചന്റെ മൃതസംസ്കാരത്തിനു രണ്ടാംഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു; പരിശുദ്ധ കുർബാനമദ്ധ്യേ വചനസന്ദേശം നൽകി. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ കുന്നത്ത് ബഹു. ജയിംസ് അച്ചന്റെ നാമഹേതുകതിരുനാളാഘോഷങ്ങളിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി പണ്ടകശാലക്കടവു കുരിശടിയിൽ മാർ യാക്കോബ് ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

26 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ കുരിശുമ്മൂട്ടിൽ സെബാസ്റ്റ്യൻ-ഷിമ്മി ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനു പ്രവേശകകൂദാശകൾ നൽകി; ആദ്യത്തെ മകന് ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണം നടത്തി.

27 നാലുകോടി സെന്റ് തോമസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; സൺഡേ സ്കൂൾ കുട്ടികളുമായി സംവദിച്ചു. എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷത്തിൽ പങ്കെടുത്തു.

28 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. പങ്ങട എസ്.എച്ച്. ഹൈസ്കൂളിന്റെ സുവർണ ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു.

29 തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ അരയശ്ശേരി ജോബ്–അന്നമ്മ ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനു പ്രവേശകകൂദാശകൾ നൽകി; രണ്ടാമത്തെ മകന് ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണം നടത്തി. വില്ലൂന്നി സെന്റ് സേവ്യേഴ്സ് ഇടവകാംഗം തടത്തിൽ ബഹു. ചാക്കോ അച്ചന്റെ മൃതസംസ്കാരത്തിന് അവസാനഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

31 പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. ഗ്രാസിയ നാറാണത്ത് എസ്.എച്ച്.ന്റെ മൃതസംസ്കാരത്തിന് ഒന്നാംഭാഗ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

**ഓഗസ്റ്റ്**

01 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തോട്ടയ്ക്കാട് സെന്റ് ജോർജ് ഇടവകാംഗവും പുന്നശേരി ബഹു. സെബാസ്റ്റ്യൻ അച്ചന്റെ പിതാവുമായ വർക്കി ജോസഫിന്റെ മൃത സംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

02 കൂടമാളൂർ അൽഫോൻസാ ഭവനിൽ അൽഫോൻസാ തീർഥാടനത്തോടനു ബന്ധിച്ചു വചനസന്ദേശം നൽകി. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ഇടവകാംഗവും കളത്തിൽ ബഹു. മാത്യു അച്ചന്റെ മാതാവുമായ ഏലിയാമ്മ വർഗീസിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

03 പാറമ്പുഴ ബേത്ലെഹെം പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; സൺഡേ സ്കൂൾ കുട്ടികളുമായി സംവദിച്ചു.

04 പാലമറ്റം ബേത്–തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പടഹാരം സെന്റ് ജോസഫ്സ് ഇടവകാംഗവും പുതുപ്പറമ്പ് ബഹു. ദേവസ്യ അച്ചന്റെ പിതാവുമായ ഔസേപ്പ് കെ. എം.ന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

05–09 നല്ലതണ്ണി മാർതോമാഗിരിയിൽ ധ്യാനിച്ചു.

09 കട്ടപ്പന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് ജനറലേറ്റ്, കാഞ്ഞിരപ്പള്ളി വിയാന്നി പ്രീസ്റ്റ് ഹോം എന്നിവയും കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയിൽ ശുശ്രൂഷ ചെയ്യുന്ന സെന്റ് ജോൺ ഓഫ് ഗോഡ് ബ്രദേഴ്സ്, മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന വെള്ളാപ്പള്ളി ബഹു. ജോർജ് അച്ചൻ എന്നിവ രെയും സന്ദർശിച്ചു.

10 കട്ടച്ചിറ സെന്റ് സേവ്യേഴ്സ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. സൺഡേ സ്കൂൾ കുട്ടികളുമായി സംവദിച്ചു.

11 ഇടയ്ക്കാട് സെന്റ് ജോർജ് ക്നാനായ കത്തോലിക്കാപ്പള്ളിയിൽ ചങ്ങനാ ശ്ശേരി വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കായായിരുന്ന മാർ മാത്യു മാക്കീലിന്റെ അനുസ്മരണ കുർബാനയിൽ വചനസന്ദേശം നൽകി.

ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ മഠത്തിൽ ബഹു. ജോസഫ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

12 നെടുങ്കുന്നം പി.സി.പി.എ. അഡറേഷൻ കോൺവെന്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ-രജത ജൂബിലികളാഘോഷി ക്കുന്ന അതിരൂപതാവൈദികർക്കു ആശംസകളറിയിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ഇടവകാംഗം തെക്കേക്കര (നടുവിലേ വീട്ടിൽ) ജോസഫ് തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. മുട്ടാർ ന്യൂ സെന്റ് തോമസ് ഇടവകാംഗം മഠത്തിൽ ബഹു. ജോസഫ് അച്ചന്റെ മൃതസംസ്കാരത്തിനു രണ്ടാംഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു; പരിശുദ്ധ കുർബാനമധ്യേ വചനസന്ദേശം നൽകി.

13 കാഞ്ഞിരപ്പള്ളി രൂപത ചെങ്കൽ സേക്രഡ് ഹാർട്ട് ഇടവകാംഗം വെള്ളാ പ്പള്ളി ബഹു. ജോർജ് അച്ചന്റെ മൃതസംസ്കാരത്തിനു ഒന്നാംഭാഗശുശ്രൂ ഷകൾക്കു കാർമികത്വംവഹിച്ചു.

14 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ മെത്രാഭിഷേ കത്തിന്റെ രജത ജൂബിലിയാഘോഷിക്കുന്ന അഭി. മാർ ജോർജ് കോച്ചേരി യോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു; അനുമോദനസമ്മേളനത്തിൽ ആശംസകളറിയിച്ചു.

15 പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണതിരുനാളിനോടനുബ ന്ധിച്ചു വെരൂർ സെന്റ് ജോസഫ്സ് പള്ളിയിൽ പരിശുദ്ധ കുർബാനയർ പ്പിച്ചു; സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു വിമുക്തഭടന്മാരെ ആദരിച്ചു. തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ അഭിഷേകാഗ്നി ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി.

16 മാങ്ങാനം ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ക്രൈസ്റ്റ് ജനറലേറ്റിൽ സഭാസ്ഥാപന ത്തിന്റെ സുവർണ ജൂബിലി സമാപനത്തോടനുബന്ധിച്ചു പരിശുദ്ധ കുർ ബാനയർപ്പിച്ചു.

17 100-ാം ജന്മദിനമാഘോഷിക്കുന്ന കിടങ്ങറ സെന്റ് ഗ്രിഗോറിയോസ് ഇട വകാംഗം വടകര പട്ടണത്തുശ്ശേരി ത്രേസ്യാമ്മ ജേക്കബിനെ ആദരിച്ചു. പുതുശ്ശേരി-കല്ലുപ്പാറ ലൂർദ് മാതാ പള്ളിയുടെ ശതാബ്ദിയാഘോഷങ്ങ ളോടനുന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ മോൺ. സഖറിയാസ് കുന്നക്കാട്ടുതറ, സി. മാഗി എസ്.എച്ച്. എന്നിവരുടെ സുവർണ ജൂബിലിയാഘോഷങ്ങളിൽ ആശംസകളറിയിച്ചു. എരുമേലി അസംപ്ഷൻ ഫൊറോനാപ്പള്ളിയിൽ ഫൊറോനാപ്രഖ്യാപന സുവർണ ജൂബിലി സമാപനം ഉദ്ഘാടനം ചെയ്തു. പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിനു സമീപം ക്രിസ്റ്റ്യൻ ലൈവ് ഓൺലൈൻ ചാനലിന്റെ പുതിയ ഓഫീസ് വെഞ്ചരിച്ചു.

❑



Mar Thomas Tharayil
Metropolitan of Changanacherry

# ENGAGEMENTS | SEPTEMBER 2025

| | | |
|---|---|---|
| 01 | | Engaged |
| 02 | 07:00 am | Sacraments of Initiation @ St. Xavier's Church, Thrickodithanam |
| | 09:30 am- 04:00 pm | Class @ Denahalaya, Punnapra |
| | 05:00 pm | Board Meeting: St. Joseph's Poor Home @ Punnapra |
| | 07:30 pm | Marriage Preparation Seminar @ Zion Retreat Centre, Kunnamthanam |
| 03 | 12:45 pm | Kerala Government Onam Celebrations @ *Niyamasabha*, Thiruvananthapuram |
| 04 | 06:00 am | Holy *Qurbana* @ Carmel Villa, Chethipuzha |
| | 08:30 am | *Curia* |
| | 10:30 am | Liturgical Commission Meeting @ Archbishop House |
| | 02:30 pm-04:30 pm | Visitors |
| 05 | 06:20 am | Holy *Qurbana* @ St. Joseph's Priests' Home, Ithithanam |
| | 09:00 am-01:00 pm | Onam Celebrations @ Archbishop House |
| 06 | 06:00 am | Holy *Qurbana* @ St. Thomas Church, Nalukody |
| | 11:00 am | Sacraments of Initiation @ St. Mary's Church, Ithithanam |
| | 02:30 pm | IC Chacko Award Distribution @ Kallarackal Hall, SB College |
| | 06:00 pm | *Ramsa* & Message: Season of Elijah-Sleeva-Moses @ Holy Magi Forane Church, Manimala |
| 07 | 07:00 am | Holy *Qurbana* & *Manimalika* Blessing @ Immaculate Conception Church, Muttar |
| 08 | 09:00 am | Inauguration: Assumption Community College Extension Centre @ St. Mary's Forane Church, Pulincunnoo |
| | 09:30 am | Holy *Qurbana* @ St. Mary's Forane Church, Pulincunnoo |
| | 05:00 pm | Holy *Qurbana* @ St. Mary's Church, Kumarapuram |
| 09 | 09:30 am | Alappuzha Forane Priests' Conference @ Arattuvazhy |
| | 02:30 pm | Class @ St. Thomas Minor Seminary, Kurichy |
| | 05:00 pm | Changanacherry Forane Priests' Conference @ Vettithuruth |
| 10 | 06:15 am | Holy *Qurbana* @ Mar Thoma Sleeha Centre, Niranam |

| | | |
|---|---|---|
| | 08:30 am | *Curia* |
| | 10:00 am | Presbyteral Council @ Archbishop House |
| | 02:30 pm-03:30 pm | Visitors |
| 11-12 | | CBCI Standing Committee @ CBCI Secretariat, New Delhi |
| 13 | 10:00 am | *Noorumeni* Season 3: Grand Finale @ Archbishop Kavukatt Hall, SB College |
| | 02:00 pm | CSM Faith Conference Camp @ Zion Retreat Centre, Kunnamthanam |
| 13-14 | | Pastoral Visit @ St. Mary's Church, Kadayanickadu |
| 14 | 05:00 pm | Marriage @ St. Dominic's Cathedral, Kanjirappally |
| 15 | 11:00 am | Sacerdotal Golden Jubilee: Fr. Porookara Antony @ LSDP Kunnamthanam |
| | 12:00 noon | Marriage @ Holy Magi Forane Church, Manimala |
| | 05:00 pm | Muhamma Forane Priests' Conference @ Kalavoor |
| 16 | 06:30 am | Sacraments of Initiation @ St. Mary's Forane Church, Pulincunnoo |
| | 09:30 am | Pulincunnoo Forane Priests' Conference @ Punnakkunnathusserry |
| | 02:30 pm | Class @ St. Thomas Minor Seminary, Kurichy |
| | 05:00 pm | Thrickodithanam Forane Priests' Conference @ Chanjody |
| 17 | 06:15 am | Holy *Qurbana* @ Zion Retreat Centre, Kunnamthanam |
| | 08:30 am | *Curia* |
| | 11:00 am | Silver Jubilee @ St. Joseph's HSS, Changanacherry |
| | 02:30 pm-04:00 pm | Visitors |
| | 05:00 pm | Thuruthy Forane Priests' Conference @ Podippara |
| 18 | 09:30 am | Kollam-Ayoor Forane Priests' Conference @ Ayoor |
| | 05:00 pm | Chengannur Forane Priests' Conference @ Chengannur |
| 19 | 08:30 am | *Curia* |
| | 10:30 am | Teachers' Day Celebration @ SBHSS, Changanacherry |
| | 04:00 pm | Holy *Qurbana* @ St. Joseph's Church, Chennamkary West |
| | 07:00 pm | Message @ Zion Retreat Centre, Kunnamthanam |
| 20 | 10:00 am | Silver Jubilee Celebrations @ St. Teresa's HSS, Vazhappally |
| | 11:30 am | Holy *Qurbana* @ SH St. Matthew's Provincial House, Parel |
| | 05:30 pm | Convocation Day @ Lourdes Matha College of Engineering & Technology, Kuttichal |

| | | |
|---|---|---|
| 21 | 09:00 am | Message: KCSL HSS Camp @ Pastoral Centre, Changanacherry |
| | 11:00 am | SB College Retired Teachers' Association @ Kallarackal Hall, SB College |
| | 12:15 pm | Leaders' Meet @ Lourdes Matha Church, Mammood |
| | 04:00 pm | Holy *Qurbana* @ St. John's Monastery, Mutholy |
| 22 | 09:30 am | Thiruvananthapuram Forane Priests' Conference @ Thiruvallam |
| | 05:00 pm | Amboori Forane Priests' Conference @ Kuchappuram |
| 23 | 06:15 am | Holy *Qurbana* & Synaxis Inauguration @ LSDP Kunnamthanam |
| | 09:30 am | Manimala Forane Priests' Conference @ Manimala |
| | 02:30 pm | Class @ St. Thomas Minor Seminary, Kurichy |
| | 05:00 pm | Kudamaloor Forane Priests' Conference @ Parampuzha |
| 24 | 08:30 am | *Curia* |
| | 11:00 am | Regents' Monthly Recollection @ Archbishop House |
| | 02:30 pm-04:00 pm | Visitors |
| | 05:00 pm | Edathua Forane Priests' Conference @ Pandy |
| 25 | 06:30 am | Holy *Qurbana* @ St. Thomas Minor Seminary, Kurichy |
| | 09:30 am | Kurumpanadom Priests' Conference @ Mammood |
| | 05:00 pm | Athirampuzha Forane Priests' Conference @ Kottackupuram |
| 26 | 06:30 am | Priests' Ongoing Formation @ St. Thomas Mount, Kakkanad |
| 27 | 09:00 am | Sacerdotal Jubilee: Fr. George Changeth @ Thuvayoor |
| | 11:45 am | Kozhimannil Chacko *Punaraikyavarshikam* @ St. Anne's, Eraviperoor |
| | 05:00 pm | Holy *Qurbana* @ St. Michael's Church, Thathampally |
| 28 | 05:00 pm | Holy *Qurbana* @ Mar Sleeva Church, Purakkadu |
| 29 | 09:30 am | Champakulam Forane Priests' Conference @ Champakulam |
| | 05:00 pm | Nedumkunnam Forane Priests' Conference @ Vincentian House, Myladi |
| 30 | 06:30 am | Holy *Qurbana* @ Medical Mission Sisters Provincial House, Kottayam |
| | 09:30 am | Kottayam Forane Priests' Conference @ Kottayam |
| | 04:00 pm | Regional Bishops' Recollection @ NESTT, Muvattupuzha |

**FR. SECRETARY- 8078088468**

❑




# ENGAGEMENTS | SEPTEMBER 2025

**Mar Joseph Perumthottam**
Metropolitan Emeritus of Changanacherry

| | | |
|---|---|---|
| 01 | 06:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |
| 07 | 04:30 pm | Holy *Qurbana* & Parish Day Celebrations @ Lourdes Matha Church, Eara |
| 08 | 11:00 am | Marriage @ St. Antony's Forane Church, Kurumpanadom |
| 10 | 04:30 pm | Betrothal @ St. Mary's Metropolitan Church, Changanacherry |
| 12 | 12:00 noon | *Noorumeni* Season 3: Grand Finale Award Ceremony @ Archbishop Kavukatt Hall, SB College |
| | 02:00 pm | Mar Thoma Sleeha Dayara, Nallathanni |
| 13 | 10:15 am | Fr. Joseph Maliparambil *Anusmaranam* @ Little Flower Church, Arpookara |
| | 12:00 noon | *Noorumeni* Season 3: Great Gathering @ Archbishop Kavukatt Hall, SB College |
| 14 | 09:00 am | Holy *Qurbana* & Parish Day Celebrations @ St Mary's Forane Church, Pulincunnoo |
| | 02:30 pm | *Dampatheesangamam* @ Holy Family Church, Mudiyoorkara |
| 15 | 06:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |
| | 11:30 am | Felicitation: Sacerdotal Golden Jubilee Celebration - Fr. Antony Porookara @ LSDP Generalate, Kunnamthanam |
| 18 | 04:30 pm | Holy *Qurbana* @ St. Joseph's Church, Chennamkary West |
| 20 | 10:30 am | Homily: Sacerdotal Silver Jubilee Celebration - Fr. Joseph Pathil @ St. Pius X Church, Moncompu |
| | 03:00 pm | Inauguration: Archeparchial *Mathrusangamam* @ Marth Mariam Forane Church, Thuruthy |
| 21 | 06:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |
| 24 | 05:30 pm | *Thirunal Kodiyettu*, Holy *Qurbana* @ Mar Sleeva Church, Purakkadu |
| 29 | 10:30 am | Silver Jubilee Holy *Qurbana* @ LSDP Generalate, Kunnamthanam |

**FR. SECRETARY- 9447507393**

❑


## ഐക്കൺ വിവരണം
(കവർ ബാക്ക്)

# കോൺസ്റ്റന്റൈൻ ചക്രവർത്തിക്കുണ്ടായ സ്ലീവാ ദർശനത്തെക്കുറിച്ചുള്ള ഐക്കൺ

റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തിമാരായിരുന്ന കോൺസ്റ്റന്റൈൻ ഒന്നാമനും (എ.ഡി. 306 - 337) മാർക്കസ് ഔറേലിയസ് വലേറിയസ് മാക്സെൻസിയൂസും (എ.ഡി. 306 - 312) തമ്മിൽ എ.ഡി. 312 ഒക്ടോബർ 28നു റോമിനു വടക്ക്, ടൈബർ നദിക്കു കുറുകെയുള്ള മിൽവിയൻ പാലത്തിൽ ഒരു യുദ്ധമുണ്ടായി. 'നാലർഭരണകൂട'ത്തിലെ (ഡയോക്ലീഷ്യൻ ചക്രവർത്തി പ്രചരിപ്പിച്ച നാലുഭരണാധികാരികളുടെ സമ്പ്രദായം) വിള്ളലായിരുന്നു യുദ്ധകാരണം.

യുദ്ധത്തിനുമുമ്പായി കോൺസ്റ്റന്റൈന് "ഈ അടയാളത്തിൽ നിങ്ങൾ കീഴടക്കും" (ἐν τούτῳ νίκα - ഗ്രീക്ക് / *In hoc signo vinces* - ലത്തീൻ) എന്ന വാക്കുകളുള്ള പ്രകാശമാനമായ ഒരു സ്ലീവാ ആകാശത്തിൽ പ്രത്യക്ഷപ്പെടുന്ന ദർശനമുണ്ടായി. ആ ദർശനത്തിലൂടെ തനിക്കു സംരക്ഷണമുണ്ടാകുമെന്നു വിശ്വസിച്ചുകൊണ്ടു യുദ്ധ ബാനറുകളിലും പരിചകളിലും പുരാതനക്രൈസ്തവചിഹ്നമായ '☧' (ചി - റോ: ഈശോയെന്നതിന്റെ ഗ്രീക്ക് ഭാഷാരൂപമായ ΧΡΙΣΤΟΣ - *ക്രിസ്തോസ്* എന്നതിന്റെ ആദ്യത്തെ രണ്ടക്ഷരങ്ങൾ) ആലേഖനം ചെയ്തു. ഇത് അദേഹത്തിന്റെ സൈന്യത്തെ വിജയത്തിലേക്കു നയിക്കുകയും തുടർന്ന് അദേഹം ക്രിസ്തുമതം സ്വീകരിക്കുകയും ക്രിസ്തുമതം തന്റെ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമാക്കുകയും ചെയ്തു.

# ആശംസകൾ



സെപ്റ്റംബർ 21നു നാമഹേതുകതിരുനാളാഘോഷിക്കുന്ന

അതിരൂപതാ സിഞ്ചെള്ളൂസ്

വെരി റവ. ഫാ. മാത്യു ചങ്ങങ്കരിക്ക്

അതിരൂപതാകുടുംബത്തിന്റെ പ്രാർഥനാശംസകൾ

**VEDAPRACHARA MADHYASTAN    VOL.98    No.03    2025 September**

Date of Publication: 31-08-2025

Registered No. RN-3149/1957

Postal Regn. No. KL/CHC/74/2024-26

Licence No. KL/CR/CHC/WPP-1/2024-26

Licensed to Post Without Prepayment    Posted at Changanacherry sorting on the last day of every month

Rs 25/-



ശോഭയുള്ള നക്ഷത്രങ്ങളാൽ സ്ലീവാ ആകാശത്തു ചിത്രീകരിച്ച്,
രാജാവു തന്റെ ശത്രുക്കളെ സ്ലീവാവഴി തോൽപ്പിക്കുമെന്നു കാണിച്ചുകൊടുക്കയും
സൈന്യത്തിന്റെ മുൻനിരയിൽ സ്ലീവാ സ്ഥാപിച്ച രാജാവിനു
വിജയം നൽകുകയും ചെയ്ത മ്ശിഹായെ... ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ
(മാർ സ്ലീവായുടെ പുകഴ്ച - കാറോസൂസാ, ലെലിയാ)

Estd. 1928    Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

sjopresschry@gmail.com    www.archdiocesechanganacherry.org